# താമരമൊട്ടുകൾ

വാല്യം 24 | ആഗസ്റ്റ് 2022 | ലക്കം 08 | Price ₹20




താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 23 താമരമൊട്ടുകൾ ആഗസ്റ്റ് 2022 ലക്കം 08

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)




**"ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ"**
(Pope Leo XIII)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 557 |
| 2. | പ്രോഗ്രാം ആഗസ്റ്റ് 2022 | 559 |
| 3. | തടവറപ്രേഷിത ഞായർ സർക്കുലർ | 560 |
| 4. | ജസ്റ്റീസ് സൺഡേ സർക്കുലർ | 564 |
| 5. | സർക്കുലർ 15/2022 | 571 |
| 6. | കച്ചേരിക്കാര്യം | 572 |
| 7. | വൈദിക സമിതി റിപ്പോർട്ട് | 576 |
| 8. | വിശ്വാസപരിശീലനം | 579 |
| 9. | ചെറുപുഷ്പ മിഷൻലീഗ് | 582 |
| 10. | തിരുബാലസഖ്യം | 587 |
| 11. | ലിറ്റർജി കമ്മീഷൻ | 588 |
| 12. | സ്റ്റാർട്ട് | 589 |
| 13. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 590 |
| 14. | അൽഫോൻസ കോളേജ് | 591 |
| 15. | വിദ്യാഭ്യാസരംഗം | 595 |
| 16. | ആൽഫ മരിയ അക്കാദമി | 596 |
| 17. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 597 |
| 18. | കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ | 598 |
| 19. | കെസിവൈഎം - എസ്എംവൈഎം | 599 |
| 20. | ജീസസ്സ് യൂത്ത് | 604 |
| 21. | കരിസ്മാറ്റിക് മൂവ്മെന്റ് | 605 |
| 22. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 607 |
| 23. | ബഥാനിയ ധ്യാനകേന്ദ്രം | 608 |
| 24. | വികസനവേദി | 610 |
| 25. | യേശുനിധി | 614 |
| 26. | അജപാലനക്കുറിപ്പുകൾ | 615 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Kalarickal Joseph | August | 1 |
| Panackal Varghees | | 3 |
| Chilambikunnel Thomas | | 4 |
| Kochumuriyil Thomas | | 5 |
| Karukamalil Vincent | | 9 |
| Kuzhivelil Dominic | | 15 |
| Plakkoottathil Jacob | | 15 |
| Paimpillil George | | 15 |
| Karakunnel Jacob | | 16 |
| Kandassamkunnel Mathew | | 17 |
| Karackal Sebastian | | 18 |
| Mazhuvanchery Abraham | | 21 |
| Oravumkara John | | 22 |
| Mundanattu George | | 22 |
| Edakkattil Joseph | | 25 |
| Kallikatt Francis | | 25 |
| Pamplaniyil Joseph | | 26 |
| Peruvelil Mathew | | 27 |
| Kappalumackal Jacob | | 29 |
| Kannampally Thomas | | 30 |
| Ezhanikatt Joseph | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Kuzhivelil Dominic | August | 8 |
| Muttathukudiyil Dominic | | 8 |
| Thoomkuzhy Dominic | | 8 |
| Nelliyany Pius MSFS | | 21 |
| Alumkal Augustine | | 28 |
| Kizhukkarakatt Augustine | | 28 |
| Kizhukarakatt Sudeep | | 28 |
| Kizhukarakatt Danties | | 28 |
| Machukuzhiyil Augustine | | 28 |
| Pannikkottu Augustine | | 28 |
| Pattaniyil Augustine | | 28 |
| Palathumthalackal Augustine | | 28 |
| Thuravackal Augustine | | 28 |
| Vamattathil Augustine | | 28 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ആഗസ്റ്റ് 2022

| | | |
|---|---|---|
| 01 | തിങ്കൾ | **പതിനഞ്ച് നോമ്പാരംഭം** |
| 02 | ചൊവ്വ | ചരമദിനം: ഫാ. ജോസഫ് മണിയങ്ങാട്ട് |
| 04 | വ്യാഴം | **വി. ജോൺ മരിയ വിയാനി, വൈദികദിനം** |
| 06 | ശനി | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| 09 | ചൊവ്വ | ചരമദിനം: ഫാ. ജോസഫ് അറക്കപ്പറമ്പിൽ |
| 11 | വ്യാഴം | വി. ക്ലാര |
| 14 | ഞായർ | വി. മാക്സ്മില്ല്യൻ കോൾബെ |
| 15 | തിങ്കൾ | **മാതാവിന്റെ സ്വർഗ്ഗാരോപണം, സ്വാതന്ത്ര്യദിനം** |
| 17 | ബുധൻ | ചരമദിനം: ഫാ. ചാണ്ടി കുരിശുംമൂട്ടിൽ |
| 19 | വെള്ളി | ചരമദിനം: ഫാ. അലക്സ് മണക്കാട്ടുമറ്റം |
| 21 | ഞായർ | **വി. പത്താംപീയൂസ് മാർപ്പാപ്പ** |
| 22 | തിങ്കൾ | ചരമദിനം: ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം |
| 24 | ബുധൻ | **വി. ബർത്തലോമിയോ** |
| 25 | വ്യാഴം | ചരമദിനം: ഫാ. ജോസഫ് കോഴിക്കോട്ട് |
| 28 | ഞായർ | **വി. അഗസ്റ്റിൻ** |
| 29 | തിങ്കൾ | **വി. എവുപ്രാസ്യ** |

# തടവറ പ്രേഷിത ഞായർ
# ആഗസ്റ്റ് 14, 2022

## സമഗ്ര മാനുഷിക വികാസവും തടവുകാരുടെ

ചര്യത്തിൽ അവരെ നയിക്കാൻ അവർക്ക് ആരെങ്കിലും ഉണ്ടാകണം. ഇസ്രായേൽക്കാരെ നയിക്കാനും നിയന്ത്രിക്കാനും മോശ ഭരമേല്പിക്കപ്പെട്ടിരുന്നതുപോലെ ദൈവിക കരുണയുടെയും കൃപയുടെയും പാതയിൽ ഇവരെ അനുധാവനം ചെയ്യാനായി നാമും ക്ഷണിക്കപ്പെട്ടിരിക്കുന്നു.

വിശുദ്ധ കൊച്ചുത്രേസ്യ മൂന്നുപേരെ വധിച്ചിരുന്ന ഫ്രാൻസീനി എന്ന കൊലയാളിയെ "എന്റെ ആദ്യപുത്രൻ" എന്നാണ് വിളിച്ചത്; അഴികൾക്കു പിറകിലുള്ള തകർന്നവർ ദൈവം നമുക്കു ദാനമായി നല്കിയ ദൈവത്തിന്റെ പ്രിയ മക്കളാണ്. യേശു ഇപ്രകാരം പറഞ്ഞു: "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേചിച്ചിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19). ദൈവത്തിന്റെ പ്രിയപ്പെട്ട ഏകപുത്രൻ തടവറയിലാക്കപ്പെട്ടു; അവൻ പീഡിപ്പിക്കപ്പെട്ടു; അവൻ കുരിശിൽ തറക്കപ്പെട്ടു. അവന്റെ വേദനയും തകർച്ചയും ദൈവത്തിന്റെ സ്നേഹവും കരുണയും പ്രകാശിതമാക്കുകയും നമുക്കു രക്ഷ പ്രദാനം ചെയ്യുകയും ചെയ്തു. തടവറ വാതിലുകളിലൂടെ നാം കുനിഞ്ഞിറങ്ങുമ്പോൾ തടവറയിലായിരിക്കുന്നവരുടെ തകർച്ചയിലേക്കു, അവരുടെ മുറിവേറ്റ ഭാവത്തിലേക്കു നമ്മൾ തുറവി ഉള്ളവരായി മാറുന്നു. അവിടെ നമ്മൾ നമ്മുടെ സജീവ ദൈവത്തെയാണ് കണ്ടുമുട്ടുന്നത്.

നഷ്ടപ്പെട്ടവരും തിരസ്ക്കരിക്കപ്പെട്ടവരുമായവർ ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളാണ്; അവിടന്നു അവരെ തന്നോട് ചേർത്തുനിർത്തുന്നു. സമൂഹം നിരാകരിച്ച കുഷ്ഠരോഗികളും ചുങ്കക്കാരും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയും തന്റെ ചാരെ കുരിശിൽ തറയ്ക്കപ്പെട്ട കള്ളനും ഇതിൽപ്പെടുന്നു. തടവറയിൽ കഴിയുന്നവരെ വിജയകരമായി സാധാരണ ജീവിതത്തിലേക്കു പുനഃപ്രവേശിപ്പിക്കാൻ അവർക്കുവേണ്ടി വ്യത്യസ്തങ്ങളായ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. സാമൂഹ്യമായ തിരസ്ക്കരണമാണ് വീണ്ടും പഴയ തെറ്റിലേക്ക് വഴുതിവീഴാൻ പലപ്പോഴും കാരണമായി ഭവിക്കുന്നത്.

## ഭാരതത്തിലെ തടവറ ശുശ്രൂഷയും, പുനരധിവാസകേന്ദ്രങ്ങളും

അപൂർണമായ ഗതകാലചരിത്രം ഉണ്ടായിരുന്നവരെ യേശു ഒരിക്കലും നിരാകരിച്ചില്ല. തന്റെ അനന്ത കരുണ അവർക്ക് പ്രത്യാശാഭരിതമായ ഒരു ഭാവി നല്കുമെന്ന് യേശുവിന് അറിയാമായിരുന്നു. ഒരുവന് അത് കരഗതമാകുന്നത് സ്നേഹത്തിലൂടെയും അനുകമ്പയിലൂടെയും കരുണയിലൂടെയുമാണ്. അപ്രകാരം നാമും ചെയ്യണമെന്ന് അവിടന്നു നമ്മോട് ആഹ്വാനം ചെയ്യുന്നു. ഇന്ത്യയിലെ തടവറ ശുശ്രൂഷയിലെ (Prison Ministry, India- [PMI]) വോളണ്ടിയർമാർ അത് നിവർത്തിയാക്കുന്നത് തങ്ങളുടെ സമയവും ശക്തിയും ജീവിതവും കുറ്റവാളികൾ എന്നു സമൂഹം മുദ്രചാർത്തിയവർക്കു നല്ലൊരു നാളെ പ്രധാനം ചെയ്യാനായി സ്വയം സമർപ്പിച്ചുകൊണ്ടാണ്.

വിധികല്പിക്കാനായി നിയമം അവരുടെ ഭൂതകാലത്തെ വിലയിരുത്തുമ്പോൾ നമ്മൾ അവരുടെ ഭാവികാലത്തെ കരുണാപൂർവ്വം നോക്കിക്കാണുന്നു. നിയമം വഴിതെറ്റിപ്പോയവർക്കെതിരേ വിധി പറയുമ്പോൾ നമ്മൾ, അവരെ നമ്മുടെ സ്വർഗീയ പിതാവിന്റെ സംരക്ഷണത്തിനായി സമർപ്പിക്കുന്നു. നിയമം അവരെ താഴ്ത്തി നിറുത്തുമ്പോൾ നമ്മൾ അവരുടെ മഹത്വം ഉയർത്തിപ്പിടിക്കാൻ പരിശ്രമിക്കുന്നു. ലോകം നീതിക്കായി പോരാടുമ്പോൾ നമ്മൾ പുനഃസ്ഥാപിക്കപ്പെടേണ്ട നീതിക്കായി (restorative justice) മുറവിളികൂട്ടുന്നു. ലോകം ശിക്ഷയ്ക്കായി ശബ്ദമുയർത്തുമ്പോൾ നമ്മൾ മാപ്പിനായി യാചിക്കുന്നു. നിയമം കൊല്ലാൻ ഇഷ്ടപ്പെടുമ്പോൾ നമ്മൾ രക്ഷിക്കാൻ താത്പര്യപ്പെടുന്നു. ലോകം ഒരു കുറ്റവാളിയുടെ പുസ്തകം അടയ്ക്കുമ്പോൾ നമ്മൾ, 'അവനും മോചിക്കപ്പെടാൻ സാധിക്കാത്തവനല്ല' എന്നു പറഞ്ഞുകൊണ്ട് പുതിയൊരു അധ്യായം ആരംഭിക്കുന്നു.

നമ്മുടെ ഈ കാലഘട്ടത്തിൽ പുനരധിവാസവും ഉദ്ഗ്രഥനവും വഴിയായി ജീസസ്സ് ഫ്രറ്റേണിറ്റിയിലെ തടവറ പ്രേഷിതർ അഴികൾക്ക് പിന്നിലുള്ളവരെ ജീസസ്സ് ഫ്രറ്റേണിറ്റിയുടെ പുനരധിവാസ കേന്ദ്രങ്ങളിലേക്കു നയിച്ചുകൊണ്ട് ഈ തകർന്ന മനുഷ്യർക്ക് പ്രതീക്ഷയുടെ തേനും പാലും ഒഴുകുന്ന ഒരു വാഗ്ദത്തനാട് കണ്ടെത്താൻ സഹായിക്കുന്നു. അതുവഴി ഒരു നവചൈതന്യം അവരിൽ ഉണർത്താൻ നമുക്കു സാധിക്കുന്നു. ഈ പുനരധിവാസ കേന്ദ്രങ്ങളിൽ അവരുടെ പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും ചിറകു മുളയ്ക്കുന്നു; തടവറ പ്രേഷിതർ അവർക്കു ക്രിസ്തുവിന്റെ സ്നേഹം പകർന്നു നല്കിക്കൊണ്ട് അവരെ സമൂഹവുമായി ഒന്നിപ്പിക്കാൻ ശ്രമിക്കുന്നു.

1991 ഒക്ടോബർ 1-ാംതീയതിയാണ് ആദ്യ പുനരധിവാസകേന്ദ്രം, "സ്നേഹാശ്രമം" എന്ന പേരിൽ തൃശ്ശൂർ ജില്ലയിൽ വെട്ടുകാട് എന്ന സ്ഥലത്ത് പ്രവർത്തനമാരംഭിച്ചത്. ഇന്ന് ഭാരതത്തിൽ ഇപ്രകാരമുള്ള 20 പുനരധിവാസകേന്ദ്രങ്ങളുണ്ട്. ഓരോ പുനരധിവാസകേന്ദ്രവും അവിടെ താമസിക്കുന്ന അന്തേവാസികൾക്ക് പറുദീസാ വീണ്ടും ലഭിച്ചതുപോലെയുള്ള അനുഭവമാണ് പ്രദാനം ചെയ്യുന്നത്. നിരാശയിലായിരുന്നവർക്ക് സ്നേഹാശ്രമം ഒരു പ്രത്യാശാ ഗോപുരവും, നിസ്സഹായർക്ക് ഒരു സഹായകേന്ദ്രവും, ജയിലിൽ വെറുക്കപ്പെട്ടവരായിരുന്നവർക്ക് ആശ്വാസത്തിന്റെ സ്നേഹതീരവും ആണ്.

### ഒരമ്മയുടെ സാക്ഷ്യം

ഭർത്താവിൽ നിന്നുള്ള പ്രഹരത്തിൽ നിന്ന് രക്ഷപ്പെടാനായി പരിശ്രമിക്കവേ ഭർത്താവ് കൊല്ലപ്പെട്ട കേസിൽ ഒരു ഭാര്യ രണ്ടു വയസ്സുള്ള തന്റെ കുഞ്ഞിനോടൊപ്പം ബാംഗ്ലൂർ സെൻട്രൽ ജയിലിലേക്ക് അയയ്ക്കപ്പെട്ടു. ആറാമത്തെ വയസ്സിൽ ഈ കുഞ്ഞിനെ തടവുകാരുടെ മക്കൾക്കായി നടത്തപ്പെടുന്ന ബാംഗ്ലൂരിലെ കർമ്മലരാമിലെ പുനരധിവാസ കേന്ദ്രത്തിലേക്കു മാറ്റി. ഒരിക്കൽ നിറകണ്ണുകളോടെ ഈ അമ്മ ഇപ്രകാരം പറഞ്ഞു: "ഞങ്ങളുടെകൂടെ ആയിരുന്നു ഈ കുഞ്ഞ് വളർന്നിരുന്നതെങ്കിൽ ഇപ്പോഴത്തെപ്പോലെ ചുറുചുറുക്കും ബുദ്ധിയുമുള്ള ഒരു കുട്ടിയായി അവൻ തീരുമായിരുന്നില്ല. നിങ്ങളുടെ സംരക്ഷണയിലായിരുന്നതുകൊണ്ടാണ് അവൻ ഇന്ന് ഇത്രയും മിടുക്കനായിരിക്കുന്നത്."

### ഉപസംഹാരം

തടവറയിലെ ഈ തകർക്കപ്പെട്ട സഹോദരങ്ങളെ പുനഃരധിവസിപ്പിക്കുന്നതിനും അവരെ സമൂഹവുമായി പുനർയോജിപ്പിക്കുന്നതിനുമായി തടവറ പ്രേഷിത പ്രവർത്തനങ്ങളിൽ ജീസസ്സ് ഫ്രറ്റേണിറ്റിയോടുചേർന്ന് നമുക്കും പ്രവർത്തിക്കാം. ഓരോ രൂപതയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജീസസ്സ് ഫ്രറ്റേണിറ്റി യൂണിറ്റുകളിൽ നമുക്കും അംഗങ്ങളാകാം. തടവറയിലായിരിക്കുന്ന സഹോദരങ്ങളെ നമുക്ക് സ്നേഹിക്കാം; അവർക്കുവേണ്ടി പ്രാർഥിക്കാം; സമഗ്രമായ അവരുടെ വികാസത്തിനുവേണ്ടി പ്രവർത്തിക്കാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. തടവറ മക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം അവരുടെ ഇരകളുടെ കുടുംബങ്ങൾക്കുവേണ്ടിയും പ്രത്യേകമായി നമുക്കു പ്രാർഥിക്കാം.

ഈ ശുശ്രൂഷയ്ക്കായി ഉദാരമായി സംഭാവന ചെയ്യുന്ന എല്ലാ രൂപതകൾക്കും മേജർ സുപ്പീരിയർമാർക്കും, അഭ്യുദയകാംക്ഷികൾക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിയോടുചേർന്ന് ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നു. ഈ വർഷവും നിങ്ങളുടെ ത്യാഗോജ്ജ്വലമായ സംഭാവനകൾ നല്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

തടവുകാരുടെ പരിവർത്തനത്തിനും ഉദ്ഗ്രഥനത്തിനുമായി പ്രതിജ്ഞാബദ്ധരായിരിക്കുന്ന തടവറ പ്രേഷിതരുടെ പ്രവർത്തനങ്ങളെ ഞങ്ങൾ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. എല്ലാവർക്കും അറിയാവുന്നതുപോലെ ഏറെ വെല്ലുവിളി നിറഞ്ഞ ഒരു പ്രവൃത്തിയാണല്ലോ ഇത്. തടവറയിലുള്ള നമ്മുടെ സഹോദരങ്ങളുടെ സമ്പൂർണ വിമോചനത്തിനായി നാം നമ്മെത്തന്നെ പുനഃസമർപ്പിക്കുമ്പോൾ ജീസസ്സ് ഫ്രറ്റേണിറ്റിയുടെ സംരക്ഷകനായ വിശുദ്ധ മാക്സ്മില്യൻ കോൾബെ നമ്മുടെ ശുശ്രൂഷ ഫലപ്രദമാകാൻവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ; നമ്മുടെ മാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ സംരക്ഷണവും നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ. നഷ്ടപ്പെട്ടതിനെ അന്വേഷിച്ചുവന്ന യേശുക്രിസ്തു നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് ആൽവിൻ ഡി സിൽവ**
ചെയർ പേഴ്സൺ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ

**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

---

N:B: 2022 ആഗസ്റ്റ് 14-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2022 ആഗസ്റ്റ് 21 ഞായർ

## കെസിബിസി SC/ST/BC Commission പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ മാതൃരാജ്യമായ ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 75 വർഷം തികയുകയാണല്ലോ. ഇന്നും ഭാരതത്തിന്റെ മക്കൾ അസ്വാതന്ത്ര്യത്തിലും അസ്സമാധാനത്തിലും ദാരിദ്ര്യത്തിലും കഴിയുന്നത് എങ്ങും കാണുന്ന ഒരു യാഥാർത്ഥ്യമാണ്. അതിൽ ഏറ്റവും അധികം അസ്വാതന്ത്ര്യവും അനീതിയും അവഗണനയും വിവേചനവും അനുഭവിക്കുന്ന ജനവിഭാഗമാണ് ഭാരതത്തിലെ ക്രൈസ്തവ ജനസംഖ്യയിൽ ഭൂരിപക്ഷം (150 ലക്ഷം) വരുന്ന ദളിത് ക്രൈസ്തവർ. സുവിശേഷവെളിച്ചം സ്വീകരിച്ചുകൊണ്ട് പട്ടികജാതിയിൽനിന്നു ക്രിസ്തുമതവിശ്വാസം സ്വീകരിച്ച് ക്രൈസ്തവരായിത്തീർന്ന അനേക ലക്ഷം ആളുകൾ (150 ലക്ഷം) ഭാരതത്തിൽ അങ്ങോളമിങ്ങോളം നിവസിക്കുന്നുണ്ടെന്ന കാര്യം ഏവർക്കും അറിവുള്ളതാണല്ലോ. അവരുടെ സാമ്പത്തികവും സാംസ്കാരികവും സാമൂഹികവുമായ ക്ലേശങ്ങളെയും വിവിധ മണ്ഡലങ്ങളിൽ അവരനുഭവിക്കുന്ന അവഗണനയേയുംപറ്റി ഭാരത കത്തോലിക്കാനേതൃത്വത്തിനു പൂർണ്ണ ബോധ്യമുണ്ട്. ഈ സാഹചര്യത്തിൽ, ഈ വിഭാഗത്തിൽപ്പെട്ട ആളുകളോടും അവരെപ്പോലെതന്നെ വിവിധ തരത്തിൽ ക്ലേശമനുഭവിക്കുന്ന മറ്റുള്ളവരോടുമുള്ള ഭാരത കത്തോലിക്കാസഭയ്ക്കുള്ള താത്പര്യവും സ്നേഹവും സഹാനുഭൂതിയും ഐക്യദാർഢ്യവും പ്രകടിപ്പിക്കുന്നതിന് ആഗസ്റ്റ് 15 നു ശേഷം വരുന്ന ഞായറാഴ്ച (Justice Sunday) ആചരിക്കാൻ 1986 ൽ ഗോവയിൽ കൂടിയ CBCI സമ്മേളനം തീരുമാനിക്കുകയുണ്ടായി. ഇപ്രകാരം ഈ ദിനം ആചരിക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം ജാതിവ്യവസ്ഥിതിയും വിവിധ ആചാരങ്ങളും നിമിത്തം സമൂഹത്തിൽ നിലവിലിരിക്കുന്ന വിവിധ പ്രശ്നങ്ങളെപ്പറ്റി നാമോരോരുത്തരും ബോധവാന്മാരാകുകയെന്നതാണ്. അതോടൊപ്പം ക്രൈസ്തവവിശ്വാസം സ്വീകരിച്ചു എന്ന ഏക കാരണത്താൽ ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ട് അവഗണന അനുഭവിക്കേണ്ടിവന്നവരുടെ ഉന്നമനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും പ്രശ്ന പരിഹാരാർത്ഥം വിവിധ കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും ഗവൺമെന്റ് തലത്തിൽ സമ്മർദ്ദം ചെലു

ത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. CBCI ആഹ്വാനപ്രകാരം ഈ വർഷം ആഗസ്റ്റ് 21 Justice Sunday ആയി ഭാരതത്തിൽ ആചരിക്കുകയാണ്. നീതിക്കു വേണ്ടി പ്രത്യേകമായി നീക്കിവെച്ചിരിക്കുന്ന ഞായറാഴ്ച രണ്ടു കാര്യങ്ങളാണ് നമ്മുടെ ശ്രദ്ധയ്ക്ക് വിഷയീഭവിച്ചിരിക്കുന്നത്. പട്ടികജാതിയിൽനിന്ന് ക്രിസ്തുമതവിശ്വാസം സ്വീകരിച്ച ദളിത് ക്രൈസ്തവരോടു സഭ എത്രമാത്രം സ്നേഹത്തോടും താത്പര്യത്തോടുംകൂടിയാണ് പെരുമാറേണ്ടത് എന്നതാണ് ആദ്യത്തെ കാര്യം. രണ്ടാമത്, ഭരണഘടനാപരമായ അവകാശങ്ങൾ ദളിത് ക്രൈസ്തവർക്കു ലഭിക്കേണ്ടതിനു സംസ്ഥാന-കേന്ദ്ര ഗവൺമെന്റ് തലങ്ങളിൽ സഭ സമ്മർദ്ദം ചെലുത്തുക എന്നുള്ളതാണ്.

സമൂഹത്തിലെ താഴ്ന്ന ജാതിയിൽനിന്ന് ക്രിസ്തീയവിശ്വാസം സ്വീകരിച്ച് സഭയിലേക്കു വന്നവരാണെങ്കിലും സാമൂഹിക സാംസ്കരിക സാമ്പത്തിക വിദ്യഭ്യാസ രംഗങ്ങളിലെല്ലാം ദളിത് ക്രൈസ്തവർ പിന്നിലാണ്. ഇവരും നമ്മുടെ സഹോദങ്ങളാണെന്നു പരിഗണിച്ച് മുൻവിധികളില്ലാതെ സഭാംഗങ്ങളായ ദളിത് ക്രൈസ്തവരുടെ സമഗ്രമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കാൻ നമുക്കേവർക്കും കടമയുണ്ട്. നമ്മുടെ കർത്താവ് അരുൾചെയ്തു: "നിങ്ങളെല്ലാവരും സഹോദരന്മാരാണ്" (മത്തായി 23/8) "നിങ്ങൾക്കൊരു പിതാവേയുള്ളൂ സ്വർഗ്ഗസ്ഥനായ പിതാവ്" (മത്തായി 23/9), "എന്റെ ഏറ്റവും ചെറിയ സഹോദരരിൽ ഒരാൾക്കു നിങ്ങൾ ചെയ്തിട്ടുള്ളതെല്ലാം എനിക്കുതന്നെയാണ് ചെയ്തത്" (മത്തായി 25/40). സഭയ്ക്കുള്ളിൽ താത്ത്വികമായി ജാതിതിരിവും വിവേചനവും ഇല്ലായെങ്കിലും സഭാസമൂഹത്തിൽ ഇപ്പോഴും പ്രായോഗികജീവിതത്തിൽ വിവേചനാപരമായ നിലപാടുകൾ വച്ചുപുലർത്തുന്നതായിക്കാണുന്നു. നമ്മുടെ മനോഭാവങ്ങളിൽ മാറ്റങ്ങളുണ്ടാവണം. സത്യവും നീതിയും സാഹോദര്യവും സ്വാതന്ത്ര്യവും നമ്മുടെ അനുദിനജീവിതത്തിലും പ്രവർത്തനങ്ങളിലും പാലിക്കണം. സഭയ്ക്കുള്ളിൽ ജാതി-വർണ്ണ, വ്യത്യാസങ്ങൾ ഒന്നുമില്ല. അതേസമയം പരമ്പരാഗതമായി ചിലയിടങ്ങളിൽ ജാതിയുടെ പേരിൽ ചില ചേരിതിരിവുകൾ നിലനിൽക്കുന്നുണ്ട്. അവയെല്ലാം മാറ്റി ഈ സാധുജനവിഭാഗത്തെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരാനുള്ള ശ്രമത്തിലാണ് നാമിപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ പുരോഗതി പ്രാപിച്ചാൽ മാത്രമേ ഇതു സാധ്യമാകൂ എന്നത് തർക്കമറ്റ സംഗതിയാണ്.

സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ രംഗങ്ങളിലെല്ലാം അത്യുന്നതി നേടിയിട്ടുള്ള എല്ലാ ക്രൈസ്തവരും തങ്ങളുടെ ഇടയിലുള്ള ഈ എളിയ സഹോദരങ്ങളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

സഭയുടെ എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും അവരെ ഉൾപ്പെടുത്താൻ

ശ്രമിക്കണം. തങ്ങൾ അവഗണിക്കപ്പെടുന്നു എന്ന ചിന്താഗതി അവർക്കുണ്ടാകാൻ ഇട നൽകരുത്. പുരോഗതിയിലേക്കുള്ള അവരുടെ പ്രയാണത്തിൽ എല്ലാ വിധത്തിലും അവരെ സഹായിക്കാൻ സഭാംഗങ്ങൾ തയ്യാറാകണം. അവരുടെ ഇടയിൽനിന്ന് വൈദിക - സന്ന്യാസാന്തസ്സുകളിലേക്കു ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതോടൊപ്പം അല്മായ പ്രേക്ഷിതത്വത്തിനുള്ള താത്പര്യം വളർത്തുകയും വേണം.

വിവിധ രംഗങ്ങളിൽ പിന്നാക്കം നിൽക്കുന്ന നമ്മുടെ ഈ സഹോദരങ്ങൾ മറ്റുള്ളവരോടുചേർന്ന്, ഒന്നിച്ചു സഹകരിച്ചു നീങ്ങിക്കൊണ്ട് സ്വന്തം ഉയർച്ചയ്ക്കുവേണ്ടി പരിശ്രമിക്കേണ്ടത് ആവശ്യമാണ്.

ഐക്യദാർഢ്യദിനത്തിൽ പൊതുയോഗങ്ങൾ, ചർച്ചാക്ലാസുകൾ തുടങ്ങിയവ വഴി ഈ പ്രശ്നം എല്ലാവരുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ 72 വർഷങ്ങളായി ദളിത് ക്രൈസ്തവരോടുള്ള ഈ അവഗണയുടെ കാര്യം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളെ ബോധ്യപ്പെടുത്തുവാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരുന്നുവെങ്കിലും സഭാനേതൃത്വവും അല്മായ നേതൃത്വവും ഒത്തൊരുമിച്ചു നടത്തിയ പരിശ്രമങ്ങൾ ഭാഗികമായേ വിജയിച്ചുള്ളൂ. പട്ടികജാതിയിൽനിന്നു ക്രിസ്തുമതവിശ്വാസം സ്വീകരിച്ച ദളിത് ക്രൈസ്തവർക്ക് ഭരണഘടനാപരമായ അവകാശങ്ങൾ ലഭിക്കുന്നതിന് 2004 ൽ സുപ്രീം കോടതിയിൽ കേസ് കൊടുത്തുവെങ്കിലും 18 വർഷമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിസ്സഹരണംമൂലം ഒരു തീരുമാനം ഉണ്ടായിട്ടില്ല. നീതിക്കുവേണ്ടിയുള്ള ധർമസമരം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ജാതി-വർഗ-വർണ വ്യത്യാസം കൂടാതെ എല്ലാ പൗരന്മാർക്കും നീതി, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവ ഭരണഘടന ഉറപ്പു നൽകിയിരുന്നു. എങ്കിലും 72 വർഷമായിട്ടും പട്ടികജാതിയിൽനിന്നു ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്ത ദളിത് ക്രൈസ്തവരോടു നീതി പാലിക്കുവാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് ഇതുവരെയും തയ്യാറായിട്ടില്ല. കടുത്ത വിവേചനത്തിന്റെ നയമാണ് ഗവൺമെന്റ് അവരോടു സ്വീകരിച്ചു വന്നിട്ടുള്ളത്. ഇന്ത്യൻ പ്രസിഡന്റ് 1950 ൽ പ്രസിദ്ധപ്പെടുത്തിയ കോൺസ്റ്റിറ്റ്യൂഷൻ ഓർഡറാണ് ഈ വിവേചനത്തിനെല്ലാം അടിസ്ഥാനം. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ മുമ്പിൽ ഇക്കാര്യം സംബന്ധിച്ച് ഒട്ടേറെ നിവേദനങ്ങൾ സമർപ്പിക്കുകയും സമരങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഇവയെല്ലാം കേവലം വനരോദമായിത്തീരുകയാണ് ചെയ്തിട്ടുള്ളത്. സംസ്ഥാന നിയമസഭകളിലേക്കും കേന്ദ്ര-പാർലമെന്റുകളിലേക്കുമുള്ള തിരഞ്ഞെടുപ്പുകളിൽ പട്ടികജാതിക്കാർക്ക് പ്രത്യേക പ്രാധാന്യം നൽകണമെന്നത് മാത്രമാണ് പ്രസ്തുത

ഓർഡർകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് തദവസരത്തിൽ ഗവൺമെന്റ് വ്യക്തമായിരുന്നുവെങ്കിലും പിന്നീട് ആ വിധത്തിൽ പ്രവർത്തിക്കുവാൻ കൂട്ടാക്കിയില്ല.

ക്രിസ്തുവിന്റെ മൗതികശരീരമായ സഭയിലെ അംഗങ്ങൾ എല്ലാവരും ഒരേ പിതാവിന്റെ മക്കളാണ്. സഭാസമൂഹത്തിലെ വ്യത്യാസങ്ങളും ഉച്ചനീചത്വങ്ങളും അവഗണനയും വിവേചനവും മാറ്റിയെടുക്കുവാൻ നാമൊരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

പരിശുദ്ധ പിതാവിന്റെ ആഹ്വാനപ്രകാരം സിനഡാത്മക സഭ രൂപീകരിക്കുന്നതിനുവേണ്ടി സഭാനവീകരണവർഷമായി 2022 കേരളസഭ ആചരിക്കുകയാണല്ലോ. ക്രിസ്തുവിന്റെ സുവിശേഷം സ്വീകരിച്ചവരാണ് നാമേവരും. ഒരേ മാമ്മോദീസായും ഒരേ വിശ്വാസവും സ്വീകരിച്ച നാം ആദിമ ക്രൈസ്തവസമൂഹത്തേപ്പോലെ സ്നേഹത്തിലും കൂട്ടായ്മയിലുമാണ് വിശ്വാസജീവിതം പ്രാവർത്തികമാക്കുന്നത്. ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അവയവങ്ങളായ നാം ഒരേ മനസ്സോടും ഒരേ ഹൃദയത്തോടും ഒരേ ആത്മാവോടും കൂടെ പങ്കുവയ്ക്കുന്ന ജീവിതം വിശ്വാസം നമ്മിൽനിന്ന് ആവശ്യപ്പെടുന്നു. അങ്ങനെ വിശ്വാസജീവിതത്തിൽ വളർന്ന് ആദിമക്രൈസ്തവസമൂഹത്തെപ്പോലെ ക്രിസ്തു നാഥനു സാക്ഷ്യം  വഹിക്കുന്ന ക്രൈസ്തവസമൂഹമായി നമ്മൾ രൂപാന്തരപ്പെടണം. ഇത്തരത്തിൽ നീതിക്കുവേണ്ടി ദളിത് ക്രൈസ്തവർ നടത്തുന്ന എല്ലാ ധർമസമരങ്ങളിലും പങ്കുചേരുകയെന്നത് ഓരോ ക്രൈസ്തവന്റെയും കടമയാണ്. ഇവരുടെ ക്ഷേമത്തിനായി വിവിധ തലങ്ങളിലായി നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കണമെന്നും ദളിത് ക്രൈസ്തവസഹോദരങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കഴിവതും സാമ്പത്തികസഹായവും സംരക്ഷണവും നൽകി വേദനിക്കുന്ന ഈ സഹോദരങ്ങളെ സഹായിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ദളിത് ക്രൈസ്തവസഹോദരങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങൾ സ്വീകരിച്ച ക്രിസ്തീയവിശ്വാസത്തിൽ അടിയുറച്ചു നില്ക്കുവാനും ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളോടും ഒന്നുചേർന്ന് ആദ്ധ്യാത്മികമായും ഭൗതികമായും വളരാനും സ്വയം അഭിവൃദ്ധിപ്പെടാനും പരിശ്രമിക്കേണ്ടതാണ്.

ഗവൺമെന്റിന്റെ ദളിത് ക്രൈസ്തവരോടുള്ള അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ദളിത് ക്രൈസ്തവസഭാസമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്വത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരേ പ്രതികരിക്കുവാൻ ആഗസ്റ്റ് 10 വഞ്ചനാദിനമായും 'ആഗസ്റ്റ് 21 ജസ്റ്റീസ് സൺഡേ' (ഐക്യ

ദാർഢ്യ ദിനമായും) ആചരിക്കാം. നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി നമുക്കാശിക്കാം.

കേരള കത്തോലിക്കാസഭയുടെ ദളിത് ശാക്തീകരണപ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് ദളിത് കത്തോലിക്കാ മഹാജനസഭ വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായസഹകരണങ്ങൾ ആവശ്യമാണ്. കഴിഞ്ഞ അധ്യയനവർഷം (2021–2022) എസ്.എസ്.എൽ.സി., (80%), പ്ലസ്ടു (70%), ഡിഗ്രി/പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്തവിജയം കൈവരിച്ചവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതാണ്. കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ദളിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള ടാലന്റ് & സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം (TSDTP), കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം, (സിംഫണി ആർട്സ്) എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി ക്ലാസ് കഴിഞ്ഞവർക്കുള്ള പി.എസ്.സി. കോച്ചിംഗ്, എസ്.എസ്.എൽ.സി കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിങ് ക്ലാസുകൾ എന്നിവ ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. ദളിത് കത്തോലിക്കാ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് നടത്താറുള്ള സംഭാവന ഇടവകകളിൽനിന്നും ശേഖരിച്ച് രൂപതാകേന്ദ്രങ്ങൾവഴി കെ.സി.ബി.സി, എസ്.സി./എസ്.റ്റി/ബി.സി കമ്മീഷൻ പേർക്ക് അയച്ചുതരേണ്ടതാണ്. ജസ്റ്റിസ് സൺഡേ ദിനത്തിൽ ഇടവക തലത്തിൽ വിവിധ സംഘടനാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാ ക്ലാസുകളും സമ്മേളനവും നടത്തി ജസ്റ്റിസ് സൺഡേ ആചരണം അർത്ഥവത്താക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**

ചെയർമാൻ KCBC/SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**

വൈസ് ചെയർമാൻ KCBC/SC/ST/BC കമ്മീഷൻ

**ബിഷപ് യൂഹാനോൽ മാർ തിയഡോഷ്യസ്**

വൈസ് ചെയർമാൻ KCBC/SC/ST/BC കമ്മീഷൻ

NB: 2022 ആഗസ്റ്റ് 21–ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

*സർക്കുലർ 15/2022*

# പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുപ്പ്

ബഹു. വൈദികരേ സഹോദരീ സഹോദരങ്ങളേ,

ദൈവജനമാണ് സഭ എന്ന് പ്രഖ്യാപിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ കാഴ്ചപ്പാടിന്റെ പ്രയോഗവത്ക്കരണമാണ് രൂപതകളിൽ സ്ഥാപിതമായ പാസ്റ്ററൽ കൗൺസിൽ. രൂപതാദ്ധ്യ ക്ഷനോടു ചേർന്ന് കൂട്ടുത്തര വാദിത്വത്തോടെ രൂപത യുടെ സമഗ്രമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വൈദികരുടെയും സമർപ്പി തരുടെയും അത്മായരുടെയും കൂട്ടായ്മയാണ് പാസ്റ്ററൽ കൗൺസിലിലൂടെ സാധ്യ മാകുന്നത്. ഫ്രാൻസീസ് മാർപാപ്പ സൂചിപ്പിക്കുന്നതുപോലെ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് എല്ലാവരുടെയും പങ്കാളിത്തത്തോടെ തിരുസഭ ഒരുമിച്ച് ദൈവരാജ്യത്തെ ലക്ഷ്യമാക്കി മുന്നോട്ട് നീങ്ങണം. സഭയുടെ പ്രവർത്തനങ്ങൾ കൂട്ടായ്മ, പങ്കാളി ത്തം, ദൗത്യം (Communion, Participation & Mission) എന്നിവയിലൂടെ പ്രകട മാകുന്നുവെന്ന് മാർപാപ്പ ഓർമ്മിപ്പിക്കുന്നു. എല്ലാവരെയും ശ്രവിക്കുക എല്ലാറ്റിലും ഉപരി ഒരുമയോടെ പരിശുദ്ധാത്മാവിനെ ശ്രവിക്കുക എന്നതായിരിക്കണം സഭയുടെ ശൈലിയെന്നും പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഇത്തരത്തിൽ ഒരു രൂപതയുടെ ഭരണത്തിൽ ഉണ്ടായിരിക്കേണ്ട സംവിധാന ങ്ങളിൽ ഒന്നായി സഭാനിയമം പാസ്റ്ററൽ കൗൺസിലിനെ അവതരിപ്പിക്കുന്നു. കാല ത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി രൂപതയുടെ കാഴ്ചപ്പാടുകളെയും കർമ്മപ ദ്ധതികളെയും സുവിശേഷ ചൈതന്യത്തിൽ രൂപപ്പെടുത്തുന്നതിനും പ്രായോഗിക നടപടികൾ സ്വീകരിക്കുന്നതിന് പ്രചോദിപ്പിക്കുന്നതിനുമുള്ള ഉത്തരവാദിത്വം നിർവ്വ ഹിക്കുന്നതുവഴിയായി രൂപതാ ഭരണത്തിലെ ഒരു പ്രധാനപ്പെട്ട സംവിധാനമായി പാസ്റ്ററൽ കൗൺസിൽ മാറുന്നു.

പാസ്റ്ററൽ കൗൺസിൽ ഒരു ആലോചന സംഘമാണ്. രൂപതാഭരണത്തിൽ രൂപതാദ്ധ്യക്ഷനെ സഹായിക്കുക എന്ന ദൗത്യമാണ് പാസ്റ്ററൽ കൗൺസിലിനുള്ള ത്. നമ്മുടെ രൂപതയിൽ പാസ്റ്ററൽ കൗൺസിൽ സ്തുത്യർഹമായ ദൗത്യമാണ് നിർവ്വ ഹിച്ചുകൊണ്ടിരിക്കുന്നത്. രൂപതയുടെ നാനാമുഖമായ വളർച്ച സാധ്യമാക്കുന്നതി നുവേണ്ടി പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന ഒരു ഘടകമായി പാസ്റ്ററൽ കൗൺസിൽ മാറിക്കഴിഞ്ഞു.

നമ്മുടെ രൂപതയിൽ പതിനൊന്നാം പാസ്റ്ററൽ കൗൺസി ലിന്റെ കാലാവധി പൂർത്തിയായിരിക്കുകയാണ്. അതിനാൽ പന്ത്രണ്ടാം പാസ്റ്ററൽ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കേണ്ടതാണ്. വൈദികർ,

സന്ന്യസ്തർ, അല്മായർ എന്നീ മൂന്ന് ഗണങ്ങളിലുള്ളവരുടെ പ്രതിനിധികളാണ് പാസ്റ്ററൽ കൗൺസിലിൽ അംഗങ്ങളായിട്ടുള്ളത്. വിശ്വാസ ജീവിതം, സ്വഭാവശുദ്ധി, സൗഹാർദത, പൊതുജന അംഗീകാരം, ആശയങ്ങൾ വ്യക്തമായി അവതരിപ്പിക്കാനുള്ള കഴിവ്, മറ്റുള്ളവരുടെ ആശയങ്ങൾ പക്വമനസ്ഥിതിയോടെ സ്വീകരിക്കു വാനുള്ള പ്രാവീണ്യം, വിശാല മനസ്ഥിതി, ചർച്ചകളിൽ ഫലപ്രദ മായി പങ്കെടുക്കുവാനുള്ള കഴിവ്, സഭയുടെയും സമൂഹത്തി ന്റെയും നന്മയ്ക്കായി പ്രവർത്തിക്കുവാനുള്ള, സഭയോടും സമുദായത്തോടുമുള്ള സ്നേഹം, സമുദായ ത്തിന്റെ വളർച്ചയ്ക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്യാനുള്ള സന്നദ്ധത തുടങ്ങിയ ഗുണങ്ങൾ അംഗങ്ങൾക്ക് ഉണ്ടാകേണ്ടതാണ് (പൗരസ്ത്യ കാനൻ നിയമം, c. 273 §4).

രൂപതാ പാസ്റ്ററൽ കൗൺസിലിലേക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത് ഫൊറോന കൗൺസിലാണ്. അതിനാൽ ആദ്യ നടപടിയായി എല്ലാ ഫൊറോനകളിലും ഫൊറോന കൗൺസിൽ രൂപീകരിക്കണം. ഇതിലേ ക്കായി, ഫൊറോനയിലെ ഓരോ ഇടവകയിലും നിന്ന് 4 പ്രതിനിധികളെ വീതം തെരഞ്ഞെടുക്കുകയും അവരെ ഫൊറോന കൗൺസിലിലേക്ക് അയക്കുകയും ചെയ്യണം. ഇടവകകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 4 പേരിൽ രണ്ട് പുരുഷന്മാരും രണ്ട് സ്ത്രീകളും ഉണ്ടായിരിക്കണം. ഇവരിൽ ഒരു പുരുഷനും ഒരു സ്ത്രീയും 35 വയസ്സിൽ താഴെ പ്രായ മുള്ളവരായിരിക്കണം. ഇപ്രകാരം ഇടവക കളിൽ നിന്ന് വരുന്ന പ്രതിനിധികൾ ഉൾപ്പെടുന്ന ഫൊറോന കൗൺസിൽ രൂപീകരി ക്കുന്നതിന് ബഹു. ഫൊറോന വികാരിമാരാണ് നേതൃത്വം എടുക്കേണ്ടത്.

ഓരോ ഫൊറോന കൗൺസിലും 4 പ്രതിനിധികളെ വീത മാണ് രൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കേ ണ്ടത്. ഇങ്ങനെ തെരഞ്ഞെടു ക്കുന്ന 4 പേരിൽ രണ്ട് പേർ പുരുഷ ന്മാരും രണ്ട് പേർ സ്ത്രീകളുമായിരിക്കണം. ഇവരിൽ ഒരു പുരുഷ നും ഒരു സ്ത്രീയും 35 വയസ്സിൽ താഴെ പ്രായമുള്ളവരായിരി ക്കണം. ഫൊറോന വികാരി, രൂപത പാസ്റ്ററൽ കൗൺസിലിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളുടെ പേര്, അഡ്രസ്സ്, ഫോൺ നമ്പർ, ഇ-മെ യിൽ മേൽവിലാസം എന്നിവ 2019 സെപ്റ്റംബർ 15-ാം തീയതിക്കുമുമ്പ് പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി യായ രൂപതാ ചാൻസലർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

രൂപത പാസ്റ്ററൽ കൗൺസിലിന്റെ നിയമാവലി പ്രകാരം ഓരോ ഫൊറോനയെയും പ്രതിനിധികരിക്കുന്നതിന് ഫൊറോനയിലെ വൈദികർ തെര ഞ്ഞെടുക്കുന്ന ഒരു വൈദികൻ പാസ്റ്ററൽ കൗൺസിലിന്റെ അംഗമാണ്. അതി നാൽ ബഹു. ഫൊറോന വികാരിയുടെ നേതൃത്വത്തിൽ ഓരോ ഫൊറോനയിലെയും വൈദികർ കൂടിച്ചേർന്ന് പാസ്റ്ററൽ കൗൺസിലിലേയക്ക് ഒരു വൈദിക പ്രതിനിധിയെ തിരഞ്ഞെടുക്കേണ്ടതും സെപ്റ്റംബർ 15 ന് മുമ്പ് രൂപത ചാൻസലറിനെ വിവരം അറിയിക്കേണ്ടതുമാണ്. രൂപതയുടെ വിവിധങ്ങ

ളായ ശുശ്രൂഷകളെ ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിച്ചുകൊണ്ടും രൂപതാ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥ്യം യാചിച്ചുകൊണ്ടും,

സ്നേഹപൂർവ്വം,

✠ **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

NB: പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുപ്പ് സംബന്ധിച്ച് രൂപത നിയമാവലിയിൽ കൊടുത്തിട്ടുള്ള പാസ്റ്ററൽ കൗൺസിൽ നിയമാവലി പരിശോധിക്കുക (രൂപത നിയമാവലി, pp. 144-149).

**MAR REMIGIOSE INCHANANIYIL**
**Bishop of Thamarassery**

**Order No. 463/22**

**Constitution of the Election Commission**
**for XII Presbyteral Council**

**MAR REMIGIOSE INCHANANIYIL**
**Bishop of Thamarassery**

In virtue of the norms given in the Statutes of the Eparchial Presbyteral Council Article VII, a., I hereby constitute the Election Commission with the following members to conduct the election to constitute XII Presbyteral Council.

Very Rev. Fr. George Mundanatte (Convener)
Very Rev. Fr. Jacob Areethara
Very Rev. Fr. Joseph Varghese Palakkatt

**Given this from the Bishop's Office on 25 July 2022**

✠**Remigiose Inchananiyil**
Bishop of Thamarassery

REMIGIOSE INCHANANIYIL ★ BISHOP OF THAMARASSERY ★

Bishop's House, P .B. No. 1, Thamarassery P.O., Kozhikode - 673 573, Kerala, India
Phone : +91 495 2223376, Mob : +91 9400088376
Web : www.dioceseofthamarassery.org
Email : remigiusm@hotmail.com, diocesetmy09@gmail.com

# കച്ചേരിക്കാര്യം

## 1. New appointments

Rev. Fathers:

| | | |
|---|---|---|
| George Kizhakkemuri MCBS | : | Vicar, Chathangottunada |
| Thomas Edayal MCBS | : | Relieved |
| John Kanjirathinkal OFM Cap. | : | Asst. Vicar, Perambra |
| George Kaithamattathil OFM Cap. | : | Asst. Vicar, Kundayithode |

## 2. വൈദികദിനം – ആഗസ്റ്റ് 4

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4-ാം തീയതിയാണല്ലോ. ലോകം മുഴുവനിലുമുള്ള വൈദികർക്കുവേണ്ടി, പ്രത്യേകിച്ച് അജപാലന ശുശ്രൂഷകളിൽനിന്ന് വിരമിച്ച് വിശ്രമജീവിതം നയിക്കുന്ന വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ദൈവജനത്തെ ഓർമ്മിപ്പിക്കുമല്ലോ.

## 3. വൈദിക ക്ഷേമനിധി

വൈദിക ക്ഷേമനിധിയിലേയ്ക്കുള്ള സംഭാവനകൾ ആഗസ്റ്റ് 7-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ സ്തോത്രക്കാഴ്ചയായി സ്വീകരിച്ച് എത്രയും വേഗം രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

## 4. പതിനഞ്ച് നോമ്പ്

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന് മുന്നോടിയായി നമ്മുടെ സഭയിൽ പതിനഞ്ച് നോമ്പ് ആഗസ്റ്റ് 1 മുതൽ 15 വരെ ആചരിക്കുന്ന നല്ല പാരമ്പര്യം ഉണ്ടല്ലോ. ഇക്കാര്യം ദൈവജനത്തെ അറിയിക്കുകയും തീഷ്ണതയോടെ നോമ്പാചരണം നടത്തുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

## 5. തടവറ പ്രേഷിതദിനം

ആഗസ്റ്റ് 14-ാം തീയതി കേരളസഭ തടവറ പ്രേഷിതദിനമായി ആചരിക്കുന്നു. അന്നേദിവസം എടുക്കുന്ന സ്തോത്രക്കാഴ്ച തടവറ പ്രേഷിത പ്രവർത്തനങ്ങൾക്കായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

## 6. ജസ്റ്റിസ് സൺഡേ

ആഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച ജസ്റ്റിസ് സൺഡേയായി സഭ ആചരിക്കുന്നു. അന്നേദിവസം വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച ദളിത് ക്രൈസ്തവരുടെ സമുദ്ധാരണത്തിനുവേണ്ടിയുള്ളതാകയാൽ രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

### 7. മ്ശംശാന – ഹെവ്പ്പദ്യാക്കോന പട്ടം

നമ്മുടെ രൂപതയ്ക്കുവേണ്ടി റോമിൽ ഉപരിപഠനം നടത്തുന്ന പുല്ലൂരാം പാറ ഇടവകാംഗം ബ്ര. ജ്യോതിസ് ചെറുശ്ശേരിയും നെതർലൻസിൽ ദൈവ ശാസ്ത്ര പഠനം നടത്തുന്ന പശുകടവ് ഇടവകാംഗം ബ്ര. സെബിൻ കൊട്ടാരത്തിലും മ്ശംശാന പട്ടവും, നെതർലൻസിൽ ദൈവശാസ്ത്ര പഠനം നടത്തുന്ന കോടഞ്ചേരി ഇടവകാംഗം ബ്ര. ജിൻസ് ആനിക്കുടിയിൽ ഹെവ്പ്പദ്യാക്കോന പട്ടവും 2022 ജൂലൈ 30-ാം തീയതി ശനിയാഴ്ച കത്തീഡ്രൽ ദൈവാല യത്തിൽ വച്ച് അഭിവന്ദ്യ റെമീജിയോസ് പിതാവിൽനിന്നും സ്വീകരി ച്ചു. ബഹു. ഡീക്കന്മാർക്കും സബ് ഡീക്കനും രൂപതാ വൈദിക കൂട്ടായ്മയുടെ അഭിനന്ദനങ്ങൾ.

### 8. നന്ദി, സ്വാഗതം

ചാത്തൻകോട്ടുനട ഇടവക വികാരിയായി സേവനം ചെയ്ത തിനു ശേഷം പുതിയ സേവന മേഖലയിലേക്ക് സ്ഥലംമാറിപ്പോകുന്ന ബഹു. തോമസ് ഇടയാൽ എം.സി.ബി.എസ് അച്ചന് നന്ദിയും പ്രാർത്ഥനകളും നേരുന്നു.

അജപാലനശുശ്രൂഷയിലേക്ക് പുതുതായി കടന്നുവരുന്ന ചാത്തൻകോട്ടു നട ഇടവക വികാരി റവ. ഫാ. ജോർജ് കിഴക്കേമുറി MCBS, പേരാമ്പ്ര ഇടവക യുടെ അസി. വികാരി റവ. ഫാ. ജോൺ കാഞ്ഞിരത്തിങ്കൽ Ofm Cap, കുണ്ടായി ത്തോട് ഇടവകയുടെ അസി. വികാരി റവ. ഫാ. ജോർജ് കൈതമറ്റത്തിൽ Ofm Cap എന്നീ വൈദികർക്ക് രൂപതാ വൈദിക കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതവും അജപാലന ശുശ്രൂഷയും എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു.

### 9. പാസ്റ്ററൽ കൗൺസിൽ രൂപീകരണം

പതിനൊന്നാം പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി പൂർത്തി യാകുന്നതിനാൽ 12-ാം പാസ്റ്ററൽ കൗൺസിൽ രൂപീകരിക്കേണ്ടതാണ്. അതിന്റെ മുന്നോടിയായി ഫൊറോന വൈദിക പ്രതിനിധികളുടെ പേരുകൾ സെപ്റ്റംബർ 15 ന് മുമ്പ് ചാൻസലറെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ചുള്ള അഭിവന്ദ്യ പിതാവിന്റെ സർക്കുലർ നമ്പർ 15/2022, പേജ് നമ്പർ 573 ൽ നല്കിയിരുന്നത് ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 10. ജൂനിയർ ക്ലെർജി സെമിനാർ

പൗരോഹിത്യം സ്വീകരിച്ച് 10 വർഷം പൂർത്തിയാക്കിയ വൈദികർക്കുവേണ്ടി നടത്തിവരുന്ന റിഫ്രഷൻ കോഴ്സ് ഈ വർഷം സംഘടിപ്പിച്ചിരിക്കുന്നു. പി.എം.ഒ.സി.യിൽ ൽ വച്ച് 2022 സെപ്റ്റംബർ 12 മുതൽ 14 വരെയാണ് കോഴ്സ് നടക്കുന്നത്. താഴെ പേരു കൊടുത്തിരിക്കുന്ന വൈദികർ എല്ലാവരും നിർബന്ധമായും സെമിനാറിൽ സംബന്ധിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1 | Antheenattu Joseph | 2 | Cheeramattathil Sebastian |
| 3 | Chembuthoockil Mathew | 4 | Chirathalackal Joseph |
| 5 | Edakkattil Joseph | 6 | Kadaplackal Thomas |

7 Kalappurackal Joseph
8 Kiliyanparambil Joseph
9 Kochukaipayil Kuriakose
10 Kochumuriyil Thomas
11 Kottackal Mathew
12 Kudiyirickal Thomas
13 Machukuzhiyil Augustine
14 Mangalamadathil Mathew
15 Mazhuvanchery Abraham
16 Mundackal Chacko
17 Narivelil George
18 Nedumala Zacharias
19 Panackal Varghese
20 Panchickal Alex
21 Ponganpara Cheriyan
22 Poothermannil Peter
23 Pulayanparambil Thomas
24 Purayidathil George
25 Puthanpurackal Joseph
26 Puthenpurackal Jacob
27 Puthenveettil Kuriakose
28 Thekkekkaramattathil Mathew
29 Thoomullil Mathew
30 Thuravackal Augustine
31 Vallikunnel James
32 Vellackakudiyil George
33 Vellaramkalayil George

### 11. വൈദിക സെമിനാർ

2022 നവംബർ 22, 22, 23 തീയതികളിൽ രൂപതയിലെ വൈദി കർക്കായി പി.എം.ഒ.സി.യിൽ വെച്ച് വൈദിക സെമിനാർ നടത്ത പ്പെടുന്നു. തീയതികൾ ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### 12. സ്മരണാഞ്ജലി

| | | |
|---|---|---|
| **02-08-2010** | **-** | **റവ. ഫാ. ജോസഫ് മണിയങ്ങാട്ട്** |
| 02-08-1992 | - | റവ. ഫാ. ജോസഫ് ടിഷ്യാൻ സി.എം.ഐ. |
| 03-08-1973 | - | റവ. ഫാ. ജോസഫ് ഇടക്കര |
| 06-08-1958 | - | റവ. ഫാ. ബർക്കുമാൻസ് സി.എം.ഐ. |
| 08-08-1993 | - | റവ. ഫാ. ലിയാണ്ടർ തട്ടിൽ സി.എം.ഐ. |
| **09-08-2011** | **-** | **റവ. ഫാ. ജോസഫ് അറയ്ക്കപ്പറമ്പിൽ** |
| 10-08-2007 | - | റവ. ഫാ. ജോർജ് കച്ചിറമറ്റം |
| 13-08-1994 | - | റവ. ഫാ. തോമസ് മാമ്പുഴയ്ക്കൽ |
| **17-08-2018** | **-** | **റവ. ഫാ. ചാണ്ടി കുരിശുംമൂട്ടിൽ** |
| **19-08-2007** | **-** | **റവ. ഫാ. അലക്സ് മണക്കാട്ടുമറ്റം** |
| **22-08-2005** | **-** | **റവ. ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം** |
| **25-08-2010** | **-** | **റവ. ഫാ. ജോസഫ് കോഴിക്കോട്ട്** |
| 28-08-1970 | - | റവ. ഫാ. ജോർജ് വട്ടുകുളം |

**പ്രോട്ടോസിഞ്ചെല്ലൂസ്**


# സ്നേഹസ്മരണയ്ക്ക്



റവ. ഫാ. ജോസഫ്
മണിയങ്ങാട്ട് (02.08.2010)



റവ. ഫാ. ജോസഫ്
അറയ്ക്കപ്പറമ്പിൽ (09.08.2011)



റവ. ഫാ. ചാണ്ടി
കുരിശുംമൂട്ടിൽ (17.08.2018)



റവ. ഫാ. അലക്സ്
മണക്കാട്ടുമറ്റം (19.08.2007)



റവ. ഫാ. അഗസ്റ്റിൻ
തുരുത്തിമറ്റം (22.08.2005)



റവ. ഫാ. ജോസഫ്
കോഴിക്കോട്ട് (25.08.2010)

# വൈദിക സമിതി റിപ്പോർട്ട്

താമരശ്ശേരി രൂപതയുടെ 11-ാമത് വൈദിക സമിതിയുടെ അഞ്ചാമത് യോഗം 2022 ജൂലൈ 19 ന് ചൊവ്വാഴ്ച രാവിലെ 10.30 ന് രൂപതാഭവനിൽ നടന്നു. മാതൃവേദി രൂപതാ ഡയറക്ടർ റവ. ഫാ. ജോസുകുട്ടി അന്തീനാട്ടിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിലേക്ക് അഭിവന്ദ്യ പിതാവിനെയും യോഗാംഗങ്ങളെയും വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര സ്വാഗതം ചെയ്തു. തുടർന്ന് വൈദിക സമിതി സെക്രട്ടറി ഫാ. ജോർജ് മുണ്ടനാട്ട് കഴിഞ്ഞ മീറ്റിംഗിന്റെ റിപ്പോർട്ട് അവതരിപ്പിക്കുകയും യോഗം അംഗീകരി ക്കുകയും ചെയ്തു. ജന്മദിനം ആഘോഷിച്ച ബഹു. സുബിൻ കിഴക്കേവീട്ടിലിന് ആശംസകൾ നേർന്നു. വൈദിക സമിതി അംഗങ്ങ ളായി പുതുതായി കടന്നുവന്ന എം.സി.ബി.എസ് സന്യാസസമൂഹ ത്തിന്റെ പുതിയ പ്രൊവിൻഷ്യൽ റവ. ഫാ. മാത്യു ഓലിക്കൽ, മാതൃവേദി ഡയറക്ടർ റവ. ഫാ. ജോസുകുട്ടി അന്തീനാട്ട്, കുടുംബ കൂട്ടായ്മ-പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഫാ. മാത്യു കുളത്തിങ്കൽ, പി.എം.ഒ.സി. ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കവളക്കാട്ട്, സ്റ്റാർട്ട് അഡ്മിനിട്രേറ്റീവ് ഡയറക്ടർ റവ. ഫാ. ജേക്കബ് കിഴക്കേവീട്ടിൽ, മദ്യവിരുദ്ധ സമിതി ഡയറക്ടർ റവ. ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി, ഫൊറോന വികാരിമാരായ റവ. ഫാ. തോമസ് പൊരിയത്ത്, റവ. ഫാ. വിൻസന്റ് കണ്ടത്തിൽ, റവ. ഫാ. ആന്റണി കാരികുന്നേൽ എന്നിവർക്ക് സ്വാഗതം ആശംസിച്ചു. റിപ്പോർട്ടിന്മേ ലുള്ള ചർച്ചയ്ക്ക് ശേഷം അഭിവന്ദ്യ പിതാവ് ആമുഖ പ്രഭാഷം നടത്തി അജണ്ടയിലെ വിഷയങ്ങൾ അവതരിപ്പിച്ചു.

## 1. Supreme Court Judgement on Buffer Zone:

2022 ജൂൺ 3 ന Eco-Sensitive zone അഥവാ ബഫർസോൺ വിഷയത്തിൽ സുപ്രീം കോടതി നടത്തിയ വിധിയെക്കുറിച്ച് യോഗം ചർച്ച ചെയ്തു. ഈ വിഷയത്തിൽ താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട എല്ലാ പ്രതിഷേധ പരിപാടികളെയും യോഗം അഭിനന്ദിച്ചു. സംസ്ഥാന സർക്കാർ 2019 ജൂൺ 23 ന് ഒരു കിലോമീറ്റർ വരെ ബഫർസോണായി പ്രഖ്യാപിക്കാം എന്ന് എടുത്ത തീരുമാനം പിൻവലിപ്പിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. ബഫർസോൺ വനാതിർത്തിക്കു പുറത്ത് റവന്യൂഭൂമിയിൽ പാടില്ല എന്ന തീരുമാനം മന്ത്രിസഭാ തീരുമാനമായി അംഗീകരിപ്പിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. കെ.സി.ബി.സി. തലത്തിൽ ഇതിനായി ഒരു ശ്രമം നടത്തുന്നുണ്ട് എന്ന് അഭിവന്ദ്യ പിതാവ് അറിയിച്ചു.

## 2. Co-operative Society under INFAM :

INFAM -ന്റെ നേതൃത്വത്തിൽ രൂപതാതിർത്തിയിൽ കഴിയുന്ന കർഷകരെയും പാവപ്പെട്ടവരെയും സഹായിക്കുന്നതിനായി ഒരു സഹകരണ സംഘം ആരംഭിക്കുന്നതുതമായി ബന്ധപ്പെട്ട് യോഗം ചർച്ച ചെയ്തു. സഹകരണ

വകുപ്പിന്റെ കോഴിക്കോട് ഓഫീസിൽ ജോയിന്റ് രജിസ്ട്രാറായി 32 വർഷം സേവനം ചെയ്ത് വിരമിച്ച ശ്രീ. ഹരീഷ് കുമാറും, പുതുപ്പാടി സഹകരണ ബാങ്കിൽ സെക്രട്ടറിയായി സേവനം ചെയ്ത് വിരമിച്ച കണ്ണോത്ത് ഇടവകാംഗം ശ്രീ. മാത്യു അറകാക്കലും ഈ വിഷയത്തെക്കുറിച്ച് യോഗത്തിൽ സംസാരിച്ചു. അംഗങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം നല്കുകയും ചെയ്തു. സഹകരണ സൊസൈറ്റി സ്ഥാപിക്കുന്നതിന്റെ നേട്ടങ്ങളെക്കുറിച്ചും ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ശ്രീ. ഹരീഷ് കുമാറും, ശ്രീ. മാത്യുവും യോഗത്തെ അറിയിച്ചു.

### 3. Futuristic Education Orientation Project:

രൂപതയിലെ 10-ാം ക്ലാസ്സ് മുതലുള്ള കുട്ടികളുടെ ഉന്നത വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കി അവരുടെ കാര്യക്ഷമതയും നൈപുണ്യവും മനസ്സിലാക്കി വ്യക്തിപരമായ ശ്രദ്ധയിലൂടെ സമഗ്ര വിദ്യാഭ്യാസ-തൊഴിൽ പരിപാടിയെക്കുറിച്ച് കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. മെൽവിൻ വെള്ളയ്ക്കാക്കുടിയും Aider Foundation Director ഫാ. സബിൻ തൂമുള്ളിലിലും സംസാരിച്ചു. നിലവിൽ സാമുദായിക സർവ്വേ നടത്തിയ വെബ്സൈറ്റിലേക്ക് സ്റ്റുഡൻസ് ലോഗ് എന്ന കാറ്റഗറി ഉൾപ്പെടുത്തി 10-ാം ക്ലാസ്സിലുള്ള വിശ്വാസപരിശീലന കുട്ടികളെ ചേർത്ത് അഭിരുചി പരീക്ഷ നടത്തി, CV creation ലൂടെ ഗ്രൂപ്പുകളായി തിരിച്ച് കോളേജ് കൺസോർഷ്യം വഴി ഓരോ വിദ്യാർത്ഥിയെയും വ്യക്തിപരമായി ഗൈഡ് ചെയ്ത് സംസ്ഥാന സർക്കാരുകളുടെ മത്സര പരീക്ഷകൾക്ക് സജ്ജമാക്കി ഓരോരരുത്തരുടെയും സാധ്യതകൾക്ക് അനുസരിച്ച് തൊഴിൽ മേഖലകളിൽ എത്തിച്ചേരുന്നതുവരെയുള്ള സമഗ്രമായ പ്രൊജക്ടിന് യോഗം അംഗീകാരം നല്കി.

4. 2026-ൽ രൂപത സ്ഥാപിതമായിതിന്റെ 40-ാം വാർഷികാഘോഷ വുമായി ബന്ധപ്പെട്ട് വരുംവർഷങ്ങളിൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യ ങ്ങൾ വികാരിജനറാൾ മോൺ. ജോൺ ഒറവുങ്കര യോഗത്തെ അറി യിച്ചു. 2023- വൈദിക സമർപ്പിത അസംബ്ലി നടത്തുവാനും - 2024 ഇടവക- ഫൊറോന അസംബ്ലികൾ നടത്തുവാനും - 2025 ഏപ്രിൽ 28 മുതൽ 2026 ഏപ്രിൽ 28 വരെ ജൂബിലി വർഷമായി ആചരിക്കു വാനുള്ള ശുപാർശ യോഗത്തെ അറിയിച്ചു. കെ.സി.ബി.സി. തല ത്തിലുള്ള 2022-2025 കേരള സഭാ നവീകരണത്തിന്റെ പ്രവർത്തന ങ്ങളോട് സഹരിച്ചുകൊണ്ട് രൂപതയുടെ ജൂബിലി ആഘോഷം നടത്തണം എന്ന് യോഗം ശുപാർശ ചെയ്തു.

വിശ്വാസഭദ്രത, കുടുംബഭദ്രത, വൈദിക സന്യസ്ത ശാക്തീകര ണം, സാമുദായിക ശാക്തീകരണം എന്നീ വിഷയങ്ങളിൽ കേന്ദ്രീക രിച്ച് രൂപതയിലുള്ള എല്ലാ സംഘടനകളെയും ഏകോപിപ്പിച്ച് ജൂബിലി ആഘോഷത്തിനുള്ള മാർഗരേഖ 2022 നവംബർ മാസത്തിലെ വൈദിക സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിന് നിർദ്ദേശിക്കുക.

5. കുന്ദമംഗലം കേന്ദ്രമാക്കി ഒരു ഹോസ്റ്റൽ ആരംഭിക്കുന്നതി നെക്കുറിച്ച് യോഗം ചർച്ച ചെയ്തു. ഈ വിഷയം വിശദമായി പഠിച്ച് വീണ്ടും വൈദികസമിതിയിൽ അവതരിപ്പിക്കാൻ മോൺ. ജോൺ ഒറവുങ്കരയെ ചുമതലപ്പെടുത്തി.

**6. മത-സാമുദായിക സൗഹാർദ്ദം**

അടുത്തകാലത്തായി സമൂഹത്തിൽ വളർന്നു വരുന്ന മത - സാമു ദായിക അകൽച്ചയും തീവ്രവാദ നിലപാടുകളും യോഗം ചർച്ച ചെയ്തു. മറ്റ് സമുദായങ്ങളുമായി ഐക്യത്തിൽ ജീവിക്കുന്ന സാഹച ര്യങ്ങൾ രൂപപ്പെടുത്തുന്നതിൽ കത്തോലിക്കാസഭ എന്നും മുൻപന്തി യായിരുന്നുവെന്ന് യോഗം വിലയിരുത്തി. കോഴിക്കോട്-മലപ്പുറം ജില്ലകളിലായി വളരെ ന്യൂനപക്ഷമായിരിക്കുന്ന ക്രൈസ്തവ സമൂഹം മറ്റ് സമുദായങ്ങളുമായി സംവാദത്തിലൂടെ ചേർത്തുനിർത്തിന്നതിൽ മുൻകൈ എടുക്കണമെന്ന് യോഗം അഭിപ്രായപ്പെട്ടു.

ശൂന്യവേളയിൽ പെരിന്തൽമണ്ണയിൽ ലഭിച്ച സ്ഥലത്ത് ഒരു അജപാലനകേന്ദ്രം തുടങ്ങുന്നതിന് ഇടവകകളിൽ നിന്നുള്ള ഒരു വിഹിതം സമാഹരിക്കാം എന്ന നിർദ്ദേശം അഭിവന്ദ്യ പിതാവ് യോഗത്തെ അറിയിച്ചു. വൈദിക സമ്മേളനത്തിൽ ആ സ്ഥലത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സെന്ററിന്റെ പ്ലാൻ അവതരിപ്പിക്കുവാൻ ബഹു. മുകാലയച്ചനെ ചുമതലപ്പെടുത്തി.

ത്രികാലജപത്തിനുശേഷം അഭിവന്ദ്യ പിതാവിന്റെ ശ്ലൈഹികാ ശീർവാദത്തോടെ യോഗം സമാപിച്ചു.

**ഫാ. ജോർജ് മുണ്ടനാട്ട്**
സെക്രട്ടറി, വൈദികസമിതി



# വിശ്വാസപരിശീലനം

"ലോകവും അതിന്റ മോഹങ്ങളും കടന്നുപോകുന്നു. ദൈവഹിതം പ്രവർത്തിക്കുന്നവനാകട്ടെ എന്നേയ്ക്കും നിലനിൽക്കുന്നു." (1 യോഹന്നാൻ 2:17)

## ആമുഖസെമിനാർ

2002-23 വിശ്വാസപരിശീലന വർഷത്തിലെ നവാഗതരായ മതാധ്യാപകർക്കു വേണ്ടിയുള്ള ആമുഖസെമിനാർ ജൂലൈ 08, 09, 10 തിയതികളിൽ പി. എം. ഒ. സി-യിൽ വച്ച് നടത്തി. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 68 മതാധ്യാപകർ സെമിനാറിൽ സംബന്ധിച്ചു. അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് അധ്യാപകരെ സന്ദർശിക്കുകയും സന്ദേശം നൽകുകയും ചെയ്തു. മോൺ. ജോൺ ഒറവുങ്കര 10-ാം തിയതി രാവിലെ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. റവ. ഫാ. മാത്യു കുളത്തിങ്കൽ (രൂപതാ ഡയറക്ടർ-കുടുംബക്കൂട്ടായ്മ, പോപ്പ് ബനഡിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്), റവ. ഫാ. മനോജ് കൊല്ലംപറമ്പിൽ (രൂപതാ ഡയറക്ടർ-മീഡിയ), റവ. ഫാ. തോമസ് പുതിയാപറമ്പിൽ (വികാരി -മുക്കം ഇടവക) റവ. ഫാ. രാജേഷ് പള്ളിക്കാവയലിൽ (രൂപതാ ഡയറക്ടർ-വിശ്വാസപരിശീലനം), മി. സണ്ണി കോക്കാപ്പള്ളി എന്നിവർ ക്ലാസുകളെടുത്തു. മി. നൈജിൽ പുരയിടത്തിൽ, മി. കിഷോർ തറപ്പിൽ, റവ. സി. സീന S.H, റവ. സി. ഗ്രേസ് S.H, റവ. സി. ലിനി MSMI, റവ. സി. ക്രിസ് തെരേസ് MSMI എന്നിവർ സെമിനാറിനു നേതൃത്വം നൽകി. ജൂലൈ 08-ന് വൈകിട്ട് 4.30-ന് ആരംഭിച്ച സെമിനാർ ജൂലെ 10-ന് ഉച്ചയ്ക്ക് 1.30-ന് സമാപിച്ചു.

## ലൂമിന 2022

2022-23 വിശ്വാസപരിശീലന വർഷത്തിലെ ലൂമിന ജൂലൈ 10ന് പാറോപ്പടി മേഖലയിലും (ദേവഗിരി) ജൂലൈ 17-ന് തോട്ടുമുക്കം മേഖലയിലും (തോട്ടുമുക്കം) നടത്തി. പാറോപ്പടി മേഖലയിൽ 282 കുട്ടികളും തോട്ടുമുക്കം മേഖലയിൽ 283 കുട്ടികളും പങ്കെടുത്തു. മി. ടോമി പെരുവിലങ്ങാട്ട് (മരുതോങ്കര) പ്രോഗ്രാമിന് ക്ലാസെടുത്തു. മി. നുബിൻ ചൂരപ്പൊയ്കയിൽ (വിലങ്ങാട്), ചിന്തു രാജ് (തിരുവമ്പാടി) ഗാനശുശ്രൂഷ നടത്തി. നേതൃത്വം നൽകിയ ഫൊറോന വികാരിയച്ചന്മാർക്കും മേഖലാഭാരവാഹികൾക്കും പ്രത്യേകം നന്ദി.

**ലൂമിന 2022 - ഓഗസ്റ്റ് മാസത്തിൽ**

ഓഗസ്റ്റ് 07 (ഞായർ) - താമരശ്ശേരി മേഖല
ഓഗസ്റ്റ് 14 (ഞായർ) - കൂരാച്ചുണ്ട് മേഖല
ഓഗസ്റ്റ് 21 (ഞായർ) - പെരിന്തൽമണ്ണ മേഖല
ഓഗസ്റ്റ് 28 (ഞായർ) - വിലങ്ങാട് മേഖല

## ACC – Googlemeet

പതിമൂന്നാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന അധ്യാപകരുടെ ഓൺലൈൻ മീറ്റിംഗ് 2022 ജൂലൈ 18-ാം തിയതി 8.45 PM-ന് നടത്തുകയുണ്ടായി. 58 അധ്യാപകർ മീറ്റിംഗിൽ സംബന്ധിച്ചു. അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് അധ്യക്ഷപദം അലങ്കരിച്ച മീറ്റിംഗിൽ വിശ്വാസപരിശീലന ഡയറക്ടർ ഏവർക്കും സ്വാഗതം ആശംസിക്കുകയും ACC രൂപതാ സെക്രട്ടറി സി. ആൻമേരി SABS നന്ദി പറയുകയും ചെയ്തു. ചർച്ചകൾക്കും വിശകലനങ്ങൾക്കും ശേഷം 10.00 മണിക്ക് മീറ്റിംഗ് സമാപിച്ചു.

## ACC ഓൺലൈൻ ക്ലാസുകൾ

പതിമൂന്നാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള രണ്ട് ക്ലാസുകൾ ജൂലൈ 01, 10 തിയതികളിൽ കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. 'ബൈബിൾ ദൈവനിവേശിത ഗ്രന്ഥം' എന്നതിനെ അടിസ്ഥാനമാക്കി റവ. ഫാ. ജോസഫ് പുത്തൻപുരക്കലും (അസി. വികാരി-പാറോപ്പടി ഫൊറോന ചർച്ച്) 'തോമാശ്ലീഹാ ഭാരതത്തിലെത്തിയതിനു തെളിവുകൾ' എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഫാ. ജോർജ്ജ് പുരയിടത്തിലും (അസി. വികാരി-തിരുവമ്പാടി ഫൊറോന ചർച്ച്) ക്ലാസുകളെടുത്തു.

**ACC ഓൺലൈൻ ക്ലാസുകൾ ഓഗസ്റ്റ് മാസത്തിൽ**
ഓഗസ്റ്റ് 07 - ഞായർ
ഓഗസ്റ്റ് 21 - ഞായർ

## സഭാവാർത്തകൾ

2022 ജൂൺ 07-ന് സഭാവാർത്തകൾ കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. അലന്റാ മാത്യു ചെട്ടിപ്പറമ്പിൽ (കട്ടിപ്പാറ) വാർത്തകൾ വായിച്ചു.

## വിശുദ്ധ കുർബാനയും വിശുദ്ധരും

കൗദാശിക വിശ്വാസപരിശീലനത്തിന്റെ ഭാഗമായി കാറ്റക്കിസം യുട്യൂബ് ചാനലിൽ വിശുദ്ധ കുർബാനയും വിശുദ്ധരും എന്ന പ്രോഗ്രാം സംപ്രേക്ഷണം ചെയ്തു. വി. പാദ്രേ പിയോയെക്കുറിച്ച് ലെന ആന്റോ ആരനോലിക്കലും (മുക്കം) വി. ഡോൺ ബോസ്കോയെക്കുറിച്ച് അൽഫോൻസ ബിജു കൂരാപ്പള്ളിലും (മുക്കം) വിവരണം നടത്തി.

## പ്രാഥമിക റിപ്പോർട്ട്/മതാധ്യാപക സർവ്വേ/HCC/ACC രജിസ്ട്രേഷൻ ഫോമുകൾ

സൺഡേ സ്കൂൾ കുട്ടികളുടെ വിവരങ്ങളും മതാധ്യാപകരുടെ വിവരങ്ങളും അടങ്ങിയ പ്രാഥമിക റിപ്പോർട്ടുകളും HCC/ACC രജിസ്ട്രേഷൻ ഫോമുകളും ഓഫീസിൽ ഏൽപ്പിക്കാത്തവർ എത്രയും പെട്ടെന്ന് ഏൽപ്പിക്കേണ്ടതാണ്.

### ഡയറക്ടറച്ചന്റെ സന്ദർശനം

തിരുവമ്പാടി, ചുണ്ടത്തുംപൊയിൽ ഇടവകകളിൽ വിശ്വാസപരിശീലന ഡയറക്ടർ സന്ദർശനം നടത്തി, പ്രവർത്തനങ്ങൾ വിലയിരുത്തി.

### ആദരാഞ്ജലികൾ

കരുവാരകുണ്ട് ഫൊറോനയിലെ പാതിരിക്കോട് സൺഡേ സ്കൂളിലെ മുൻ വിശ്വാസപരിശീലന അധ്യാപികയായ ബിൻഷ ജസ്റ്റിൻ പുത്തൻപുരയ്ക്കൽ (26) ജൂലൈ 17-ാം തിയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പാതിരിക്കോട് ഇടവകയിൽ വിശ്വാസപരിശീലന രംഗത്ത് ടീച്ചർ ചെയ്ത സേവനങ്ങളെ നന്ദിയോടും പ്രാർത്ഥനയോടുംകൂടി ഓർക്കുകയും കുടുംബാംഗങ്ങളോടുള്ള അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

### സെപ്റ്റംബർ മാസത്തിലെ പ്രോഗ്രാമുകൾ

| | | |
|---|---|---|
| സെപ്റ്റംബർ 04 (ഞായർ) | - | ലൂമിന, മരുതോങ്കര മേഖല<br>ACC ഓൺലൈൻ ക്ലാസ്സ് |
| സെപ്റ്റംബർ 11 (ഞായർ) | - | ലൂമിന, മലപ്പുറം മേഖല |
| സെപ്റ്റംബർ 18 (ഞായർ) | - | ലൂമിന, കോടഞ്ചേരി മേഖല<br>ACC ഓൺലൈൻ ക്ലാസ്സ് |
| സെപ്റ്റംബർ 25 (ഞായർ) | - | ലൂമിന, കരുവാരകുണ്ട് മേഖല |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം



# ചെറുപുഷ്പ മിഷൻലീഗ്

പ്രിയമുള്ള ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തകരെ,

ഓഗസ്റ്റ് മാസം മുതൽ മിഷൻ ലീഗിനെ സംബന്ധിച്ച് പ്ലാറ്റിനം ജൂബിലിയുടെ ഏറ്റവും അടുത്ത ഒരുക്കങ്ങൾ നടക്കുന്ന മാസമാണ്. സംഘടനയുടെ പ്രധാനപ്പെട്ട നാഴികക്കല്ലുകളോടൊപ്പം അനുസ്മരിക്കപ്പെടേണ്ടതാണ് വിശുദ്ധരുടെ ഛായാചിത്ര പ്രയാണങ്ങൾ. സുവർണ്ണജൂബിലിയുടെ അവസരത്തിൽ ഭരണങ്ങാനത്ത് വിവിധ പ്രയാണങ്ങളുടെ സംഗമം ഒരു ചരിത്ര സംഭവമായിരുന്നു.

പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് സംസ്ഥാന മിഷൻലീഗ് സമിതിയുടെ നേതൃത്വത്തിൽ നടന്നുവരുന്ന ഛായാചിത്ര പ്രയാണം നമ്മുടെ രൂപതയിൽ ഓഗസ്റ്റ് 7 മുതൽ 13 വരെയുള്ള ദിവസങ്ങളിലാണ് എന്നത് പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മേഖലാ കേന്ദ്രങ്ങളിൽ വച്ചു നടക്കുന്ന ഛായാചിത്ര പ്രയാണ സ്വീകരണ പരിപാടികളിൽ എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും, മിഷൻ ലീഗ് വിശുദ്ധരുടെ ആത്മീയസാന്നിധ്യവും, കൂടിച്ചേരലിന്റെ ഐക്യവും നമുക്ക് അനുഭവിച്ചറിയാൻ സാധിക്കട്ടേയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### ഛായാചിത്ര പ്രയാണം - സമയക്രമം

ഓഗസ്റ്റ് 7 ഞായർ 8.45 am - തോട്ടുമുക്കം
ഓഗസ്റ്റ് 7 11 am - തിരുവമ്പാടി
ഓഗസ്റ്റ് 8 തിങ്കൾ 7.30 am - കോടഞ്ചേരി
ഓഗസ്റ്റ് 8 3.30 pm - പുതുപ്പാടി
ഓഗസ്റ്റ് 9 ചൊവ്വ 4.15 pm - കൂരാച്ചുണ്ട്
ഓഗസ്റ്റ് 10 ബുധൻ 4.15 pm - മരുതോങ്കര
ഓഗസ്റ്റ് 11 വ്യാഴം 4. pm - വിലങ്ങാട്
ഓഗസ്റ്റ് 12 വെള്ളി 4.30 - പാറോപ്പടി
ഓഗസ്റ്റ് 13 ശനി 7.30 am - മഞ്ചേരി
9.30 am - പെരിന്തൽമണ്ണ,
4 pm - കരുവാരക്കുണ്ട്

### ചെറുപുഷ്പ മിഷൻ ലീഗ് താമരശ്ശേരി രൂപത ശാഖാ വൈസ് ഡയറക്ടേഴ്സ് സംഗമം

താമരശ്ശേരി രൂപത ചെറുപുഷ്പ മിഷൻ ലീഗിന്റെ 2022-2023 പ്രവർത്തനവർഷത്തിലെ ആദ്യത്തെ ശാഖാ വൈസ് ഡയറക്ടർ സംഗമം ജൂലൈ 9 ശനി

യാഴ്ച താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്റർ സെൻററിൽ വെച്ചു നടന്നു.പ്രസിഡണ്ട് ശ്രീ. ബാബു ചെട്ടിപ്പറമ്പിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത ഡയറക്ടർ റവ. ഫാ. പ്രിയേഷ് തേവടിയിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. താമരശ്ശേരി രൂപത വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻ ലീഗ് എക്സിക്യൂട്ടീവ് അംഗമായ ശ്രീ. ഷാജി ചന്ദനപ്പറമ്പിൽ ക്ലാസ് നയിച്ചു.

വൈസ് ഡയറക്ടേഴ്സിന്റെ പ്രതിനിധിയായി മുൻ രൂപത വൈസ് ഡയറക്ടർ സി. ജാൻസി മരിയ FCC നന്ദി പറഞ്ഞു. രൂപത വൈസ് ഡയറക്ടർ റവ. സി. ആൻ മരിയ FCC, ജനറൽ ഓർഗനൈസർ ശ്രീ. ജോയ് ജോർജ് പുതിയാപറമ്പിൽ, സംസ്ഥാന സമിതിയംഗം ശ്രീ. അരുൺ കണ്ടത്തിൽ, ജോയിന്റ് സെക്രട്ടറി ശ്രീമതി ടെസ്സി ഷാജു നരിപ്പാറ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. മിഷൻ ആന്തത്തിനു ശേഷം ഉച്ച ഭക്ഷണത്തോടെ പരിപാടികൾ അവസാനിച്ചു.

### മാർഗ്ഗരേഖ

മാർഗരേഖ രൂപത, മേഖല ഭാരവാഹികളുടെ പക്കൽ എത്തിയിട്ടുണ്ടെന്ന് കരുതുന്നു. ഏറ്റവും പ്രധാനപ്പെട്ടതും, എല്ലാവർഷവും ആദ്യ മാസങ്ങളിൽ ചെയ്യേണ്ടതുമായ രണ്ട് പ്രവർത്തന പദ്ധതികളെക്കുറിച്ച് പ്രത്യേകമായി ഓർമ്മിപ്പിക്കുന്നു.

### 1. അജപാലകർക്കായ്

നമ്മുടെ രൂപതയിലെ ഓരോ വൈദികർക്കും വേണ്ടി ഇടവകകൾ പ്രാർത്ഥിക്കുന്നു. ഒരു ശാഖയ്ക്ക് ഒന്നോ രണ്ടോ രൂപതവൈദികരുടെ പേരുകൾ നൽകുകയും ഈ പ്രവർത്തന വർഷം മുഴുവൻ അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുന്നു. നൽകപ്പെട്ട അച്ചന്മാരുടെ നാമഹേതുക തിരുനാൾ ദിനത്തിലും പൗരോഹിത്യ ദിനത്തിലും ഫോൺ വിളിച്ചോ സന്ദേശമയച്ചോ അവരെ ആശംസകൾ അറിയിക്കുന്നത് അഭിലഷണീയമാണ്. നല്കപ്പെട്ടിരിക്കുന്ന വൈദികരുടെ Address/ ഫോൺ നമ്പർ രൂപത ഡയറക്ടറിയിൽനിന്ന് ലഭ്യമാണ്.

### 2. നമ്മുടെ മിഷൻ ഗ്രാമം

ഭദ്രാവതി രൂപതയിലെ മിഷൻ ഇടവക (station) കളിൽ ഒന്ന് ഓരോ ശാഖയ്ക്കും നൽകുന്നു. ശാഖകൾ അവരവർക്ക് നല്കപ്പെട്ടിരിക്കുന്ന ഇടവക / സ്റ്റേഷനുവേണ്ടി പ്രാർത്ഥിക്കുന്നു. മിഷൻ ഇടവകയ്ക്കുവേണ്ടി ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ മാർഗ്ഗരേഖയിൽ നല്കിയിട്ടുണ്ട്.

### റീജിയണൽ സമ്മേളനങ്ങൾ

സെപ്റ്റംബർ മാസം മുതൽ റീജിയണൽ സമ്മേളനങ്ങൾ ആരംഭിക്കുകയാണ് സെപ്റ്റംബർ 7 ന് മലപ്പുറം, പെരിന്തൽമണ്ണ, കരുവാരക്കുണ്ട് മേഖലകളിലെ ഭാരവാഹികളും സെപ്റ്റംബർ 9 ന് തിരുവമ്പാടി, തോട്ടുമുക്കം മേഖലകളിലെ ഭാരവാഹികളും ഒരുമിച്ച് ചേരുന്ന ദിവസങ്ങളാണ്. സംഘടന കൂടുതൽ ശക്തമാക്കാൻ ഉപകരിക്കുന്ന റീജിയണൽ സമ്മേളനങ്ങളിൽ എല്ലാ ഭാരവാഹികളും പങ്കെടുക്കണമെന്ന് നേരത്തെ അറിയിക്കുന്നു.

### ജൂബിലി മെഗാ ക്വിസ്

പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ചുള്ള സംസ്ഥാന തലത്തിൽ നടത്തിയ മെഗാ ക്വിസ് മത്സരത്തിൽ താമരശ്ശേരി രൂപതയിൽ നിന്നും ടീം പങ്കെടുത്തു.

സൂപ്പർ സീനിയർ - ജിനി ഓവേലിൽ മരിയാപുരം,

സീനിയർ ലിയ ഷാജി വടക്കേപ്പറമ്പിൽ - കുന്നമംഗലം

ജൂനിയർ അനീന ജെയ്സൺ ഔസേപ്പറമ്പിൽ - ചേവായൂർ

മികച്ച പ്രകടനം കാഴ്ച വെച്ച മൂവർക്കും താമരശ്ശേരി രൂപതയുടെ അഭിനന്ദനങ്ങൾ.

### ജൂൺ, ജൂലൈ മാസങ്ങളിലായി രൂപത ടീം സന്ദർശനം നടത്തിയ ശാഖകൾ

ജൂൺ 12 കൂടരഞ്ഞി
ജൂൺ 19 താമരശ്ശേരി മേഖല, പുതുപ്പാടി ശാഖ
ജൂൺ 26 കുളിരാമുട്ടി
ജൂലൈ 3 വാളുക്ക്
ജൂലൈ 10 പുല്ലൂരാംപാറ
ജൂലൈ 17 ആനിക്കാംപൊയിൽ
ജൂലൈ 24 തിരുവമ്പാടി
ജൂലൈ 31 മഞ്ഞക്കടവ്

### തിരിനാളം - Skit competition

ജൂലൈ 28 ന് ചെറുപുഷ്പ മിഷന്റെ സഹമധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് നടത്തപ്പെടുന്ന തിരിനാളം സ്കിറ്റ് മത്സരത്തിന്റെ നിബന്ധനകൾ

1. വി. അൽഫോൻസാമ്മയുമായി ബന്ധപ്പെട്ട ഒരു ദൃശ്യാവതരണം ആണ് അവതരിപ്പിക്കേണ്ടത്.

2. ഒരു ശാഖയിൽ നിന്ന് ഒരു entry മാത്രം.
3. ഇടവകയിലെ മതബോധന സംഘടനാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഒരു സ്റ്റേജ് പ്രോഗ്രാമിൽ അവതരിപ്പിച്ച ഒരു ദൃശ്യാവതരണമാണ് വീഡിയോ റെക്കോർഡ് ചെയ്ത് ടെലഗ്രാം നമ്പറിൽ അയയ്ക്കേണ്ടത്. (8606203117 CML office number). ശാഖയുടെ പേര്, അയയ്ക്കുന്ന ആളുടെ പേര്, സ്കിറ്റിന്റെ പേര് എന്നിവ ടൈപ്പു ചെയ്ത് വീഡിയോയ്ക്കൊപ്പം അയയ്ക്കേണ്ടതാണ്; വീഡിയോ ലഭിക്കേണ്ട അവസാന ദിവസം ഓഗസ്റ്റ് 15, 10.pm.
4. ഇടവകയിൽ നിന്ന് അയയ്ക്കുന്ന entry ക്കൊപ്പം ബഹു. വികാരിയച്ചന്റ കത്ത് (അതിൽ ഇടവകയിലെ പൊതു ചടങ്ങിൽ അവതരിപ്പിച്ചതാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്) നൽകേണ്ടതാണ്.
5. സ്കിറ്റിന്റെ ദൈർഘ്യം 10 മിനിറ്റിൽ കവിയരുത്.
6. ആശയം, അഭിനയപാടവം, സ്റ്റേജ് arrangements വീഡിയോ, ഓഡിയോ clarity, ആനുകാലിക പ്രസക്തമായ ക്രൈസ്തവ സന്ദേശം എന്നിവ മാനദണ്ഡങ്ങൾ വെച്ചായിരിക്കും വിലയിരുത്തൽ നടത്തുക.
7. പ്രോഗ്രാം നടക്കുമ്പോൾത്തന്നെ റെക്കോർഡ് ചെയ്യണമെന്നില്ല; സൗണ്ട് ക്ലാരിറ്റി, റെക്കോർഡ് ചെയ്യാനുള്ള സൗകര്യങ്ങൾ എന്നിവയ്ക്ക് ഏറ്റവും ഉചിതമായ മറ്റൊരു സമയത്ത് വീഡിയോ റെക്കോർഡ് ചെയ്യാവുന്നതാണ്.

### രൂപത മാനേജിങ് കമ്മറ്റി

2022-02023 പ്രവർത്തന വർഷത്തിലെ ആദ്യ മാനേജിംഗ് കമ്മിറ്റി ജൂലൈ 23 ന് താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ വാർഷിക ബഡ്ജറ്റ്, കണക്ക്, റിപ്പോർട്ട് എന്നിവ അവതരിപ്പിക്കുകയും പാസാക്കുകയും ചെയ്തു. ഈ പ്രവർത്തന വർഷത്തെ പ്രവർത്തനങ്ങൾ അസൂത്രണം ചെയ്യുകയും, സംഘടനയെ സംബന്ധിച്ച ചർച്ചകൾ നടത്തുകയും ചെയ്തു.

### സാഹിത്യ മത്സരങ്ങൾ

ഓഗസ്റ്റ് 14 2 pm ന് ഉച്ചയ്ക്കു ശേഷം മേഖലാ കേന്ദ്രങ്ങളിൽവെച്ച് രൂപത സാഹിത്യ മത്സരങ്ങൾ നടക്കുന്നതാണ്. വിഷയം രൂപത സമിതി നൽകുന്നതാണ്. ഈ വർഷത്ത മത്സരങ്ങളിൽ ആൺ,പെൺ വിഭാഗങ്ങൾ തിരിച്ചായിരിക്കും മത്സരങ്ങൾ നടത്തുന്നത്. (സാഹിത്യമത്സരത്തിൽസ ഒരു ഇനത്തിൽ ഒരു ശാഖയിൽനിന്ന് 2 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കും മത്സരിക്കാവുന്നതാണ്, കലാമത്സരത്തിലും അതേപോലെ 2 പേർക്ക് മത്സരിക്കാവുന്നതാണ്. മത്സരങ്ങളെ

സംബന്ധിച്ച് മറ്റ് വിവരങ്ങൾ വാട്സപ്പ് ഗ്രൂപ്പിലും മാർഗ്ഗരേഖയിലും നല്കിയിട്ടുണ്ട്.

### ആഗസ്റ്റ് മാസം പ്രോഗ്രാം

01 – പതിനഞ്ചു നോമ്പാരംഭം

04 – വി. ജോൺ മരിയ വിയാനി, വൈദികദിനം ഇടവകയിലെ വൈദികരെ ആദരിക്കുക, ആശംസകൾ അറിയിക്കുക.

06 – നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം, രൂപത എക്സിക്യൂട്ടീവ്

07 – ജൂബിലി വർഷ ഛായാചിത്ര പ്രയാണം താമരശ്ശേരി രൂപതയിൽ എത്തുന്നു

11 – കുഞ്ഞേട്ടൻ 13-ാം ചരമദിനം – അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം, വി.ക്ലാരയുടെ തിരുനാൾ

13 – വി. ജോൺ ബർക്കുമാൻസ് – അൾത്താര ബാലന്മാരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ, കുഞ്ഞേട്ടൻതീർത്ഥാടനം ആരംഭം, സംസ്ഥാന മാനേജിംങ്ങ് കമ്മറ്റി,
വി. മാക്സിമില്യൻ കോൾബേ

14 – രൂപത സാഹിത്യ മത്സരം (മേഖലാ കേന്ദ്രങ്ങളിൽ)

15 – പരി. കന്യാമറിയത്തിന്റെ സ്വർഗാരോപണം (കടമുള്ള ദിവസം), ഇന്ത്യൻ സ്വാതന്ത്ര്യദിനം,
'തിരിനാളം' സ്കിറ്റ് മത്സരം അവസാനദിവസം

27 – വി. അഗസ്റ്റിൻ

29 – വി. എവുപ്രാസ്യ

### *പ്രവർത്തനങ്ങൾ*

* കുഞ്ഞേട്ടന്റെ ചരമദിനം അല്മായ ദിനമായി ആചരിക്കുന്നു
* സംഘടനയുടെ വളർച്ചയ്ക്കുവേണ്ടി അത്യധ്വാനം ചെയ്തവരെ എല്ലാ തലങ്ങളിലും ആദരിക്കുന്നു
* "മിഷൻ ലീഗ് കുഞ്ഞേട്ടൻ" സ്റ്റാറ്റസ് വീഡിയോ മത്സരം സംസ്ഥാന തലത്തിൽ

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്

# തിരുബാലസഖ്യം

### ആഗസ്റ്റ് മാസ പ്രോഗ്രാം

പരിചയപ്പെടുന്ന വിശുദ്ധർ - വി. ജോൺ മരിയ വിയാനി

പ്രാർത്ഥനാ നിയോഗം - എല്ലാ ഇടവക വൈദികർക്കുംവേണ്ടി

സുകൃതജപം - എന്റെ അമ്മേ, എന്റെ ആശ്രയമേ

വചനം - എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. (ലൂക്കാ1:46)

01 - പതിനഞ്ചു നോമ്പാരംഭം

04 - വി. ജോൺ മരിയ വിയാനി, വൈദിക ദിനം - ഇടവകയിലെ വൈദികരെ ആദരിക്കുക, ആശംസകൾ അറിയിക്കുക.

06 - നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം

11 - വി. ക്ലാരയുടെ തിരുനാൾ

13 - വി. ജോൺ ബർക്കുമാൻസ് - അൾത്താര ബാലന്മാരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ, വി. മാക്സിമില്യൻ കോൾബേ

15 - പരി. കന്യാമറിയത്തിന്റെ സ്വർഗാരോപണം (കടമുള്ള ദിവസം), ഇന്ത്യൻ സ്വാതന്ത്ര്യദിനം

27 - വി. അഗസ്റ്റിൻ

29 - വി. എവുപ്രാസ്യ

പ്രവൃത്തി - മാതാവിന്റെ സ്തോത്രഗീതം ഗദ്യരൂപത്തിൽ കാണാതെ പഠിക്കുക, അത് വേദപാഠ ക്ലാസ്സിൽ പറയുവാൻ പരിശീലിപ്പിക്കുക.

ഗീതം - നിത്യപുരോഹിതനീശോയെ
നിന്റെ പുരോഹിത ദാസരേ നീ....

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെനേതൃത്വത്തിൽ മർഗാനീസ എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെ ക്കുറിച്ചുള്ള ഓൺലൈൻ പഠനപരമ്പരയിലെ ജൂലൈ മാസത്തിലെ ക്ലാസ്സുകൾ 9, 30 തീയതികളിൽ നടന്നു. ജൂലൈ 9 ലെ ക്ലാസ് നയിച്ചത് സീറോ മലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി അംഗവും ബെനഡിക്ടൈൻ സന്യാസിയുമായ ബഹു. ഡോ. സെബാസ്റ്റ്യൻ ഇടവഴിക്കൽ OSB അച്ചൻ ആണ്. 'നമ്മുടെ അനാഫൊറകളിലെ ക്രിസ്തുശാസ്ത്രം: ഒരു താരതമ്യ പഠനം' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം ക്ലാസ്സ് നയിച്ചത്.

ജൂലൈ 30ന് ക്ലാസ് നയിച്ചത് സീറോ മലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മീഷൻ സെക്രട്ടറി ബഹു ഡോ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ അച്ചനായിരുന്നു. 'സഭാ പിതാക്കന്മാരുടെ വിശുദ്ധ കുർബാന ഭാഷ്യം'എന്ന വിഷയത്തെ ആസ്പദമാക്കിയാണ് അദ്ദേഹം ക്ലാസ്സ് നയിച്ചത്. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 100 ഓളം പേർ സൂം മീറ്റിലൂടെ ഈ ക്ലാസ്സുകളിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം നൽകുന്ന ഈ ക്ലാസ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്.

ജൂലൈ മാസത്തിലെ ക്ലാസ്സുകൾക്ക് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തുതന്ന ഫാ. ജോസഫ് മാളിയേക്കൽ (ഓസ്ട്രേലിയ), രാജേഷ് കൂത്രപ്പള്ളി, താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷൻ അംഗം റിജോ കൂത്രപ്പള്ളി എന്നിവർക്ക് പ്രത്യേകം നന്ദി പറയുന്നു.

## സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ്

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസിന്റെ പുതിയ ബാച്ചിന്റെ ക്ലാസുകൾ എല്ലാ ഞായറാഴ്ചയും വൈകുന്നേരം 4 മണി മുതൽ 5 മണി വരെ ഗൂഗിൾ മീറ്റിലൂടെ നടത്തുന്നു. അമ്പതോളം പേർ ക്ലാസിൽ സംബന്ധിക്കുന്നുണ്ട്.

സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്. ഈ ക്ലാസ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് 8281346179 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# സ്റ്റാർട്ട്

## 2022-23 Master Training Course (MTC)

സ്റ്റാർട്ട് നടത്തുന്ന Master Training Course (MTC) ജൂലൈ1ന് ആരംഭിച്ചു. ഈകോഴ്സിൽ താമരശ്ശേരി, മാനന്തവാടി, തലശ്ശേരി, കോട്ടയം രൂപതകളിൽ നിന്നായി 25 ഓളം കുട്ടികൾ പങ്കെടുക്കുന്നു. സ്വഭാവ വൈശിഷ്ട്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമ്മിക ബോധവുമുള്ള മുൻനിരനേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും നമ്മുടെ ഇടയിൽനിന്ന് ദേശീയ-അന്തർദേശീയതലങ്ങളിൽ വളർത്തിയെടുക്കുക എന്നത് ഈ പരിശീലനപരിപാടിയുടെ മുഖ്യലക്ഷ്യമാണ്. പുതിയബാച്ചിലേക്കുള്ള അപേക്ഷ ഇനിയും അയയ്ക്കാൻ താല്പര്യമുള്ളവർ സ്റ്റാർട്ട് ഓഫീസുമായിബന്ധപ്പെടേണ്ടതാണ്.

## Comprehensive Basic and Advanced English Course

ഇംഗ്ലീഷ്ഗ്രാമറിന് പ്രത്യേക ഊന്നൽ കൊടുത്തുകൊണ്ടുള്ള ഇഗ്ലീഷ്പഠനം , യുക്തിവിചാരം (Logical Reasoning) എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയ E-learning course 2022ജൂലൈ 15 ന്ആരംഭിച്ചു. ഇതിനകം ധാരാളം വിദ്യാർത്ഥികളും സമർപ്പിതരും ഈ കോഴ്സിൽ പങ്കെടുക്കുന്നുണ്ട്. സ്റ്റാർട്ട് വെബ്സൈറ്റുവഴി നൽകപ്പെടുന്ന ക്ലാസ്സുകൾ ഏത് സമയത്തും പങ്കെടുക്കാൻപറ്റുന്നവിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഇനിയും പങ്കെടുക്കാൻ താത്പര്യപ്പെടുന്നവർ സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുക.

## Alpha Academy യുടെ ജർമ്മൻ കോഴ്സ്

Alpha Academy യുടെനേതൃത്വത്തിൽ നടത്തപ്പെടുന്ന ജർമ്മൻ കോഴ്സിൽ പങ്കെടുക്കുന്ന കുട്ടികളുടെ പഠനവും താമസസൗകര്യംസ്റ്റാർട്ടിലാണ് ഒരുക്കിയിരിക്കുന്നത്. പങ്കെടുക്കുന്ന എല്ലാവർക്കും സ്റ്റാർട്ടിലേയ്ക്ക് സ്വാഗതം.

## Comprehensive Logical Reasoning Course

യുക്തിവിചാരം (Logical Reasoning) ന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള E-learning course 2022 ഓഗസ്റ്റ് 1 ന് ആരംഭിക്കുന്നു. 8, 9, 10, 11 ക്ലാസ്സുകൾ പൂർത്തിയായവർക്കും, പ്ലസ്ടു, ഡിഗ്രി, പിജി കഴിഞ്ഞവർക്കും ഈ കോഴ്സിൽ പങ്കെടുക്കാവുന്നതാണ്. താല്പര്യമുള്ളവർ സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഓഫീസ്: 0495 2357843, 9037107843 (WhatsApp); E-mail: startindia@gmail.com.

Administrative Director: 9744458111; E-mail: startofficial22@gmail.com.

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
അഡിമിനിസ്ട്രേറ്റീവ് ഡയറക്ടർ

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ

## പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്ന് ആസ്ഥാനമായി പ്രവർത്തിക്കുന്ന പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആന്റ് സൈക്കോതെറാപ്പിയിൽ ഓഫ് ലൈനായും ഓൺലൈനായും കൗൺസിലിംഗും ക്ലാസ്സുകളും നടക്കുന്നു.

സ്ഥാപനത്തിന്റെ നിർമ്മാണത്തിലായിരുന്ന ഒന്നാം നിലയുടെ വെഞ്ചിരിപ്പ് കർമ്മം താമരശ്ശേരി രൂപതാ അധ്യക്ഷൻ അഭിവന്ദ്യ മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ നിർവ്വഹിച്ചു.

എം.എസ്.സി കൗൺസിലിംഗ് സൈക്കോളജി (Ist year)
എം.എസ്.സി കൗൺസിലിംഗ് സൈക്കോളജി (IInd year)
ഡിപ്ളോമ ഇൻ കൗൺസിലിംഗ് സൈക്കോളജി
ഡിപ്ളോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് (English)
ഡിപ്ളോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് (Malayalam)
എന്നീ കോഴ്സുകളുടെ പരീക്ഷകൾ നടക്കുന്നു.

**2022-23 എം.എസ്.സി കൗൺസിലിംഗ് സൈക്കോളജി ബാച്ച്-ക്ലാസ്സുകൾ ആരംഭിച്ചു**

എം.എസ്.സി ഇൻ കൗൺസിലിംഗ് സൈക്കോളജി
ഡിപ്ളോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് (Only for priests and nuns)
എന്നീ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ തുടരുന്നു. താൽപര്യമുള്ളവർ JPI ഓഫീസുമായി ബന്ധപ്പെടുക. Contact No : 9496575018 / 9037379180

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# അൽഫോൻസ കോളേജ് തിരുവമ്പാടി

## അഡ്മിഷൻആരംഭിച്ചു.

ബിരുദബിരുദാനന്തര കോഴ്സുകളിലേക്കു 202223 വർഷത്തെ പ്രവേശനന ടപടികൾ ആരംഭിച്ചു. വിവിധ പ്രോഗ്രാമിലേക്കുള്ള മാനേജ്മെന്റ് സീറ്റിലും പ്രവേശ ന നടപടിക്രമങ്ങൾ തുടങ്ങി. കോളേജ് ഓഫീസിൽനിന്നും കോളേജ് വെബ്സൈറ്റി ൽനിന്നും ലഭിക്കുന്ന അപേക്ഷഫോറം പൂരിപ്പിച്ച് അപേക്ഷിക്കാവുന്നതാണ്.

1. ബിഎ ജേർണലിസം & മാസ്സ്കമ്മ്യൂണിക്കേഷൻ
2. ബിഎ ഇംഗ്ലീഷ്
3. ബിഎസ്സി സൈക്കോളജി
4. ബികോം ഫിനാൻസ്
5. ബികോം കമ്പ്യൂട്ടർ അപ്ലിക്കേഷൻ
6. ബിബിഎ ഫിനാൻസ്

എന്നീ പ്രോഗ്രാമുകളിലേക്കാണ് അപേക്ഷക്ഷണിക്കുന്നത്.

## അൽഫോൻസാകോളജിന് I S O അംഗീകാരം

തിരുവമ്പാടി അൽഫോൻസകോളേജിന് അന്താരാഷ്ട്ര ഏജൻസി നൽകു ന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തിനുള്ള ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റം ISO അംഗീകാരംലഭിച്ചു

## വിപുലമായ പരിസ്ഥിതിപരിചരണ വാരാചരണം

ഹരിതായനം 2K22 എന്നപദ്ധതിയുടെ ഭാഗമായി ജൂൺ ആറിന് ഔഷധ സസ്യതോട്ടം നിർമ്മിക്കുന്നതിനായി കോളേജ് ക്യാമ്പസിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുകയും നിലംഒരുക്കുകയും ചെയ്തു. നിലമൊരുക്കൽ പ്രവർ ത്തനങ്ങൾക്ക് ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ അധ്യാപികമാരായ ഷീബമോൾ ജോസഫ്, ദീപ ഡൊമിനിക് എന്നിവർ നേതൃത്വംനൽകി. ജൂൺ ഏഴിന് അ ൽഫോൻസ കോളേജ് പ്രിൻസിപ്പൽ Dr. ചാക്കോ കെ.വി സാറിന്റെ നേതൃത്വ ത്തിൽ വിദ്യാർഥികൾ വീട്ടിൽനിന്ന് കൊണ്ടുവന്ന ഔഷധസസ്യങ്ങളും പച്ചക്ക റികളും നട്ടു.

'ഇന്നത്തെ തൈ നാളത്തെ തണൽ' എന്ന പരിപാടിയുടെ തുടർച്ചയായി ഹരിതായനം 2K22 'നാളെക്കായി' വൃക്ഷതൈവിതരണംജൂൺ 8 ന് നടത്തി. താമരശ്ശേരി രൂപത ഇൻഫാം പ്രസിഡന്റ് അഗസ്റ്റിൻ പുളിക്കക്കണ്ടത്തിൽ

ഉദ്ഘാടനം ചെയ്തു. ഫലവൃക്ഷങ്ങളുടെ പരിപാലനം, വളമിടൽ രീതികളെക്കുറിച്ചും, ജൈവകൃഷിയുടെ പ്രാധാന്യത്തെകുറിച്ചും അദ്ദേഹം സംസാരിച്ചു. വൃക്ഷത്തൈ നട്ടുകൊണ്ട് പരിപാടി ഉദ്ഘാടനം ചെയ്തു. കോളേജ് വൈസ് പ്രിൻസിപ്പൽ ഫാ. ഷെനീഷ് അഗസ്റ്റിൻ, NSS കോഡിനേറ്റർ ജോസഫ് പുളിമൂട്ടിൽ സാർ എന്നിവർ പരിപാടിക്ക് ആശംസ അർപ്പിച്ചു. പ്രസ്തുത പരിപാടിക്ക് ബി എ ഇംഗ്ലീഷ് മൂന്നാംവർഷ വിദ്യാർത്ഥികളായ സാന്ദ്രമരിയ സെബാസ്റ്റ്യൻ, സ്വാഗതവും ജോയൽ മൈക്കിൾ നന്ദിയും പറഞ്ഞു. തുടർന്ന് വിവിധ വൃക്ഷത്തൈകൾ കോളേജ് ക്യാമ്പസിൽ നടുകയും ചെയ്തു.

ജൂൺ ഒൻപതിന് എന്റെ സുന്ദരറോഡ് എന്നപേരിൽ കോളേജിലേക്കുള്ള പാതയോരങ്ങളിൽ പൂച്ചെടികൾനട്ട് പരിപാലിക്കുന്ന പ്രവർത്തനങ്ങൾ കോളേജിലെ വിവിധ ഡിപ്പാർട്ട്മെന്റുകളുടെ നേതൃത്വത്തിൽ ആരംഭിച്ചു, അൽഫോൻസ കോളേജിലെ ഗ്രീൻക്ലബ്ബിന്റെയും, MGNCRE യുടെയും, NSS ന്റെയും നേതൃത്വത്തിൽ കോളേജിന്റെ അകത്തളങ്ങളെ മനോഹരമാക്കുന്ന ആറുമാസം നീണ്ടുനിൽക്കുന്ന ഇൻഡോർപ്ലാന്റ് അലങ്കാരമത്സരം നടന്നു. വിദ്യാർത്ഥികളുടെനേതൃത്വത്തിൽ ക്ലാസ്മുറികൾ, വരാന്തകൾ, ഡിപ്പാർട്ട്മെന്റ് എന്നീസ്ഥലങ്ങൾ പ്രകൃതിദത്തവസ്തുക്കളുടെയും ഉപയോഗശൂന്യമായ വസ്തുക്കളുടെയും പുനരുപയോഗത്തിലൂടെ വിവിധ അലങ്കാരച്ചെടികൾ നട്ടുകൊണ്ട് ആരംഭിച്ചു.

### വായനവാരാഘോഷം സംഘടിപ്പിച്ചു

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഒരാഴ്ച നീണ്ടുനിന്ന വായനവാരാഘോഷം സംഘടിപ്പിച്ചു. കുട്ടികൾ വായിച്ച പുസ്തകത്തെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ റിവ്യൂ, 'ഞാൻ വായിച്ചപുസ്തകം', ഡിപ്പാർട്ട്മെന്റ് ലൈബ്രറി പുസ്തക ചങ്ങാതി, ക്വിസ്മത്സരം, അറിയാംവളരാം, പ്രമുഖഎഴുത്തുകാരെ പരിചയപ്പെടുത്തൽ തുടങ്ങി വിവിധ പരിപാടികളോടെയാണ് വായനാവാരാഘോഷം സംഘടിപ്പിച്ചത്. വാരാഘോഷത്തോടനുബന്ധിച്ച്നടന്ന പൊതുസമ്മേളനത്തിനു ഡോ. ചാക്കോ കെ.വി മുഖ്യസന്ദേശം നൽകി. തുടർന്ന് നടന്ന ക്വിസ്മത്സരത്തിൽ അലക്സ്റോബർട്ട്, ജോൺപോൾ ടീം ഒന്നാം സ്ഥാനം നേടി. സി. ജൂലിയ, സമൂവൽ വി.ജെ ടീം രണ്ടാംസ്ഥാനവും ലിവീന സിബി, അമല റോസ് ടീം മൂന്നാം സ്ഥാനവും നേടി. മി. ബെർണാഡ് ജോസ് ആയിരുന്നു ക്വിസ്മാസ്റ്റർ. ഇംഗ്ലീഷ് ഡിപ്പാർ ട്ട്മെന്റ്മേധാവി സെബാസ്റ്റ്യൻ ചെറിയാൻ, ഇംഗ്ലീഷ് അസോസിയേഷൻ സെക്രട്ടറി ജോയൽ ആന്റണി, ഹിമ ജോഷി, അച്യുത്നാഥ് എന്നിവർ നേതൃത്വം നൽകി.

ബി. എമാസ്കമ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ 'അറിയുമോ അലമാരയിലെ അയൽവാസികളെ' എന്നവിഷയത്തിൽ ഇന്റർഡിപ്പാർട്ട്മെന്റ്ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിച്ചു.

### സംഗീതദിനാഘോഷം നടത്തി

ലോകസംഗീത ദിനത്തോടനുബന്ധിച്ച് കോളേജിൽ സംഗീത ദിനം ആഘോഷിച്ചു. പരിപാടി കോളേജ് പ്രിൻസിപ്പിൾ ഡോ. ചാക്കോ കെ.വി. ഉദ്ഘാടനം ചെയ്തു. വിവിധ ഡിപാർട്ടുമെന്റുകളിലെ വിദ്യാർ ത്ഥികളും അധ്യാപകരും ഒരുമിച്ച് ഗാനങ്ങൾ ആലപിച്ചു. വിദ്യാർത്ഥി പ്രതിനിധി ജോയൽ ആന്റണി സ്വാഗതവും അധ്യാപിക സ്വീറ്റി ജോസ് നന്ദിയും പറഞ്ഞു.

### കരിയർ ഗൈഡൻസ് ക്ലാസ്

പ്ലസ്ടൂ റിസൾട്ട് വന്നതിനുശേഷം ഇനിയെന്ത് എന്ന വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആശങ്കപരിഹരിക്കുക എന്നലക്ഷ്യത്തോടെ ക്ലാസ്സ് സംഘടിപ്പിച്ചു. സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് എന്നീ വിഷയങ്ങളുടെ ഉന്നതപഠന സാധ്യതകളെയും, ജോലിലഭ്യതയെയുംകുറിച്ച് പ്രശസ്ത കരിയർഗൈഡൻസ് വിദഗ്ദൻ ക്ലാസെടുത്തു. അതോടൊപ്പംഡിഗ്രി ഏകജാലക അഡ്മിഷന് അപേക്ഷ കൊടുക്കുമ്പോൾ വിദ്യാർത്ഥിയുടെ അഭിരുചിയും ഇഷ്ടപ്പെട്ട കോമ്പിനേഷനും സംവരണ സാധ്യതകൾ നിലനിർത്തികൊണ്ട് എങ്ങനെ കൃത്യതയോടെ അപേക്ഷിക്കാം എന്നതിനെകുറിച്ച് കോളേജ് വൈസ് പ്രിൻസിപ്പൽ ഫാ. ഷെനീഷ് ആഗസ്റ്റിൻ ക്ലാസെടുത്തു. സൗജന്യ കരിയർഗൈഡൻസ് സെമിനാറിൽ വിദ്യാർത്ഥികളും രക്ഷിതാക്കളും പങ്കെടുത്ത് അവസരം പ്രയോജനപ്പെടുത്തി.

തിരുവമ്പാടി സേക്രട്ട്ഹാർട്ട് ഹയർസെക്കൻഡറി സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥികൾക്കും ജൂലൈ 2 ന് വൈസ് പ്രിൻസിപ്പൽ CAP ID മായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് ക്ലാസ്എടുക്കുകയും അവരുടെ സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു.

### ഫിഫവേൾഡ്കപ്പ് ക്വിസ്മത്സരത്തിൽ അൽഫോൻസ കോളേജ് സെക്കന്റ് റണ്ണർഅപ്പ്

ഡോം ഖത്തർകിക്കോഫ് 2022 ഫിഫ ലോകകപ്പ് ക്വിസ് തിരുവമ്പാടി അഫോൻസ കോളേജ് സെക്കന്റ് റണ്ണറപ്പ്. ഖത്തറിലെ മലപ്പുറം ജില്ലക്കാരുടെ കൂട്ടായ്മയായ ഡയസ്പോറ ഓഫ് മലപ്പുറം (ഡോംഖത്തർ) ഖത്തർ ഫിഫവേൾഡ് കപ്പ് പ്രചാരണാർത്ഥം കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ കേരളത്തിലെ കോളേജ് വിദ്യാർഥികൾക്കായി നടന്ന ഫിഫ വേൾഡ്കപ്പ്ക്വിസ് മത്സരത്തിൽ തിരുവമ്പാടി അൽഫോൻസ കോളേജ് സെക്കന്റ് റണ്ണർഅപ്പ് ആയി.

ഗ്രാൻറ്മാസ്റ്റർ ജി.എസ് പ്രദീപ് ക്വിസ്മാസ്റ്ററായിരുന്ന മത്സരത്തിൽ അൽഫോൻസ കോളേജിനുവേണ്ടി ബി.കോം. ഫിനാൻസ് രണ്ടാം വർഷവിദ്യാർത്ഥി അലക്സ് റോബർട്ടും ബിബിഎ രണ്ടാം വർഷ വിദ്യാർത്ഥി അജു ബാബു

വും അടങ്ങുന്ന ടീമാണ് മൂന്നാം സ്ഥാനം നേടിയത്. 12022 രൂപയും പ്രശസ്തി പത്രവും ട്രോഫിയും അടങ്ങിയതാണ് സമ്മാനം. അറുപതോളം കോളേജുകൾ പങ്കെടുത്തമത്സരത്തിൽ പ്രാഥമിക റൗണ്ടിൽ ഒന്നാംസ്ഥാനം നേടിയാണ് അൽഫോൻസ ടീം ഫൈനൽ റൗണ്ടിൽ പ്രവേശിച്ചത്.

### ചിത്രരചനാമത്സരം

ജൂലൈ 5 ബഷീർ അനുസ്മരണ ദിനത്തോടനുബന്ധിച്ച് മലയാളം, ജേണലിസം ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ചിത്രരചനാമത്സരം സംഘടിപ്പിച്ചു. ബഷീർകൃതിയിലെ കഥാപാത്രങ്ങളുടെ  ചിത്രങ്ങളാണ് രച്ചത്. മികച്ച 2 ചിത്രങ്ങൾക്ക് സമ്മാനം നല്കി മാസ് കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ ഇൻസ്റ്റാഗ്രം പേജിൽ ചിത്രം പബ്ലിഷ് ചെയ്തു.

### 100% വിജയത്തോടെ അൽഫോൻസ കോളേജ് മികവ്നിലനിർത്തി

കാലിക്കറ്റ്ട്ട് യൂണിവേഴ്സിറ്റിയുടെ ബികോം ഫിനാൻസ്, ബികോം സിഎ , ബിബിഎ ബിരുദകോഴ്സുകളിൽ ആറാം സെമസ്റ്ററിൽ 100% ശതമാനം അൽഫോൻസ കോളേജിലെ കുട്ടികൾ മികവ് നിലനിർത്തി.

ബിഎ ഇംഗ്ലീഷ്, ബിഎസ്സ് സൈക്കോളജി എന്നീ കോഴ്സുകളിൽ യഥാക്രമം 96 ശതമാനവും 93 ശതമാനവും വിജയംനേടി.

### ആട്യപാട്യാസീനിയർ നാഷണൽ ചാമ്പ്യൻഷിപ്

2022 ജൂൺ 8,9,10 തിയ്യതികളിൽ പോണ്ടിച്ചേരിയിൽവെച്ച് നടന്ന ദേശീയ പുരുഷവിഭാഗം അട്യാപാട്യ ചാമ്പ്യൻഷിപ്പിലും ജൂൺ 11, 12 ദിവസങ്ങളിൽ നടന്ന 6th ഫെഡറേഷൻ നാഷണൽ ആട്യപാട്യമത്സരത്തിലും ഒന്നാംസ്ഥാനവും ഗോൾഡ് മെഡലും നേടിയ കേരള ടീമിൽ അംഗമായ അൽഫോൻസ കോളേജിന്റെ അഭിമാനതാരംബി.ബി.എ മൂന്നാംവർഷ വിദ്യാർത്ഥി മുഹെയ്നുൽ അശ്വദിന് കോളേജിൽ സ്വീകരണം നല്കി.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

# വിദ്യാഭ്യാസരംഗം

താമരശ്ശേരി മാർ മങ്കുഴിങ്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ വെച്ചു നടന്ന കോർപ്പറേറ്റ് സ്കൂൾ പ്രധാനധ്യാപകരുടെ 2022-23 അധ്യയനവർഷത്തെ പ്രഥമസമ്മേളനം 16.07.2022 ശനിയാഴ്ച രാവിലെ 10.30 ന് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടൂ പരീക്ഷകളിൽ കോർപ്പറേറ്റ് സ്കൂളുകൾ മികച്ച വിജയം നേടിയതിൽ പിതാവ് സന്തോഷം അറിയിക്കുകയും വിജയത്തിനുപിന്നിൽ പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കുകയും ചെയ്തു. ഡിവിഷൻ ഫാൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ കാലേക്കൂട്ടി ആസൂത്രണം ചെയ്യണമെന്ന് പിതാവ് നിർദ്ദേശിച്ചു. യോഗത്തിൽ അധ്യക്ഷത വഹിച്ച കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗീസ് സ്കൂളുകളിലെ അധ്യയനപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രധാനധ്യാപകർക്ക് നൽകി. പ്രിൻസിപ്പാൾസ് & ഹെഡ്മാസ്റ്റേഴ്സ് ഫോറം പ്രസിഡണ്ട് ശ്രീ. അഗസ്റ്റിൻ മഠത്തിപ്പറമ്പിൽ സ്വാഗതവും സെക്രട്ടറി ശ്രീ. ജേക്കബ് കോച്ചേരി നന്ദിയും പറഞ്ഞു. പുതിയ വർഷത്തെ ഫോറം ഭാരവാഹികളായി താഴെപ്പറയുന്നവരെ തെരഞ്ഞെടുത്തു :

ശ്രീ. അഗസ്റ്റിൻ മഠത്തിപ്പറമ്പിൽ (പ്രസിഡണ്ട്), ശ്രീ. വിപിൻ എം. സെബാസ്റ്റ്യൻ (വൈസ് പ്രസിഡണ്ട്), ശ്രീ. ജേക്കബ് കോച്ചേരി (സെക്രട്ടറി), ശ്രീമതി സിന്ധു യൂ.സി. (ജോയിന്റ് സെക്രട്ടറി)

### പ്ലസ് ടൂ പരീക്ഷയിൽ മുഴുവൻമാർക്കും നേടിയ വിദ്യാർത്ഥികളെ ആദരിച്ചു

2022 മാർച്ച് മാസം നടന്ന പ്ലസ് ടൂ പരീക്ഷയിൽ മുഴുവൻ മാർക്കും (1200/1200) നേടി ചരിത്ര വിജയം കരസ്ഥമാക്കിയ പുല്ലൂരാംപാറ സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂളിലെ ജൂലിയ ബിജു, മേഘ്ന ബെന്നി, അലൻ സെബാസ്റ്റ്യൻ എന്നീ പ്രതിഭാശാലികളെ പ്രത്യേക ക്യാഷ് അവാർഡ് നൽകി ആദരിച്ചു. പുല്ലൂരാംപാറ സ്കൂളിൽ ചേർന്ന അനുമോദനയോഗത്തിൽവെച്ച് അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് അയ്യായിരം രൂപയുടെ ക്യാഷ് അവാർഡ് വിജയികൾക്ക് സമ്മാനിച്ചു.

### ആദരാഞ്ജലികൾ

നമ്മുടെ കോർപ്പറേറ്റിനുകീഴിലുള്ള വിവിധ സ്കൂളുകളിൽ പതിറ്റാണ്ടുകൾ നീണ്ട മാതൃകാ അധ്യാപകജീവിതം കാഴ്ചവെച്ചതിനുശേഷം വിശ്രമജീവിതത്തിലായിരുന്ന സിസ്റ്റർ ത്രേസ്യാമ്മ കെ.വി. (ഹോളി ഫാമിലി യൂ.പി. സ്കൂൾ, പടത്തുകടവ്), ശ്രീമതി പി.ഡി.മേരി (സേക്രട്ട് ഹാർട്ട് യൂ.പി. സ്കൂൾ, തിരുവമ്പാടി),

ശ്രീ. കെ.എം. ജോസഫ് (ലിറ്റിൽ ഫ്ളവർ എൽ.പി. സ്കൂൾ, പുഷ്പഗിരി) എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പ്രിയപ്പെട്ട ഈ അധ്യാപകരുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### പ്രൈമറി അധ്യാപക നിയമനം (TTC/D.Ed) അപേക്ഷ ക്ഷണിക്കുന്നു

കോർപ്പറേറ്റ് സ്കൂളുകളിൽ ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള പ്രൈമറി സ്കൂൾ അധ്യാപകരുടെ (LPST) ഒഴിവുകളിൽ നിയമിക്കപ്പെടുന്നതിന് പൂർണ്ണ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് 16.08.2022 മുതൽ 15.09.2022 വരെയുള്ള കാലയളവിൽ കോർപ്പറേറ്റ് മാനേജരുടെ ഓഫീസിൽനിന്നും ലഭ്യമാകുന്ന നിശ്ചിത അപേക്ഷാഫോമിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകർ 15.09.2022 ന് TTC/D.Ed. യോഗ്യതയും, കെ.ടെറ്റ് കാറ്റഗറി I/II യോഗ്യതയും നേടിയിരിക്കണം.

**ഫാ. ജോസഫ് വർഗീസ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ

## ആൽഫ മരിയ അക്കാദമി

### ജർമൻ ഭാഷാ പരിശീലനം

ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ ജർമൻ ഭാഷാ പരിശീലന ക്ലാസുകൾ കോഴിക്കോട് സ്റ്റാർട്ടിൽ വച്ച് ജൂലൈ 4 മുതൽ ആരംഭിച്ചിരിക്കുന്നു. അടുത്ത ബാച്ചിന്റെ ക്ലാസുകൾ ആഗസ്റ്റ് 1 മുതൽ ആരംഭിക്കുന്നു.

### സിവിൽ സർവ്വീസ് പരിശീലനം

താമരശ്ശേരി രൂപതയുടെ കീഴിലുള്ള ആൽഫ മരിയ അക്കാദമിയിൽ 2022 -2023 വർഷത്തെ UP, HS (5th Std to 10th std) വിദ്യാർത്ഥികൾക്കുള്ള സിവിൽ സർവ്വീസ് ഓറിയന്റഡ് ഫൗണ്ടേഷൻ കോഴ്സിന്റെ ഉദ്ഘാടനം അൽഫയുടെ വിവിധ സെന്ററുകളിൽ നടത്തി. ജൂൺ 29 ന് മഞ്ചേരിയിൽ ഉള്ള പുത്തനങ്ങാടി സെന്റ് ജോസഫ് സ്കൂളിൽ നടന്ന ചടങ്ങിൽ സ്കൂൾ പ്രിൻസിപ്പാൾ ഫാദർ പ്രേംകുമാർ CFIC പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. എല്ലാ ബുധനാഴ്ചയും ഉച്ചകഴിഞ്ഞ് ക്ലാസുകൾ നടത്തപ്പെടുന്നു.

പെരിന്തൽമണ്ണ അമല അക്കാദമിയിൽ ജൂലൈ 4 ന് നടന്ന ലളിതമായ ചടങ്ങിൽ ആൽഫ മരിയ അക്കാദമിയുടെ ഡയറക്ടർ ഫാദർ ജോസഫ് പുളിച്ചമാക്കൽ കോഴ്സിന്റെ ഉദ്ഘാടനം നിർവഹിച്ചു. തിരുവമ്പാടി ആൽഫ സെന്ററിൽ ശ്രീ . ഉണ്ണികൃഷ്ണൻ സാറിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ഫാദർ ദീപു വ

ള്ളിക്കുന്നേൽകോഴ്സ് ഉദ്ഘാടനം ചെയ്തു. ശ്രീ. ഉണ്ണികൃഷ്ണൻ സാറിന്റെ നേതൃത്വത്തിൽ മോട്ടിവേഷൻ ക്ലാസ് കുട്ടികൾക്ക് വേണ്ടി നടത്തി. ഞായറാഴ്ച കളിൽ 2.30 മുതൽ 5.30 വരെയാണ് ക്ലാസ്സ്.

### പി.എസ്.സി പരിശീലനം

ആൽഫ മരിയ അക്കാദമിയുടെ തിരുവമ്പാടി സെന്ററിൽ പി.എസ്.സി പരിശീലനം ഓഗസ്റ്റ് 6ന് ആരംഭിക്കും. പരിചയ സമ്പന്നരായ അധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 0495 2252180, 8590 326 303, 9946865818 നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

## മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

താമരശ്ശേരി രൂപതയിലെ പ്രോ-ലൈഫ് യൂത്ത് വിങ്ങിന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കായി കോഴിക്കോട് പി.എം.ഒ.സി.യിൽ വച്ച് ജൂൺ 25 ശനിയാഴ്ച ഏകദിന ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. രൂപത-മേഖലാ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട യൂത്ത് വിങ്ങ് അംഗങ്ങളും എക്സിക്യൂട്ടീവ് അംഗങ്ങളും സെമിനാറിൽ പങ്കെടുത്തു. പ്രോ-ലൈഫിന്റെ ഭാവി പ്രവർത്തകരെ ആദ്ധ്യാത്മികമായും ഭൗതികമായും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സെമിനാർ സംഘടിപ്പിച്ചത്. രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, രൂപത എക്സിക്യൂട്ടീവ് അംഗം ശ്രീ. ഷിബു ജോൺ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം വഹിച്ചു. പ്രോ-ലൈഫ് യൂത്ത് വിംങ്ങ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡന്റ് - സുബിൻ തയ്യിൽ
വൈസ് പ്രസിഡന്റ് - അനേഗ് തോണിപ്പാറ,
ശ്വേത കാഞ്ഞിരക്കാട്ടുതൊട്ടിയിൽ
ജനറൽ സെക്രട്ടറി - ലൈജു അരിയപറമ്പിൽ,
ഹെബ്സിബ ബെന്നി കുളമാലയിൽ
ട്രഷറർ - ജെയ്സൺ തറയിൽ
എക്സിക്യൂട്ടീവ് മെമ്പേഴ്സ് - പ്രിൻക ബെന്നി, അനു ജോസഫ്,
അമൽ ജോൺ വിനോജ്,
ബോസ്റ്റിൻ ജോസ്, ജെയ്സൺ വർഗ്ഗീസ്

### ഉന്നത വിജയം നേടിയവരെ ആദരിച്ചു

കോടഞ്ചേരി: താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ താമരശ്ശേരി രൂപതയിലെ വലിയ കുടുംബങ്ങളിൽ നിന്ന് എസ്എസ്എൽസി, പ്ലസ് ടു എന്നിവയ്ക്ക് ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ക്യാഷ് അവാർഡ് നൽകി ആദരിച്ചു സമ്മേളനത്തിൽ കോടഞ്ചേരി ഫൊറോന വികാരി ബഹുമാനപ്പെട്ട കുര്യാക്കോസ് ഐക്കുളമ്പിൽ ക്യാഷ് അവാർഡ് വിതരണം ചെയ്തു.രൂപത ഡയറക്ടർ ജോസ് പെണ്ണാപറമ്പിൽ, രൂപത പ്രസിഡണ്ട് സജീവ് പുരയിടത്തിൽ, സെക്രട്ടറി ജോൺസൺ തെങ്ങുംതോട്ടത്തിൽ, രൂപത എക്സിക്യൂട്ടീവ് അംഗം മാർട്ടിൻ തെങ്ങുംതോട്ടത്തിൽ, തിരുവമ്പാടി മേഖലാ പ്രസിഡണ്ട് തോമസ് പുത്തൻപുരയ്ക്കൽ എന്നിവർ പങ്കെടുത്തു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് വന്ന 20 ൽ പരം കുട്ടികൾക്ക് 3000 രൂപ വച്ച് വിതരണം ചെയ്തു. പ്ലസ് ടു പരീക്ഷയ്ക്ക് 1200 മാർക്ക് വാങ്ങിയ മേഘന ബെന്നി ആനക്കല്ലേലിനെ യോഗം പ്രത്യേകമായി അഭിനന്ദിച്ചു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇൻഡ്യ

### സി.എൻ.ജി ഐ ലീഡേർസ് മീറ്റ് 2022

പി.ഒ.സി യിൽ വച്ച് നടത്തപ്പെട്ട സി.എൻ.ജി. ഐ ലീഡേർസ് മീറ്റിൽ താമരശ്ശേരി രൂപത പ്രസിഡണ്ട് സി. ലിസ് മേരി എം. എസ്. ജെയും സി. സൂസൻ സി.എം.സിയും പങ്കെടുക്കുകയുണ്ടായി.

### റോസ മിസ്റ്റിക്ക മാതാവിന്റെ തിരുനാളും നഴ്സസ് സംഗമവും

ഇറ്റലിയിലെ മോണ്ടിച്ചിയാരിയിൽ ജനിച്ച പിയേറിനെ ഗില്ലി എന്നനേഴ്സിനു പരിശുദ്ധ അമ്മ നൽകിയ ദർശനങ്ങളാണ് റോസാമിസ്റ്റിക്ക മാതാവിന്റെ ചരിത്രത്തിന് പിന്നിലുള്ളത്. ജൂലൈ പതിമൂന്നാം തീയ്യതി, റോസാമിസ്റ്റിക്ക മാതാവിന്റെ തിരുനാൾ ദിനം, കോഴിക്കോട് സിറ്റിയിലുള്ള വിവിധ ആശുപത്രികളിൽ സേവനം ചെയ്യുന്ന നഴ്സുമാർ മാങ്കാവ്, സെന്റ് ജോസഫ്സ് പള്ളിയിൽ വൈകുന്നേരം നാലു മണിക്ക് ഒരുമിച്ചുകൂടി. ജപമാല, റോസമിസ്റ്റിക്ക മാതാവിനോടുള്ള പ്രാർത്ഥന, വചനപ്രഘോഷണം, വിശുദ്ധ കുർബ്ബാന എന്നിവ ക്രമീകരിച്ചിരുന്നു. സ്നേഹവിരുന്നോടുകൂടി നഴ്സസ് സംഗമം സമാപിച്ചു.

### രൂപത ലീഡേർഡ് മീറ്റിംങ്

ജൂലൈ പതിനേഴാം തീയ്യതി ഞായറാഴ്ച, സി.എൻ.ജി.ഐ സ്‌റ്റേറ്റ് എക്സിക്യൂട്ടിവ് അംഗങ്ങൾ, രൂപത ലീഡേഴ്സ് എന്നിവരുടെ സംയുക്ത മീറ്റിംങ് ഓൺലൈനായി നടത്തപ്പെട്ടു. സി.എൻ.ജി.ഐ സ്‌റ്റേറ്റ് ലെവൽ ഇയർ പ്ലാൻ, സോണൽ മീറ്റിംങ്, മെമ്പർഷിപ്പ് എന്നിവയെ കുറിച്ച് യോഗം ചർച്ച ചെയ്തു. താമരശ്ശേരി രൂപത ഭാരവാഹികൾ പ്രസ്തുത മീറ്റിംങിൽ സജീവമായി പങ്കുചേർന്നു.

### മലബാർ സോൺ ലീഡേർസ് മീറ്റ്

ജൂലൈ ഇരുപത്തിരണ്ട് വെള്ളിയാഴ്ച സി.എൻ.ജി.ഐ മലബാർ സോൺ ലീഡേർസ് മീറ്റ് ഓൺലൈനായി നടത്തപ്പെട്ടു. താമരശ്ശേരി രൂപത ഭാരവാഹികൾ പ്രസ്തുത മീറ്റിംങിൽ പങ്കെടുത്തു. മലബാർ സോണിനെ ശക്തിപ്പെടുത്തണ്ടേതിന്റെ ആവശ്യകതകളെക്കുറിച്ച് യോഗം ചർച്ച ചെയ്തു.

**ഫാ. റോണി പോൾ കാവിൽ**
ഡയറക്ടർ, സി.എൻ.ജി.ഐ

## കെ.സി.വൈ.എം.
## എസ്.എം.വൈ.എം

### കൊയ്നോസ് 2022, മലബാർ റീജിയൺ സംഗമം

ജൂൺ 24, 25, 26 തീയതികളിൽ കെ. സി. വൈ. എം സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ മലബാർ റീജിയണിലെ 6 രൂപതകളിലെ നേതാക്കൾക്കായി ദ്വാരക പാസ്റ്റർ സെന്ററിൽ വെച്ച് നടത്തിയ KOINOS 2022 മലബാർ റീജിണൽ ക്യാമ്പ് നടത്തപ്പെട്ടു. രൂപതയെ പ്രതിനിധീകരിച്ച് ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ, ഫാ. സബിൻ തൂമുള്ളിൽ, സിസ്റ്റർ ഷാർലെറ്റ് റോസ് സിഎംസി, അഭിലാഷ് കുടിപ്പാറ, റിച്ചാൾഡ് ജോൺ, അഖില തോമസ്, അലീന മാത്യു, അലീന സോജൻ, ഡിയ എന്നിവർ പങ്കെടുത്തു.

### വിദേശപഠന സാധ്യതകളും നിയമവശങ്ങളും: വെബിനാർ സംഘടിപ്പിച്ചു

ജൂലൈ 2 ന് വൈകിട്ട് 6 മുതൽ 7.30 വരെ പ്ലസ് ടു വിന് ശേഷം വിദേശ പഠനത്തിന് തയ്യാറെടുക്കുന്ന വിദ്യാർത്ഥികളും മാതാപിതാക്കളും അറിഞ്ഞിരിക്കേണ്ട നിയമവശങ്ങളെപ്പറ്റി ഇമ്മി ലോ ഗ്ലോബലുമായി സഹകരിച്ചുകൊണ്ട് യുവജനങ്ങൾക്കായി വെബിനാർ സംഘടിപ്പിച്ചു. ഇമ്മി ലോ ഫൗണ്ടർ ഡയറക്ടർ സിന്ധു മോൾ ജോൺ, സ്റ്റഡി ഹെഡ് രൂപേഷ് വർമ്മ എന്നിവർ ക്ലാസുകൾ നയിച്ചു.

## അത്‌ലറ്റിക്കോഴ്സ് 22 - ഫുട്ബോൾ ടൂർണമെന്റ്: കരയാത്തുംപാറ യൂണിറ്റിന് കിരീടം

കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കായിക മാമാങ്കമായ ATHLETIKOS'22 ന്റെ ഭാഗമായി ജൂലൈ 22ന് തിരുവമ്പാടി ബസുക്ക ഇൻഡോർ ടർഫിൽ നടത്തിയ ഫുട്ബോൾ ടൂർണമെന്റിൽ കരിയാത്തുംപാറ യൂണിറ്റ് വിജയികളായി. തേക്കുംകുറ്റി യൂണിറ്റ് റണ്ണേഴ്സ് അപ്പ് ആയി. രൂപതയിലെ വിവിധ യൂണിറ്റുകളിൽ നിന്നായി 53 ടീമുകൾ ഏറ്റുമുട്ടിയ ടൂർണമെന്റിന് തിരുവമ്പാടി മേഖല ആതിഥേയത്വം വഹിച്ചു. ചാമ്പ്യൻമാർക്ക് രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ ട്രോഫിയും ക്യാഷ് പ്രൈസും സമ്മാനിച്ചു. റണ്ണേഴ്സ് അപ്പ് ട്രോഫിയും ക്യാഷ് പ്രൈസും സ്പോൺസേഴ്സ് പ്രതിനിധിയായ ചാത്തമങ്കലം ഫൈനാൻസിയേഴ്സ് മാനേജർ ഷിബിൻ കൈമാറി. രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ, തിരുവമ്പാടി മേഖല ഡയറക്ടർ ഫാ. അമൽ പുരയിടത്തിൽ, പ്രസിഡന്റ് എഡ്വിൻ അഗസ്റ്റി, രൂപത വൈസ് പ്രസിഡന്റ് ഡോണസ് മുണ്ടക്കൽ, ജെസ്റ്റിൻ സൈമൺ, അഖിൽ ജോസ്, ആൽബിൻ കെ. ജോസഫ്, ആൽബിൻ ജോബി, ആനന്ദ്, ആൽബിൻ ജോസഫ്, അക്ഷയ് റോബർട്ട്, നവീൻ റിൻസ്, അഞ്ജലി ജോയ്, നിമിഷ, അജയ് അഗസ്റ്റിൻ, അജിത്ത് അഗസ്റ്റി എന്നിവർ നേതൃത്വം നൽകി. ടൂർണമെന്റിൽ പങ്കെടുത്ത എല്ലാ ടീമുകൾക്കും പിന്തുണച്ച് വികാരിയച്ചന്മാർക്കും മേഖലാസമിതികൾക്കും നന്ദിയും അഭിനന്ദനങ്ങളും.

### യുവജന ഞായർ: ജൂലൈ 10

2022 വർഷത്തിൽ കെ.സി.ബി.സി. യുവജന ഞായറായി ആഘോഷിക്കുന്ന ജൂലൈ 10 ന് രൂപതയിലെ ബഹുഭൂരിപക്ഷം ഇടവകകളിലും യുവജന ദിന ആഘോഷവും 2022-23 വർഷത്തെ അംഗത്വ സ്വീകരണവും അംഗത്വ നവീകരണവും നടത്തപ്പെട്ടു. രൂപതയിലെ വിവിധ യൂണിറ്റുകളിൽ നിന്നായി 2143 യുവതിയുവാക്കൾ ഈ വർഷം പുതുതായി അംഗത്വം സ്വീകരിച്ചു. +2 പഠനം പൂർത്തിയാക്കിയവരെ കൂടുതൽ പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നതിനായി സജീവ അംഗത്വമെന്ന പുതിയ ആശയം യൂണിറ്റ് തലങ്ങളിൽ നടപ്പിലാക്കി വരുന്നു.

പുതുതായി കടന്ന് വന്ന അംഗങ്ങളെ യൂണിറ്റ് ഡയറക്ടറച്ചന്മാരും, പ്രസിഡന്റുമാരും ചേർന്ന് പ്രതിജ്ഞ വാചകത്തോടെ സംഘടനയിലേക്ക് സ്വാഗതം ചെയ്യുകയും പ്രൈമറി മെമ്പർഷിപ്പ് ടാഗുകൾ അണിയിക്കുകയും ചെയ്തു . 2050 ഓളം പേർ സജീവ അംഗങ്ങളായി സംഘടനയിൽ പ്രവർത്തിക്കാൻ കടന്നു വന്നിട്ടുണ്ട്. നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും സംഘടനാ നേതൃത്വത്തിനും ഹൃദയപൂർവ്വം അഭിനന്ദനങ്ങളും നന്ദിയും...

## യുവദർശൻ മുഖപത്രം

യുവജന ഞായറിനോട് അനുബന്ധിച്ച് പുറത്തിറക്കിയ 'യുവദർശനം' മുഖപത്രം രൂപതയിലെ എല്ലാ വീടുകളിലും യൂണിറ്റ് സമിതികളുടെയും കുടുംബ യൂണിറ്റ് ഭാരവാഹികളുടെയും സഹായത്തോടെ വിതരണം പൂർത്തിയാക്കി.

## പ്രതിഷേധങ്ങൾ

1. ജൂൺ 22ന് ക്രൈസ്തവ വിശുദ്ധരേയും പാരമ്പര്യങ്ങളെയും രക്ത സാക്ഷികളെയും അപഹസിച്ച് ആർ. എസ്. എസ് വാരികയായ കേസരിയിൽ പ്രസിദ്ധീകരിച്ച ലേഖനം സംഘപരിവാറിന്റെ ക്രൈസ്തവ വിരുദ്ധതയുടെ പുതിയ മുഖമാണെന്നും ലേഖനം പിൻവലിച്ചു മാപ്പ് പറയാൻ നേതൃത്വം തയ്യാറാകണം എന്ന് കെ. സി. വൈ. എം എസ്.എം.വൈ. എം താമരശ്ശേരി രൂപത ആഹ്വാനം ചെയ്തു.
2. ജൂൺ 28 ന് ബഫർ സോൺ സർക്കാർ വഞ്ചനയ്ക്കെതിരെ താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ കോഴിക്കോട് മലപ്പുറം കലക്ടറേറ്റുകളിലേക്ക് നടത്തിയ ബഹുജന പ്രക്ഷോഭ റാലിയിൽ നിരവധി യുവജനങ്ങൾ പങ്കുച്ചേർന്നു.
3. പാഠപുസ്തകത്തിലെ നവോത്ഥാന നായകന്മാരുടെ പട്ടികയിൽ നിന്നും ചാവറ കുര്യാക്കോസ് എലിയാസ് അച്ചനെ ഒഴിവാക്കിയതിൽ പ്രതിഷേധം രേഖപെടുത്തി.

## പ്രണാമം, മംഗളങ്ങൾ

1. ജൂൺ 11 ന് താമരശ്ശേരി രൂപതയുടെ പ്രഥമ ഇടയൻ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയ്ക്ക് പ്രണാമം അർപ്പിച്ചു
2. ജൂൺ 28 കെസിവൈഎം സ്വർഗ്ഗീയ മധ്യസ്ഥനായ വി. തോമസ് മൂറിന്റെ തിരുനാൾ മംഗളങ്ങൾ നേർന്നു.

## നിലാവുകൂട്ടങ്ങൾ

വെറ്റിലപ്പാറ, ചക്കിട്ടപ്പാറ ഇടവകകളിൽ നിലാവ് കൂട്ടം പ്രോഗ്രാം നടത്തി. ഏതെങ്കിലും ഇടവകകളിൽ നിലാവ്കൂട്ടം നടത്താൻ താല്പര്യമുണ്ടെങ്കിൽ വികാരിയച്ചൻമാർ അറിയിക്കുമല്ലോ.

## മേഖലാ അർദ്ധ വാർഷിനെറ്റുകൾ

വിലങ്ങാട്, തിരുവമ്പാടി, മലപ്പുറം പെരിന്തൽമണ്ണ ഫൊറോനകളിൽ മേഖല അർദ്ധ വാർഷിക സെനറ്റുകൾ നടത്തി. യൂണിറ്റുകളുടെ റിപ്പോർട്ട് അവതരണം, പൊതുസമ്മേളനം, സംഘടനാ ചർച്ച തുടങ്ങിയ ക്രമീകൃതമായ സെനറ്റ് നടപടികൾ എല്ലാ മേഖലകളിലും നടത്തി. നേതൃത്വം നൽകുന്ന മേഖലാ ഡയറക്ടർമാർക്കും അനിമേറ്റർമാർക്കും മേഖല സമിതികൾക്കും ഹൃദയപൂർവ്വം അഭിനന്ദനങ്ങൾ.

## മേഖല യുവജന സംഗമം

മലപ്പുറം മേഖലയിലെ 9 ഇടവകകളിൽ നിന്ന് 180 ഓളം യുവജനങ്ങൾ ഒന്നുചേർന്ന യുവജന സംഗമം ജൂലൈ 10 ന് മലപ്പുറം ദേവാലയത്തിൽ വെച്ച് നടന്നു. ശ്രീ. എബ്രഹാം പെരിന്തൽമണ്ണ ക്ലാസുകൾ നയിച്ചു. രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ വി. കുർബാന അർപ്പിച്ച് സംസാരിച്ചു. സ്പോർട്സ് മീറ്റ് ലോഗോ പ്രകാശനം, ഉന്നത വിജയികളെ അഭിനന്ദിക്കൽ, അംഗത്വ സ്വീകരണം, ട്രഷർ ഹണ്ടിങ് തുടങ്ങി നിരവധി പരിപാടികളോട് കൂടെയാണ് യുവജന സംഗമം നടന്നത്. ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ, മേഖല ഡയറക്ടർ ഫാ. അഗസ്റ്റിൻ മച്ചുകുഴിയിൽ, പ്രസിഡന്റ് ശ്രീ. ആൽബിൻ, അനിമേറ്റർ സി. ലിസ്ബൽ, മേഖലാ സമിതി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## മറ്റു പരിപാടികൾ

1. പാറോപ്പടി മേഖലയുടെ നേതൃത്വത്തിൽ കരുണാഭവൻ സന്ദർശിച്ച് യുവജന ഞായർ ആഘോഷം നടത്തി.
2. പുല്ലൂരാംപാറ ഇടവക യുവജന സംഗമം Gang Up 2022 ജൂലൈ 16 ന് നടത്തി . ഇരുന്നൂറോളം യുവജനങ്ങൾ പങ്കെടുത്തു. കുരാച്ചുണ്ട് ഇടവക യുവജന സംഗമവും അംഗത്വ സ്വീകരണവും ജൂലൈ 17 ഞായറാഴ്ച നടത്തി. തിരുവമ്പാടി, ചക്കിട്ടപ്പാറ ഇടവക യുവജന സംഗമവും അംഗത്വ സ്വീകരണവും ജൂലൈ 10ന് നടത്തി. രൂപതയിലെ വിവിധ ഇടവകകളിൽ അംഗത്വ സ്വീകരണവും യുവജന സംഗമങ്ങളും നടന്നു.

## അറിയിപ്പുകൾ

### 1. റീജിയണൽ യൂത്ത് കൺവെൻഷൻ

### സോൺ ബി

പെരിന്തൽമണ്ണ, മലപ്പുറം, കരുവാരക്കുണ്ട് ഫൊറോനകൾ ഉൾപ്പെടുന്ന സോൺ ബി റീജിയണൽ യൂത്ത് കൺവെൻഷൻ ഓഗസ്റ്റ് 5 വെള്ളിയാഴ്ച വൈകുന്നേരം 5 മുതൽ 8 തിങ്കൾ വൈകിട്ട് നാലു വരെ പുത്തനങ്ങാടി, സെന്റ് മേരീസ് കോളേജിൽ വച്ച് നടത്തുന്നു. നാല് ദിവസത്തെ യുവജന കൺവെൻഷനിൽ 300 ഓളം യുവജനങ്ങളെ പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചൻമാർ കൺവെൻഷൻ സംബന്ധിക്കുന്ന വിവരങ്ങൾ പള്ളികളിൽ അറിയിക്കുമല്ലോ. മൂന്ന് മേഖലയിലെയും ഓരോ ഇടവകയിൽ നിന്നും 10 യുവജനങ്ങളെ കൺവെൻഷനിലേക്ക് തെരഞ്ഞെടുത്ത് അയക്കണം എന്ന് അഭ്യർത്ഥിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 500 രൂപ ആയിരിക്കും. 15 നും 30 നും ഇടയിലുള്ള യുവജനങ്ങൾക്കാണ് കൺവെൻഷനിൽ പങ്കെടുക്കാൻ അനുവാദം ഉള്ളത്. പത്ത്, പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളെ കൺവെൻഷനിൽ പറഞ്ഞയക്കാവുന്നതാണ്.

പെരിന്തൽമണ്ണ ഫൊറോനയിൽ നിന്നും കൂടുതൽ യുവജനങ്ങളെ കൺവെൻഷനിൽ ഉൾപ്പെടുത്താവുന്നതാണ്. പുറമേയുള്ള രൂപതകളിൽ നിന്നായി പെരിന്തൽമണ്ണ ഭാഗത്ത് സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും പ്രത്യേക അനുമതിയോടുകൂടി കൺവെൻഷനിൽ പങ്കെടുക്കാവുന്നതാണ്.

**2. റീജിയണൽ കൺവെൻഷൻ സോൺ സി**

തിരുവമ്പാടി, കോടഞ്ചേരി, തോട്ടുമുക്കം, താമരശ്ശേരി, പാറോപ്പടി ഫൊറോനകളിലെ 72 ഇടവകകളിൽ നിന്നുള്ള യുവജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സോൺ സി യുവജന കൺവെൻഷൻ സെപ്റ്റംബർ 2 വെള്ളിയാഴ്ച മുതൽ 5 തിങ്കളാഴ്ച വരെ, ബഥാനിയ റന്യൂവൽ സെന്ററിൽ വച്ച് നടത്തുന്നു. ഈ മേഖലകളിലെ വികാരിയച്ചൻമാർക്ക് രജിസ്ട്രേഷൻ ഫോമുകൾ എത്രയും വേഗം എത്തിച്ചു തരുന്നതാണ്. ഓഗസ്റ്റ് 15 ന് മുമ്പായി രജിസ്ട്രേഷൻ പൂർത്തിയാക്കി മേഖലകളിലേക്ക് കൈമാറുമല്ലോ. മേൽപ്പറഞ്ഞ നിബന്ധനകൾ എല്ലാം ഈ കൺവെൻഷനിലും തുടരുന്നതായിരിക്കും.

**3. രൂപത അർദ്ധ വാർഷിക സെനറ്റ് യോഗം**

കെസിവൈഎം താമരശ്ശേരി രൂപത അർദ്ധ വാർഷിക സെനറ്റ് യോഗം ഓഗസ്റ്റ് 18 വ്യാഴാഴ്ച രൂപത ഭവനിൽ വച്ച് നടത്തപ്പെടുന്നു. മേഖല ഭാരവാഹികൾ എല്ലാവരും പ്രസ്തുത യോഗത്തിൽ സംബന്ധിക്കുകയും മേഖല റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും ചെയ്യേണ്ടതാണ്.

**4. ന്യൂസ് പേപ്പർ കളക്ഷൻ**

രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമായി യുവജന ഞായറിനോട് അനുബന്ധിച്ച് പഴയ ന്യൂസ് പേപ്പർ കളക്ട് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നു. ഈ മാസം അവസാനത്തോടുകൂടി കളക്ഷൻ പൂർത്തിയാക്കുമല്ലോ. ഒരു വീടിന് ഒന്നര കിലോ എന്ന നിരക്കിൽ യൂണിറ്റുകളിൽ നിന്നും പത്രം രൂപത മേഖല സമതികളിലേക്ക് കൈ മാറേണ്ടതാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും സമിതി അംഗങ്ങളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. കൺവെൻഷനുമായി ബന്ധപ്പെട്ട ചിലവുകൾ കണ്ടെത്തുന്നതിനാണ് ഈ ഉദ്യമം ചെയ്യുന്നത്.

**5. അംഗത്വ സ്വീകരണ ഫീസ്**

ഈ വർഷം സംഘടനയിലേക്ക് അംഗത്വം സ്വീകരിച്ച യുവജനങ്ങളിൽ നിന്ന് 20 രൂപ അംഗത്വ ഫീസ് സ്വീകരിച്ച് 10 രൂപ രൂപതയിലേക്ക് കൈമാറേണ്ടതാണ്. സജീവ അംഗങ്ങളിൽ നിന്നും 50 രൂപ അംഗത്വ ഫീസ് സ്വീകരിച്ച് 20 രൂപ, രൂപത സമിതിക്ക് കൈമാറേണ്ടതുമാണ്. പ്രസ്തുത തുകകൾ ഈ മാസം തന്നെ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**6.** സംസ്ഥാന അർദ്ധ വാർഷിക സമ്മേളനം ജൂലൈ 29, 30, 31 തീയതികളിലായി കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനീയറിങ് കോളേജിൽ വച്ച് നടത്തപ്പെടുന്നു.

### 7. മെഡിക്കൽ ക്യാമ്പ്

കെസിവൈഎം എസ്എംവൈഎം താമരശ്ശേരി രൂപതയിലെ തോട്ടുമുക്കം , തിരുവമ്പാടി, കോടഞ്ചേരി, താമരശ്ശേരി മേഖലകളും അഗസ്ത്യാമൂഴി സെന്റ് ജോസഫ് ഹോസ്പിറ്റലും സംയുക്തമായി, വരുന്ന ഒരു വർഷക്കാലം 22 ഓളം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. മേൽപ്പറഞ്ഞ ഫൊറോനകളിൽ വിവിധ ഇടവകകളിലായി അഞ്ച് ക്യാമ്പുകൾ വീതം നടത്തപ്പെടുന്നതായിരിക്കും . മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനം തോട്ടുമുക്കം ഫൊറോനയുടെ ആധിധേയത്വത്തിൽ നടത്തുന്നു. രോഗനിർണയം, വിവിധ ആരോഗ്യ വിഷയങ്ങളെ സംബന്ധിച്ച ക്ലാസുകൾ, സൗജന്യ മരുന്നുകൾ, 10 ദിവസത്തേക്ക് സൗജന്യ കൺസൾട്ടേഷൻ തുടങ്ങി നിരവധി ജനോപകാര സംവിധാനങ്ങളോടുകൂടിയാണ് ക്യാമ്പ് ക്രമീകരിക്കുന്നത്.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

## ജീസസ്സ് യൂത്ത്

ജീസസ്സ് യൂത്ത് കോഴിക്കോട് സോണിൽ വിവിധ മേഖലകളിൽ നിന്നും ഉള്ളവരുടെ ഇടയിൽ ദൈവരാജ്യപ്രഘോഷണം നടത്തുന്നതിനായി ഒട്ടനവധി പരിപാടികൾ സർവീസ് ടീമിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

### കമ്മിറ്റ്മെന്റ് ഡേ

ജീസസ്സ് യൂത്ത് മൂവ്മെന്റിനോട് ഒരു വർഷക്കാലം ചേർന്നുനിന്ന് യേശുവിന്റെ ശബ്ദം ഓരോ വ്യക്തികളിലേയ്ക്കും എത്തിക്കാനായി ചെയ്യുന്ന പ്രതിജ്ഞയാണ് കമ്മിറ്റ്മെന്റ്. പെന്തക്കുസ്ത തിരുനാളിലാണ് കമ്മിറ്റ്മെന്റ് ഡേ നടത്തുന്നത്. യേശുവിന്റെ സ്നേഹം ഓരോ വ്യക്തികളിലേയ്ക്ക് എത്തിക്കാനും ജീസസ്സ് യൂത്ത് പറയുന്ന മാനദണ്ഡങ്ങളായ അനുദിന പ്രാർത്ഥന ചൊല്ലൽ, ഫോർമേഷൻ കോഴ്സുകളിൽ പങ്കാളിയാകൽ, ആറ് സ്ഥായി സ്തൂപങ്ങൾ അനുസരിച്ച്കൊള്ളാമെന്നും ഒരു വർഷത്തേയ്ക്ക് ചെയ്യുന്ന പ്രതിജ്ഞയാണിത്. ഈ വർഷം ജൂൺ 5ന് ആയിരുന്നു; കോഴിക്കോട് മലപ്പുറം ജില്ലകളിലെ വിവിധ മിനിസ്ട്രികളിൽ ഭാഗമായ 175 പേർ കമ്മിറ്റ്മെന്റ് എടുത്ത് പങ്കാളികളായി.

### ഹൗസ് ഹോൾഡ്

കോഴിക്കോട് സോണിൽ 4 ഹൗസ് ഹോൾഡ് കൂട്ടായ്മകളാണ് ഉള്ളത്. ഒരേ പ്രദേശത്തുള്ള കുടുംബങ്ങളുടെ ഒത്തുചേരലാണ് ഹൗസ് ഹോൾഡ്. മാസ

ത്തിൽ ഒരു തവണ നടത്തപ്പെടുന്ന ഹൗസ് ഹോൾഡ് വളരെ ശക്തമായി നടത്തപ്പെടുന്നു. ക്യാമ്പസ് മിനിസ്ട്രി കോളേജുകളിൽ ദൈവസ്നേഹം വർദ്ധിപ്പിക്കുന്നതിനായി തുടങ്ങിയ ക്യാമ്പസ് മിനിസ്ട്രി കോളേജുകൾ തുറന്ന സാഹചര്യത്തിൽ വളരെ ശക്തമായ പ്രയർ ഗ്രൂപ്പുകളുമായി മുന്നോട്ട് പോകുന്നു.

### വൺഡേ പ്രോഗ്രാം

ജീസസ്സ് യൂത്തിന്റെ നേതൃത്വത്തിൽ വൺഡേ പ്രോഗ്രാം D.El.Ed പഠിക്കുന്നവർക്കായി സെന്റ് വിൻസെന്റ് കോളനി TTI യിൽ വച്ച് മെയ് മാസത്തിൽ നടത്തപ്പെട്ടു.

ഹോളിക്രോസിലും സെന്റ് സേവ്യേഴ്സ് കോളേജിലും ക്യാമ്പസ് മിനിസ്ട്രിയുടെ ഭാഗമായി വൺഡേ പ്രോഗ്രാം നടത്തപ്പെട്ടു.

### സ്റ്റഡി ഗ്രൂപ്പ്

ജീസസ്സ് യൂത്തിന്റെ വളർച്ചയ്ക്കുതകുന്ന ഫോർമേഷൻ പ്രോഗ്രാമിന്റെ കാര്യങ്ങൾ ചർച്ചചെയ്യാനും പഠിക്കാനും പ്രാർത്ഥിക്കാനുമായി ആഴ്ച്ചകളിൽ ഒത്തുചേരുന്ന കൂട്ടായ്മയാണ് സ്റ്റഡി ഗ്രൂപ്പ്.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, ജീസസ് യൂത്ത്

## കരിസ്മാറ്റിക് മൂവ്മെന്റ്

21-6-2022 ന് തോട്ടുമുക്കം സബ് സോണിന്റെ പുതിയ സർവ്വീസ് ടീമംഗങ്ങളെ കണ്ടെത്താൻ തോട്ടുമുക്കം ഫൊറോന ദേവാലയത്തിൽ ബഹു. സൈമൺ വള്ളോപ്പിള്ളി അച്ചന്റേയും, ഫൊറോന വികാരി ആന്റോ അച്ചന്റേയും, സബ് സോൺ ആനിമേറ്റർ ഫാ. മെൽബിൻ കുടിയിരിക്കലിന്റെയും അദ്ധ്യക്ഷതയിൽ ചേർന്നു. ബഹു. ആന്റോ അച്ചൻ ആമുഖസന്ദേശത്തിൽ പ്രാർത്ഥന വളരെയേറെ അവശ്യമുള്ള കാലഘട്ടത്തിലൂടെ ആണ് നാം കടന്നുപോകുന്നതെന്നും കോവിഡ് സമ്മാനിച്ച വിശ്വാസ വ്യതിചലനവും, യുവജനങ്ങളിലും, കുട്ടികളിലും, കുടുംബങ്ങളിലും ഉണ്ടായ വിശ്വാസമാന്ദ്യവും നമുക്ക് മറികടക്കേണ്ടിയിരിക്കുന്നു എന്നും ഓർമ്മിപ്പിച്ചു. പുതിയ കോർഡിനേറ്റർ ആയി ജോസ് കിരിപ്പടവിനെ തിരഞ്ഞെടുത്തു.

24-6-2022 ന് കോടഞ്ചേരി പാരിഷ് ഹാളിൽ ബഹു. സൈമൺ അച്ചന്റേയും, ബഹു. കുര്യാക്കോസ് ഐക്കുളമ്പിൽ അച്ചന്റേയും നേതൃത്വത്തിൽ നടന്നു. സബ്

സോൺ സർവ്വീസ് ടീമംഗങ്ങളെയും, കോർഡിനേറ്ററായി സെബാസ്റ്റ്യൻ വാമറ്റത്തിലിനേയും തിരഞ്ഞെടുത്തു. 24-6-2022 ന് മഞ്ചേരി സെന്റ് ജോസഫ് ദേവാലയത്തിൽ സോണൽ ആനിമേറ്റർ സൈമണച്ചന്റെ നേതൃത്വത്തിൽ പുതിയ സർവ്വീസ് ടീമംഗങ്ങളെ തിരഞ്ഞെടുത്തു. കോർഡിനേറ്ററായി ഷാജി അരിക്കത്തിലിനെ തിരഞ്ഞെടുത്തു.

30.6.22 ന് തിരുവമ്പാടി സബ് സോണിന്റെ തിരഞ്ഞെടുപ്പ് തിരുവമ്പാടി സേക്രട്ട്ഹാർട്ട് ദേവാലയത്തിൽ സൈമണച്ചന്റെ നേതൃത്വത്തിൽ നടന്നു. പുതിയ സർവ്വീസ് ടീമംഗങ്ങളെ തിരഞ്ഞെടുത്തു. കോർഡിനേറ്ററായി മത്തായി, അറക്കപറമ്പിൽ തെരഞ്ഞെടുക്കപ്പെട്ടു.

30.6.2022 ന് കാളികാവ് ഇടവകയിൽ യുവജനങ്ങൾക്കായി ഏകദിനകൂട്ടായ്മ നടന്നു. കൂട്ടായ്മക്ക് നേതൃത്വം നൽകിയത് ബെന്നി കറുകമാലിലും, ഷാജി അരിക്കത്തിലുമാണ്. കൂട്ടായ്മ വളരെ അനുഗ്രഹപ്രദമായിരുന്നു. 1-7-2022 ന് മരുതോങ്കര ഫൊറോന ദേവാലയത്തിൽ സബ്സോൺ സർവ്വീസ് ടീമംഗങ്ങളെ കണ്ടെത്താൻ ഒരുമിച്ചുകൂടി ബഹു. ജോജുകുട്ടിയച്ചനും, സൈമണച്ചനും നേതൃത്വം നൽകി. കോർഡിനേറ്ററായി ജോഷി വെട്ടിക്കലിനെ തിരഞ്ഞെടുത്തു. 2.7.22 ന് പെരിന്തൽമണ്ണ അൽഫോൻസാ പള്ളിയിൽ ഒരുമിച്ചുകൂട്ടി സബ്സോൺ സർവ്വീസ് ടീമംഗങ്ങളെ തിരഞ്ഞെടുത്തു. കോർഡിനേറ്ററായി പൗലോസ് ചീരംകുന്നേൽ തെരഞ്ഞെടുക്കപ്പെട്ടു.

3-7-22 ന് ഓൺലൈനായി സബ്സോൺ സർവ്വീസ് ടീമംഗങ്ങളുടെയും സോണൽ സർവ്വീസ് ടീമംഗങ്ങളും ഒരുമിച്ചുകൂടി. 13,14, ജൂലൈയിൽ നടക്കുന്ന സബ്സോൺ സർവ്വീസ് ടീമംഗങ്ങൾക്കായുള്ള ട്രെയിനിംഗ് പ്രോഗ്രാം വിലയിരുത്തുകയും, എല്ലാ തെരഞ്ഞെടുക്കപ്പെട്ടവരും പങ്കെടുക്കേണ്ടതാണെന്നും ഓർമ്മിപ്പിച്ചു.

13, 14 ജൂലൈയിൽ പി.എം.ഒ.സി. യിൽ വച്ച് നടന്ന ട്രെയിനിംഗ് പ്രോഗ്രാമിന് കെസിഎസ്സി കോർഡിനേറ്ററും, ടീമഗങ്ങളും നേതൃത്വം നൽകി. മുന്നിൽ നിന്ന് സഭയെ നയിക്കാനും വിശ്വാസത്തിൽ വളരാനും, വളർത്താനും നമുക്ക് സാധിക്കട്ടെ എന്ന് ഓർമ്മപ്പെടുത്തി. പങ്കെടുത്ത എല്ലാവർക്കുംവേണ്ടി ബഹു. സൈമണച്ചനും ബഹു. ജോസഫ് താമരവെള്ളി അച്ചനും അഭിഷേക പ്രാർത്ഥന നടത്തി.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

ജൂൺ 11-ാം തീയതി ശനിയാഴ്ച തിരുവമ്പാടി സ്നേഹാലയത്തിൽ വച്ച് രൂപതാ തലത്തിൽ മീറ്റിംഗ് ചേരുകയുണ്ടായി. തിരുവമ്പാടി ഫൊറോനാ വികാരിയും, സംഘടനയുടെ ആദ്ധ്യാത്മിക ഉപദേഷ്ഠാവുമായ പെരിയ ബഹുമാനപ്പെട്ട തോമസ് താഴപറമ്പിലച്ചൻ മുഴുവൻ സമയവും യോഗത്തിൽ പങ്കെടുത്തു.

സി.സി യുടെ വാർഷിക സമ്മേളനത്തെക്കുറിച്ച് എല്ലാവരും അഭിപ്രായങ്ങൾ പങ്കുവെച്ചു. സംഘടനയിൽ 25 വർഷം പൂർത്തിയാക്കിയ വനിതകളെ പ്രത്യേകം ആദരിച്ചത് വലിയ ഉണർവ്വ് വനിതാ കോൺഫറൻസുകളിൽ ഉണ്ടായതായി അറിയിച്ചു. പ്രത്യേകിച്ച് രൂപതാ അധ്യക്ഷൻ തന്നെ നേരിട്ട് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തത് എല്ലാവർക്കും വലിയ സന്തോഷത്തിന് കാരണമായി എന്നും അറിയിച്ചു. മാതൃവേദി, കെ.സി.വൈ.എം എന്നീ സംഘടനകളെ പ്രതിനിധീകരിച്ച് പ്രസിഡന്റുമാർ വാർഷിക യോഗത്തിൽ സംബന്ധിച്ചത് നല്ല കീഴ്വഴക്കമായിരുന്നു എന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

ഏകദേശം രണ്ടര കോടിയുടെ സാധുസംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചതിൽ അഭിവന്ദ്യപിതാവ് വലിയ സന്തോഷം പ്രകടിപ്പിച്ചത് അംഗങ്ങൾ പ്രത്യേകം എടുത്തുപറയുകയുണ്ടായി. ഏരിയ കൗൺസിലുകളിൽ നിന്ന് പങ്കെടുത്ത പ്രസിഡന്റുമാർ ഫൊറോനാ തലത്തിൽ പ്രവർത്തിക്കുന്ന കോൺഫ്രൻസുകളെക്കുറിച്ച് റിപ്പോർട്ടു ചെയ്തു. കോവിഡിനുശേഷമുള്ള പ്രവർത്തനങ്ങൾ വീണ്ടും സജീവമായി തുടങ്ങിയതായി ബന്ധപ്പെട്ടവർ റിപ്പോർട്ടു ചെയ്തു. ജൂൺ 18-ാം തീയതി സി.സി പ്രസിഡന്റ് തിരുവമ്പാടി ഏരിയ കൗൺസിലിലെ മുഴുവൻ കോൺഫ്രൻസുകളും സന്ദർശിക്കുകയുണ്ടായി.

സ്നേഹാലയത്തിൽ പുതിയതായി പണികഴിപ്പിച്ച വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ പ്രതിമ ബഹു. തോമസ് നാഗാപറമ്പിലച്ചൻ വെഞ്ചിരിച്ച് സമൂഹത്തിന് സമർപ്പിച്ചു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1പത്രോ. 2:24).

ജൂലൈ മാസം ബഥാനിയ ധ്യാനകേന്ദ്രത്തിന് അനുഗ്രഹത്തിന്റെയും അഭിഷേകത്തിന്റെയും ദിവസങ്ങളായിരുന്നു. വിവിധ ശുശ്രൂഷകളിലൂടെ അനേകം മക്കൾക്ക് ആശ്വാസത്തിനും സൗഖ്യത്തിനും ബഥാനിയ കാരണമായി.

### താമരശ്ശേരി രൂപതാ വൈദികരുടെ ധ്യാനം

രണ്ട് വർഷത്തെ ഇടവേളക്ക് ശേഷം ജൂലൈ 3 മുതൽ 8 വരെയും ജൂലൈ 10 മുതൽ 15 വരെയും രണ്ട് ബാച്ചുകളിലായി രൂപതയിലെ മുഴുവൻ വൈദികർ വചന ശക്തിയാലും പരിശുദ്ധാത്മ അഭിഷേകത്താലും നിറഞ്ഞവരായി ശുശ്രൂഷ സ്ഥലങ്ങളിലേക്ക് തിരികെ പോയി. ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായ മെത്രാൻ മാർ തോമസ് പിതാവ് വൈദികരുടെ ധ്യാനത്തിന് നേതൃത്വം നൽകി.

### ജീവിത വിശുദ്ധീകരണ ധ്യാനം

ജൂലൈ 22 മുതൽ 25 വരെയുള്ള തീയതികളിലായി ജീവിത വിശുദ്ധീകരണ ധ്യാനം നടത്തപ്പെട്ടു. ദൈവസന്നിധിയിലിരുന്ന് തിരുവചനത്തിന്റെയും സഭാപഠനങ്ങളുടെയും വെളിച്ചത്തിൽ ജീവിതത്തെ വിലയിരുത്താനും ജീവിതം നവീകരിക്കാനും ഈ ധ്യാനത്തിലൂടെ അനേക മക്കൾക്ക് സാധിച്ചു. ധ്യാനത്തിന് ബഥാനിയ ടീം നേതൃത്വം നൽകി.

### ഏകദിന കൺവെൻഷൻ

ജൂലൈ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടത്തപ്പെട്ടു. ബഥാനിയായിൽ നടത്തപ്പെട്ട ധ്യാനങ്ങളിൽ പങ്കെടുത്ത് അഭിഷേകത്താൽ നിറഞ്ഞവർക്ക് വീണ്ടും ജീവിത നവീകരണത്തിനുള്ള അവസരമാണ് വെള്ളിയാഴ്ച ശുശ്രൂഷകളിലൂടെ ലക്ഷ്യം വയ്ക്കുന്നത്. അനേക കണക്കിന് ദൈവമക്കൾക്ക് ആത്മാഭിഷേകത്തിന് വെള്ളിയാഴ്ച ശുശ്രൂഷ കാരണമാകുന്നു. രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ശുശ്രൂഷയിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യശുശ്രൂഷ, വിടുതൽ ശുശ്രൂഷ, വി. കുർബ്ബാന, കുമ്പസാരം, സ്പിരിച്ച്വൽ ഷെയറിങ്ങ് എന്നിവ നടത്തപ്പെടുന്നു. ഉച്ചകഴിഞ്ഞ് 2 മണിക്ക് നേർച്ച ഭക്ഷണത്തോടെ ശുശ്രൂഷകൾ സമാപിക്കുന്നു.

### അഖണ്ഡ ജപമാല സമർപ്പണം 2022

101 ദിനരാത്രങ്ങൾ (2424 മണിക്കൂർ) ഇടതടവില്ലാതെ ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന ഈ വലിയ ശുശ്രൂഷകൾക്ക് ജൂലൈ 20-ാം തീയതി ആരംഭിച്ചു. ലോകസമാധാനം, കുടുംബ വിശുദ്ധീകരണം എന്നീ രണ്ട് നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ട് അഖണ്ഡജപമാല നടത്തുന്നത്. ജൂലൈ 20-ാം തീയതി രാവിലെ 10.30 ന് അർപ്പിച്ച വി. കുർബ്ബാനക്കും വചന സന്ദേശത്തിനും അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. നിരവധി വൈദികരും, സിസ്റ്റേഴ്സും, ദൈവജനവും തദവസരത്തിൽ സന്നിഹിതരായിരുന്നു. അഖണ്ഡജപമാല ദിവസങ്ങളിൽ ഞായർ ഒഴികെ എല്ലാദിവസങ്ങളിലും രാവിലെ 6 മണിക്കും, ഉച്ചക്ക് 12 മണിക്കും വൈകിട്ട് 7 മണിക്കും വി. കുർബാന ഉണ്ടായിരിക്കും. എല്ലാ ദിവസവും ഉച്ചക്കും രാത്രിക്കും നേർച്ച ഭക്ഷണം നൽകുന്നു. 12 മണിക്കുള്ള ദിവ്യബലിയോടനുബന്ധിച്ച് വചന പ്രഘോഷണവും രോഗശാന്തി ശുശ്രൂഷയും ഉണ്ടായിരിക്കും എല്ലാ ദിവസവും വി. കുമ്പസാരത്തിനും കൗൺസിലിംഗിനും ഉള്ള സൗകര്യങ്ങളും ക്രമീകരിച്ചിരിക്കുന്നു. എല്ലാ ദിവസവും ഉച്ചകഴിഞ്ഞ് 3 മണിക്ക് വെളുപ്പിന് 3 മണിക്കും കരുണകൊന്തയും കുരിശിന്റെ വഴിയും നടത്തപ്പെടുന്നു.

### ആവേ മരിയ ഹാൾ വെഞ്ചരിപ്പും തിരുശേഷിപ്പ് പ്രതിഷ്ഠയും

ബഥാനിയ ധ്യാന കേന്ദ്രത്തിൽ പുനർനിർമ്മിച്ച ആവേ മരിയ ഹാളിന്റെയും തിരുശേഷിപ്പ് ചാപ്പലിന്റെയും വെഞ്ചരിപ്പും തിരുശേഷിപ്പ് പ്രതിഷ്ഠയും ജൂലൈ 20-ാം തീയതി അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവ്വഹിച്ചു. 2500 ൽ അധികം ആളുകൾക്ക് ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കാനുള്ള സൗകര്യം പുനർനിർമ്മിച്ച ഹാളിനുണ്ട്. കോവിഡ് 19 മഹാമാരിയുടെ കാലത്തും ഹാളിന്റെ നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചത് ദൈവത്തിന്റെ പ്രത്യക പദ്ധതിയായി കാണുന്നു.

### ആഗസ്റ്റ് മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 01 തിങ്കൾ | - | 15 നോമ്പാരംഭം |
| 05 ആദ്യവെള്ളി | - | ഏകദിന കൺവെൻഷൻ |
| 12 വെള്ളി | - | ഏകദിന കൺവെൻഷൻ<br>ജീവിത വിശുദ്ധീകരണ ധ്യാനം (12-15) |
| 15 തിങ്കൾ | - | മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ |
| 19 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 26 വെള്ളി | - | ഏകദിന കൺവെൻഷൻ<br>ജീവിത വിശുദ്ധീകരണ ധ്യാനം (26-29) |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസനവേദി

## പരിസ്ഥിതി ദിനാചരണം

ചക്കിട്ടപ്പാറ ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം മുതുകാട് ക്രിസ്തുരാജ ദേവാലയ പാരിഷ് ഹാളിൽ വച്ചു നടത്തി. മുതുകാട് ഇടവക വികാരി ഫാ. ജെയിംസ് വാളിമലയിൽ പരിപാടി ഉദ്ഘാടനം നിർവഹിച്ചു. മാലിന്യ നിർമ്മാർജ്ജനത്തെക്കുറിച്ചു ക്ലാസ് എടുത്തു. എല്ലാ സ്വാശ്രയ അംഗങ്ങൾക്കും തുണിസഞ്ചി വിതരണം നടത്തി. ബ്ലോക്ക് മെമ്പർ ഷൈല ജെയിംസ്, കോ-ഓർഡിനേറ്റർ ഷാജി പോൾ, GVS പ്രസിഡന്റ് മോളി ബാബു എന്നിവർ പ്രസംഗിച്ചു.

അങ്ങാടിപ്പുറം, ചീരട്ടാമല, വെള്ളിമല, ആനക്കയം, പാലൂർക്കോട്ട എന്നീ ഗ്രാമവികസന സമിതികൾ (GVS) പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി ഫലവൃക്ഷതൈകൾ, പച്ച മരുന്നുചെടികൾ, പച്ചക്കറി വിത്തുകൾ എന്നിവ വിതരണം ചെയ്തു. GVS തലത്തിൽ നടന്ന പരിപാടികൾക്ക് ഭരണ സമിതി അംഗങ്ങൾ നേതൃത്വം നൽകി.

കാറ്റുള്ളമല മഹിളാ സമാജത്തിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി പരിസരശുചീകരണവും, സെമിനാറും നടത്തി. സമാജത്തിന്റെ ഭാരവാഹികൾ പരിപാടിക്കു നേതൃത്വം നൽകി. കക്കയം, കാരിയാത്തുംപാറ എന്നീ MCC കൾ സംഘത്തിലെ അംഗങ്ങളുടെ സഹകരണത്തോടെ പരിസ്ഥിതി ദിനാചരണവും, വൃക്ഷതൈ വിതരണവും നടത്തി.

വെറ്റിലപ്പാറ ഗ്രാമവികസന സമിതി പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി സ്വാശ്രയ സംഘങ്ങളിലെ അംഗങ്ങൾക്ക് ഫലവൃക്ഷ തൈകൾ വിതരണം ചെയ്തു . GVS പ്രസിഡന്റ് മേഴ്സി ജെയിംസ്, സെക്രട്ടറി കത്രീന തോമസ് എന്നിവർ പ്രസംഗിച്ചു.

വിലങ്ങാട് ഗ്രാമവികസനസമിതി, മഞ്ഞക്കുന്ന് MCC ഇവയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണവും ബോധവൽക്കരണ ക്ലാസ്സും നടത്തി.

## രക്തദാന ദിനാചരണം

കോടഞ്ചേരി ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ രക്തദാന ദിനാചരണം നടത്തി. COD പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ.സി രക്തദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു ക്ലാസ് എടുത്തു. രക്തം ദാനം ചെയ്യാൻ സന്നദ്ധരായവരുടെ ലിസ്റ്റ് തയ്യാറാക്കി GVS ൽ സൂക്ഷിക്കാൻ തീരുമാനിച്ചു. റോസമ്മ ജോസഫ്, സോളി ബെന്നി എന്നിവർ പ്രസംഗിച്ചു.

പുതുപ്പാടി ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ രക്ത ദാന ബോധവൽക്കരണ സെമിനാർ നടത്തി. പുതുപ്പാടി കുടുംബാ രോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ കെ. ജയരാജൻ രക്ത ദാനത്തിന്റെ മഹത്വത്തെക്കുറിച്ചു ക്ലാസ് എടുത്തു. രക്തംദാനം ചെയ്യു ന്നതു വഴി ഉണ്ടാകുന്ന ശാരീരിക, മാനസിക ആരോഗ്യത്തെക്കുറിച്ചു സംസാരിച്ചു. GVS പ്രസിഡന്റ് സവിത, ത്രേസിയാമ്മ തോമസ് എന്നിവർ പ്രസംഗിച്ചു.

### ജീവിത ശൈലി രോഗനിർണ്ണയ ക്യാമ്പും, സെമിനാറും

തോട്ടുംമുഴി MCC യുടെ നേതൃത്വത്തിൽ മഴക്കാല രോഗങ്ങളെക്കുറിച്ചു ക്ലാസും, പ്രഷർ, പ്രമേഹം എന്നിവയുടെ പരിശോധനയും നടത്തി. മുറമ്പാത്തി J.H.I സി. അനിത ക്ലാസിനു നേതൃത്വം നൽകി. ആശാവർക്കർ ഉഷ, ലീല ഭാസ്കരൻ എന്നിവർ സംസാരിച്ചു.

### ജല ജീവൻ മിഷൻ - അംഗനവാടി ബോധവത്കരണം

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ കുളിരാമുട്ടി, പൂവാറംതോട്, മഞ്ഞക്കടവ് അംഗനവാടികളിലെ കുട്ടികൾക്കും, രക്ഷിതാക്കൾക്കും, അംഗനവാടി ജീവനക്കാർക്കും വേണ്ടി കുളിരാമുട്ടി അങ്കണവാടിയിൽ ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള ബോധവത് കരണ പരിപാടി വാർഡ് മെമ്പർ ശ്രീമതി ബോബി ഷിബു ഉദ്ഘാടനം ചെയ്തു. അംഗനവാടി ടീച്ചർ ശ്രീമതി പങ്കജവല്ലി സ്വാഗതം ആശംസിച്ചു. തുടർന്ന് ജലജന്യ രോഗങ്ങളെക്കുറിച്ചു കൂടരഞ്ഞി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ JHI ശ്രീ. ആദിഷ് ക്ലാസ് എടുത്തു. JJM ടീം ലീഡർ ക്രിസ്റ്റീന കുര്യാക്കോസ് പദ്ധതി വിശദീകരണം നടത്തി. കൂടരഞ്ഞി പഞ്ചായത്തു ഹാളിൽ നടന്ന പരിപാടിയിൽ വൈസ് പ്രസിഡന്റ് ശ്രീമതി മേരി തങ്കച്ചൻ ഉദ്ഘാടനം ചെയ്തു. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പേഴ്സൺ ശ്രീമതി റോസിലി ജോസ് അധ്യക്ഷ പ്രസംഗം നടത്തി. കൂടരഞ്ഞി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ JHI ശ്രീ. സന്ദീപ് ജലജന്യ രോഗങ്ങളെക്കുറിച്ചു ക്ലാസ് എടുത്തു. JJM ടീം ലീഡർ ക്രിസ്റ്റീന കുര്യാക്കോസ് പദ്ധതി വിശദീകരണം നടത്തി. COD ISA പ്രതിനിധികൾ റെനി സാബു, ജ്യോതിസ് ജോസ് എന്നിവർ പങ്കെടുത്തു.

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ ആനിക്കാംപൊയിൽ, മരക്കാട്ടുപുറം അംഗനവാടികളിൽ SHG ഓറിയെന്റേഷനും, ബോധവത്കരണ ക്ലാസ്സും സംഘടിപ്പിച്ചു. ജെജെഎം ടീം ലീഡർ റെനി സാബുവിന്റെ നേതൃത്വത്തിൽ നടന്ന പരിപാടി വൈസ് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. JHI സുനീർ, JHI മുസ്തഫ എന്നിവർ ക്ലാസ് എടുത്തു. ടീം ലീഡർ റെനി സാബു പദ്ധതി വിശദീകരണം നടത്തി. COD ISA പ്രതിനിധി ക്രിസ്റ്റീന കുര്യാക്കോസ്, അംഗൻവാടി കുട്ടികൾ , രക്ഷിതാക്കൾ, ജീവനക്കാർ എന്നിവർ പങ്കെടുത്തു.

ഓമശ്ശേരി പഞ്ചായത്തു JJM ടീം ലീഡർ ജ്യോതിസ് ജോസിന്റെ നേതൃത ്വത്തിൽ 3 ക്ലസ്റ്ററുകളായി നടത്തിയ പരിപാടിയുടെ ഒന്നാം ഘട്ടം ബഹു. ഓമശ്ശേരി പഞ്ചായത് പ്രസിഡന്റ് ശ്രീ. പി അബ്ദുൾ നാസർ ഉദ്ഘാടനം ചെയ്തു . JHI ശ്രീ. ജോൺസൻ ഫിലിപ്പോസും, ജൽ ജീവൻ മിഷൻ പദ്ധതിയെ കുറിച്ച് ടീം ലീഡറും ക്ലാസ്സ് എടുത്തു. അമ്മമാരുടെയും ടീച്ചർമാരുടെയും സംശയങ്ങൾക്കു മറുപടി നൽകുകയും ചെയ്തു. രണ്ടാംഘട്ടം ഓമശ്ശേരി പഞ്ചായത്ത് ഹാളിൽ വെച്ച് നടന്നു. ഓമശ്ശേരി പഞ്ചായത്ത് വൈസ് പ്രസിഡന്റ്,മെമ്പർമാർ എന്നിവർ പങ്കെടുത്തു. ഓമശ്ശേരി പഞ്ചായത്തിൽ മൂന്നാം ഘട്ടത്തിൽ അമ്മമാരും അംഗൻവാടി ടീച്ചർമാരും ഐ സി ഡി എസ് സൂപ്പർവൈസർ, മെമ്പർമാർ എന്നിവർ പങ്കെടുത്തു.

കിഴക്കോത്തു ഗ്രാമപഞ്ചായത്തു JJM ടീം ലീഡർ ഷാദിയ പി. യുടെ നേതൃത്വത്തിൽ പഞ്ചായത്ത് ഹാളിൽ വെച്ച് SHG ഓറിയന്റേഷൻ സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് പി പി നസ്റിൻ ഉദ്ഘാടനം ചെയ്തു. ടീം ലീഡർ ജൽ ജീവൻ മിഷൻ പദ്ധതിയെക്കുറിച്ചും വിശദീകരിച്ചു. CDS സൂപ്പർവൈസർ, ADS മെമ്പേഴ്സ് പരിപാടിയിൽ പങ്കെടുത്തു.

### സ്കൂൾ തല മത്സരങ്ങൾ

കൂടരഞ്ഞി ഗ്രാമപഞ്ചായത്തു JJM ടീം ലീഡർ ക്രിസ്റ്റീന കുര്യാക്കോസിന്റെ നേതൃത്വത്തിൽ സെന്റ് മേരീസ് ഹൈസ്കൂൾ കക്കാടം പൊയിൽ, കൂടരഞ്ഞി ഫാത്തിമാബീ മെമ്മോറിയൽ ഹയർ സെക്കണ്ടറിസ്കൂൾ, പുഷ്പഗിരി ലിറ്റിൽ ഫ്ളവർ U.P സ്കൂൾ എന്നിവിടങ്ങളിൽ ഉപന്യാസ രചന മത്സരവും (വിഷയം: ജലമലിനീകരണവും ജലജന്യ രോഗങ്ങളും) ക്വിസ് മത്സരം, ചിത്രരചനാ മത്സരം, കാർട്ടൂൺ രചന മത്സരം, പോസ്റ്റർ നിർമ്മാണവും സംഘടിപ്പിച്ചു മത്സര വിജയികൾക്ക് സമ്മാനദാനം നടത്തി.

തിരുവമ്പാടി ഗ്രാമപഞ്ചായത്തു JJM ടീം ലീഡർ റെനി സാബുവിന്റെ നേതൃത്വത്തിൽ ആനിക്കാംപൊയിൽ സെന്റ് മേരീസ് U.P സ്കൂൾ, തിരുവമ്പാടി സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ എന്നിവിടങ്ങളിൽ ഉപന്യാസ മത്സരം, ചിത്ര രചന മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകി.

ഓമശ്ശേരി പഞ്ചായത്തു JJM ടീം ലീഡർ ജ്യോതിസ് ജോസിന്റെ നേതൃത്വത്തിൽ വേനപ്പാറ ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിൽ, വെളിമണ്ണ ഗവണ്മെന്റ് യൂ പി സ്കൂളിൽ, പുത്തൂർ യു പി സ്കൂളിൽ ക്വിസ്, ചിത്രരചന, കഥാരചന, ഉപന്യാസ രചന, കവിത രചന മത്സരം സംഘടിപ്പിച്ചു. ടീം ലീഡർ ജൽ ജീവൻ പദ്ധതിയെപറ്റി വിശദീകരിച്ചു. വിജയികളായ കുട്ടികൾക്ക് സമ്മാനം നൽകി അനുമോദിച്ചു.

കിഴക്കോത്തു ഗ്രാമപഞ്ചായത്തു JJM ടീം ലീഡർ ഷാദിയ. പി യുടെ നേതൃത്വത്തിൽ പന്നൂർ സ്കൂൾ, M J, എളേറ്റിൽ GMUPS എന്നിവിടങ്ങളിൽ വെച്ച് സ്കൂൾ ബോധവൽക്കരണം സംഘടിപ്പിച്ചു. പരിപാടികളിൽ വിനോദ് (JHI),

സുധ (JHI) ജല ജന്യ രോഗങ്ങളെ കുറിച്ച് ക്ലാസ് എടുത്തു. ആൽബിൻ ടോമി, ഷാദിയ എന്നിവർ ജൽ ജീവൻ കുറിച്ച് വിശദീകരിച്ചു കൊടുത്തു.

### വാട്ടർ റിസോഴ്സ് മാപ്പിങ്

കിഴക്കോത്തു ഗ്രാമപഞ്ചായത്തു JJM ടീം ലീഡർ ഷാദിയ. പി യുടെ നേതൃത്വത്തിൽ പന്നൂർ സ്കൂളിൽ വെച്ച് PRA, വാട്ടർ റിസോഴ്സ് മാപ്പിങ് ഉം സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് പി. പി നസ്റിൻ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ,വൈസ് പ്രസിഡന്റ്, 17 വാർഡ് മെമ്പേഴ്സും കൂടാതെ ഓരോ വാർഡിൽ നിന്നും പരിജയ സമ്പന്നരായ ഒരാളും പരിപാടിയിൽ പങ്കെടുത്തു. ടീം ലീഡർ PRA (പാർട്ടിസിപ്പട്ടറി റൂറൽ അപ്രസൽ) പങ്കാളിത്ത അധിഷ്ഠിത ഗ്രാമ അവലോകനം വിശദീകരിച്ചു കൊടുത്തു.

ഓമശ്ശേരി പഞ്ചായത്തിൽ ജൽ ജീവൻ മിഷന്റെ നേതൃത്വത്തിൽ വാട്ടർ റിസോഴ്സ് മാപ്പിങ്, PRA സങ്കടിപ്പിച്ചു. 19 വാർഡുകളിൽ നിന്നും വാർഡിനെ പ്രതിനിതീകരിച്ചു ആളുകൾ പങ്കെടുത്തു. എന്താണ് PRA എന്നും അതിന്റെ സവിശേഷതകളെ പറ്റിയും ടീം ലീഡർ വിശദീകരിച്ചു.

### കാവൽ പദ്ധതി

കാവൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാന, ജില്ലാ തലങ്ങളിൽ നിന്നും ഉദ്യോഗസ്ഥർ സന്ദർശനം നടത്തി.

താമരശ്ശേരി: ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ കീഴിൽ സിഒഡി താമരശ്ശേരി നടപ്പിലാക്കുന്ന കാവൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി 29.06.2022 ബുധനാഴ്ച്ച, ശ്രീനിഷ് എസ് അനിൽ, സ്റ്റേറ്റ് കോർഡിനേറ്റർ, ശ്രീമതി ഷൈനി, ഡിസ്ട്രിക്റ്റ്ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ കോഴിക്കോട്, ശ്രീമതി പ്രഷീബ, ലീഗൽ കം പ്രൊബേഷനറി ഓഫീസർ കോഴിക്കോട് എന്നിവർ സന്ദർശനം നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി പദ്ധതിയുടെ കീഴിലുള്ള കുട്ടികളുടെ നിലവിലെ സാഹചര്യങ്ങൾ വിലയിരുത്തുകയും മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർന്നുള്ള മീറ്റിംഗിൽ ഫാ. ബിജോ എബ്രഹാം - ഡയറക്ടർ സി ഒ ഡി, അമൽ - കാവൽ പദ്ധതി കോർഡിനേറ്റർ, അലീന - കാവൽ പദ്ധതി കേസ് വർക്കർ എന്നിവർ പങ്കെടുത്തു.

**ഫാ. ജോർജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി

# യേശുനിധി

21.06.2022 മുതൽ 20.07.2022 വരെ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

## Home

| | | |
|---|---|---|
| 1 | Chamal | 15,000.00 |
| 2 | Chathangottunada | 25,000.00 |
| 3 | Kattullamala | 20,000.00 |
| 4 | Koorachundu | 15,000.00 |
| 5 | Nooramthode | 20,000.00 |
| 6 | Pallorkkothu | 20,000.00 |
| 7 | Pallorkkothu | 20,000.00 |

## Medical

| | | |
|---|---|---|
| 8 | Balussery | 10,000.00 |
| 9 | Chakkittappara | 10,000.00 |
| 10 | Chappanthottam | 10,000.00 |
| 11 | Chempanoda | 10,000.00 |
| 12 | Chempanoda | 15,000.00 |
| 13 | Chempanoda | 10,000.00 |
| 14 | Chippilithode | 10,000.00 |
| 15 | Engapuzha | 10,000.00 |
| 16 | Kakkadampoil | 20,000.00 |
| 17 | Kakkadampoil | 10,000.00 |
| 18 | Karikandanpara | 10,000.00 |
| 19 | Kattipara | 15,000.00 |
| 20 | Koorachundu | 20,000.00 |
| 21 | Koorachundu | 15,000.00 |
| 22 | Kunnamangalam | 8,000.00 |
| 23 | Kuppayakode | 7,000.00 |
| 24 | Manjakunnu | 10,000.00 |
| 25 | Mariapuram | 8,000.00 |
| 26 | Mariapuram | 8,000.00 |
| 27 | Muthukad | 15,000.00 |
| 28 | Thalayad | 10,000.00 |
| 29 | Thazhekode | 15,000.00 |
| 30 | Thottumukkam | 20,000.00 |
| 31 | Vettilappara | 10,000.00 |
| 32 | Vilangad | 10,000.00 |

## Marriage

| | | |
|---|---|---|
| 33 | Theyyappara | 25,000.00 |
| | **Total** | **4,56,000.00** |

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

ജൂലൈ 2022

5-8 ബഥാനിയായിൽ നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു.

08 രാവിലെ, ബഥാനിയായിൽ വാർഷിക ധ്യാനത്തിൽ സംബ ന്ധിച്ച വൈദികർക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, വെറ്റിലപ്പാറ ഇടവക പള്ളിയിൽ സഹോദരൻ അഗസ്റ്റിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് ദിവ്യബലി യർപ്പിച്ചു.

09 രാവിലെ, പി.എം.ഒ.സി.യിൽ മതബോധനകേന്ദ്രം സംഘടിപ്പിച്ച ആമുഖസെമിനാറിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ്സെടുത്തു.

മാനന്തവാടി രൂപതയിലെ നിലമ്പൂർ ഫൊറോന ദൈവാലയ ത്തിൽ ഒരു കുടുംബത്തിലെ ആറാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

ഉച്ചകഴിഞ്ഞ്, കൂരാച്ചുണ്ട് ഇടവക പാരിഷ്ഹാളിൽ മേഖല കുടുംബകൂട്ടായ്മ നേതൃസംഗമം ഉദ്ഘാടനം ചെയ്തു. കുടുംബകൂട്ടായ്മ ആരംഭിക്കുന്ന യൂട്യൂബ് ചാനലിന്റെ സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ചു.

10 രാവിലെ, താമരശ്ശേരി സെന്റ് അൽഫോൻസ മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു.

10-13 പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ നടന്ന വൈദി കരുടെ വാർഷികധ്യാനത്തിൽ സംബന്ധിച്ചു.

13 ഉച്ചകഴിഞ്ഞ്, പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ഹയർസെക്ക ണ്ടറി സ്കൂളിൽ ഉന്നതവിജയം നേടിയ കുട്ടികളെ ആദരിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയും അവർക്കുള്ള ഉപഹാരം വിതരണം ചെയ്യുകയും ചെയ്തു.

14 ഉച്ചകഴിഞ്ഞ്, ചങ്ങനാശ്ശേരി, തോട്ടക്കാട് ഇടവക ഉള്ളാട്ട് ലില്ലിക്കുട്ടി മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

15 തിരുവനന്തപുരം അതിരൂപത മലങ്കര കത്തീഡ്രലിൽ ബിഷപ് ആന്റണി മാർ സിൽവാനോസ്, ബിഷപ് മാത്യൂസ് മാർ പോളി കാർപ്പസ് എന്നിവരുടെ മെത്രാഭിഷേക ചടങ്ങിൽ സംബന്ധിച്ചു.

16 രാവിലെ, കർമ്മലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ചാവറ ഹോസ്പിറ്റൽ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻ സിയുടെ കീഴിലുള്ള സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

കോഴിക്കോട്, പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുന്ന ബഹു. ദേവസ്യ വലിയപറമ്പിൽ, ബഹു. ജോർജ് ആശാരി പറമ്പിൽ എന്നീ വൈദികർക്ക് രോഗീലേപനം നല്കി.

ഉച്ചകഴിഞ്ഞ്, കോടഞ്ചേരി ഇടവകയിൽ പുതുതായി ആരംഭിച്ച ഡിസ്കാർഡ് ഓഫ് കാർമ്മലേറ്റ്സിന്റെ മഠം താൽക്കാലി കമായി വെഞ്ചരിക്കുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

17 മുക്കം ഇടവക ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.

18 രാവിലെ, രൂപതാഭവനിൽ നടന്ന ഉപദേശകസമിതി യോഗ ത്തിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ് രൂപതാഭവിൽ നടന്ന സാമ്പത്തികകാര്യ യോഗത്തിൽ സംബന്ധിച്ചു.

വൈകുന്നേരം, മതബോധന ഉപരിപഠന കോഴ്സിന് നേതൃത്വം നല്കുന്ന അധ്യാപകരുടെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധി ച്ചവരെ അഭിസംബോധന ചെയ്തു.

19 രാവിലെ, രൂപതാഭവനിൽ നടന്ന വൈദികസമിതി സമ്മേളന ത്തിൽ അധ്യക്ഷതവഹിച്ചു.

ഉച്ചകഴിഞ്ഞ്, മേരിക്കുന്ന ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതുതായി നിർമ്മിച്ച കെട്ടിടഭാഗം വെഞ്ചരിച്ചു.

20 രാവിലെ, പുല്ലൂരാംപാറ ബഥാനിയായിൽ ദിവ്യബലിയർപ്പി ക്കുകയും അഖണ്ഡജപമാല സമർപ്പണത്തിന് ആരംഭം കുറിക്കു കയും ചെയ്തു.

ഉച്ചകഴിഞ്ഞ്, ആനക്കാംപൊയിൽ ഇടവകയിൽ പരേതയായ പുതിയപറമ്പിൽ മോനിക്കയുടെ മൃതസംസ്കാര ശുശ്രൂഷ കൾക്ക് നേതൃത്വം നല്കി.

വൈകുന്നേരം, കാറ്റുള്ളമല ഇടവകയിൽ ദിവ്യബലിയർപ്പി ക്കുകയും ഊളേരിയിൽ പുതുതായി പണിത കപ്പേള വെഞ്ചരി ക്കുകയും ചെയ്തു.

21 ഭരണങ്ങാനം വി. അൽഫോൻസ തീർത്ഥാടനകേന്ദ്രത്തിൽ രൂപതാ പ്രതിനിധികളോടൊപ്പം ദിവ്യബലിയർപ്പിച്ചു.

23 തൃശ്ശൂർ പെരിങ്ങോട്ട്കര പള്ളിയിൽ ദിവ്യബലിയർപ്പിച്ചു.

24 രാവിലെ, വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബ ന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, ഊരകം സെന്റ് അൽഫോസ സ്കൂളിന്റെ പുതിയ കെട്ടിടം വെഞ്ചരിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളന ത്തിന് ആധ്യക്ഷ്യം വഹിക്കുകയും ചെയ്തു.

വൈകുന്നേരം, പുത്തനങ്ങാടി സെന്റ് മേരീസ് കോളേജിൽ എസ്.എം.വൈ.എം., കെ.സി.വൈ.എം. മേഖല കൺവെൻഷൻ വാളൻണ്ടേഴ്സ് സമ്മേളനത്തിൽ പങ്കെടുത്തുവരെ അഭിസം ബോധന ചെയ്തു.

25 താമരശ്ശേരിയിൽ ആരംഭിച്ച ഇസാഫ് ബാങ്കിന്റെ പുതിയ ശാഖ ഉദ്ഘടാനം ചെയ്തു.

ഉച്ചയ്ക്ക്, താമരശ്ശേരി ഒയാസിസ് സീനിയർ കെയർ ഹോമിൽ നടന്ന ആദരിക്കൽ ചടങ്ങിൽ സംബന്ധിച്ചു.

പുതുപ്പാടി ഫിലിപ്പ്നേരി സന്യാസിനിഭവനത്തിന്റെ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.




Assumption of Mary
August 15



# The Priesthood and Closeness



## Closeness to God

A priest is called above all to cultivate this closeness, this intimacy with God, and from this relationship, he will be able to draw all the strength needed for his ministry. Our relationship with God is, so to speak, what "grafts" us to him and makes us fruitful. Without a meaningful relationship with the Lord, our ministry will prove fruitless.

## Closeness to the Bishop

Obedience is not a disciplinary attribute but the deepest sign of the bonds uniting us in communion. To obey, in this case obeying the Bishop, means to learn how to listen, to remember that no one "owns" God's will, which must be understood only through discernment.

## Closeness to other priests

It is precisely on the basis of communion with the Bishop that a third form of closeness emerges, the closeness of fraternity. Jesus is present wherever there are brothers and sisters who love one another: "For where two or three are gathered in my name, I am there among them" (Mt 18:20). Fraternity, like obedience, cannot be a moral imposition from without. Fraternity means choosing deliberately to pursue holiness together with others, and not by oneself. As an African proverb, which you know well, says: "If you want to go fast, go alone; if you want to go far, go with others".

## Closeness to people

the proper place of every priest is in the midst of people, in close relationship to others."to be evangelizers of souls, we need to develop a spiritual taste for being close to people's lives and to discover that this is itself a source of greater joy.I am convinced that, for a renewed understanding of the identity of the priesthood, it is important nowadays to be closely involved in people's real lives, to live alongside them, without escape routes.

*(Paul VI Audience Hall on 17 February 2022)*

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
RNI NO. 71212/99 | Date of Publication : 30-07-2022

വി. ജോൺ മരിയ വിയാനി ദിനം - ആഗസ്റ്റ് 4






Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 24, issue 08, August 2022, Pages 76.